33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS


Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 17, 2025 Vol. XXXIII No. 47




BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
• Comprehensive Financial Planning
• Risk Management & Insurance: Life/Disability/Long Term Care/Health/Medicare
• 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
• Professional Investment Management & Guidance
• Business Plans/Employee Benefits/Pension
• Retirement Income/Retirement Savings
• Tax Planning Strategies
• Estate Planning: Trusts/Wills
• Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more...
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB
ACCREDITED BUSINESS
Better Business Bureau

33rd Year of Service 2025

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 തെര. കമ്മീഷനെതിരെ രാഷ്ട്രീയ പാർട്ടികളും
9 16–ാമത് കെസിസിഎൻഎ കൺവൻഷൻ കിക്കോഫ്
10 ആറ് നഗരങ്ങൾ ലക്ഷ്യമിട്ടിരുന്നു
12 വൈദിക മഹാസംഗമത്തിന് തിരശ്ശീല ഉയരുന്നു
27 തെന്നിന്ത്യയുടെ വാനമ്പാടിക്ക് നവതിയുടെ നിറവ്...



ചിക്കാഗോ കെസിഎസ് സംഘടിപ്പിച്ച ക്നാനായ നൈറ്റിനോടനുബന്ധിച്ചു നടത്തപ്പെട്ട 16–ാമത് കെസിസിഎൻഎ കൺവൻഷൻ കിക്കോഫ് ബിനു ആൻഡ് ജിഷ പൂത്തുറയിൽ നിന്നും ഗോൾഡ് സ്പോൺസർഷിപ്പ് സ്വീകരിച്ചുകൊണ്ട് കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ ഉദ്ഘാടനം ചെയ്യുന്നു. കെസിഎസ് പ്രസിഡണ്ട് ജോസ് ആനമല, കെസിസിഎൻഎ ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, എക്സിക്യൂട്ടീവ് വി.പി. സിജു ചെരുവൻകാലായിൽ, ബാബു തൈപ്പറമ്പിൽ, രഞ്ജൻ വട്ടാടികുന്നേൽ, സനീഷ് അറക്കപറമ്പിൽ, ബിനോയി ആൻഡ് ജിജോ പൂത്തുറയിൽ, മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, ഷാജി പള്ളിവീട്ടിൽ, മജു ഓട്ടപ്പള്ളിൽ തുടങ്ങിയവർ സമീപം. (ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ) (9–ാം പേജ് കാണുക)

### ചെങ്കോട്ട സ്ഫോടനം ഭീകരാക്രമണമെന്ന് എൻഐഎ

## ഉമർ നബിയുടെ കൂട്ടാളി പിടിയിലായി

ന്യൂഡൽഹി: ചെങ്കോട്ടയ്ക്കു സമീപം സ്ഫോടനം നടത്തിയ ഉമർ ഉൻ നബി ചാവേർ ആയിരുന്നുവെന്ന് എൻഐഎ സ്ഥിരീകരിച്ചു. ചാവേർ ബോം



അമീർ റാഷിദ് അലി

ബറുടെ സഹായിയെ അറസ്റ്റ് ചെയ്തു എന്ന തലക്കെട്ടോടെ പുറത്തിറക്കിയ വാർത്താക്കുറിപ്പിലാണ് ഉമറിനെ ചാവേർ എന്ന് ദേശീയ അന്വേഷണ ഏജൻസി വിശേഷിപ്പിച്ചിരിക്കുന്നത്.

കേസ് ഏറ്റെടുത്തശേഷം അന്വേഷണപുരോഗതി വ്യക്തമാക്കിക്കൊണ്ടുള്ള എൻഐഎയുടെ ആദ്യ ഔദ്യോഗിക പ്രതികരണമാണിത്. ചാവേർ ഉമർ നബിയുടെ സഹായി കശ്മീർ സ്വദേശി അമീർ റാഷിദ് അലി എന്നയാളെ അറസ്റ്റ് ചെയ്തതായും എൻഐഎ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു. സ്ഫോടനത്തിന് ഉപയോഗിച്ച കാർ ഇയാളുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ഡൽഹി പോലീസിൽനിന്നാണ് അലിയെ എൻഐഎ അറസ്റ്റ് ചെയ്യുന്നത്. കാർ ഇയാളുടെ പേരിൽ ആയതിനാൽ ഡൽഹി പോലീസ് നേരത്തേ അലിയെ കസ്റ്റഡിയിലെടുത്തിരുന്നു.

കാർ വാങ്ങുന്നതിനാണ് ഇയാൾ ഡൽഹിയിലെത്തിയതെന്നും കണ്ടെത്തി. ഇതോടൊപ്പം കാർ ഓടിച്ചത് ഉമർ തന്നെയാണെന്നു ഫോറൻസിക് പരിശോധനയിലൂടെ എൻഐഐ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഉമറുമായി വലിയ തോതിൽ ഭീകരാക്രമണത്തിന് അലി പദ്ധതിയിട്ടതായി അന്വേഷണത്തിൽ കണ്ടെത്തിയതായും എൻഐഎ വ്യക്തമാക്കി. കൂടാതെ, ഉമറിന്റെ പക്കലുണ്ടായിരുന്ന മറ്റൊരു കാറും എൻഐഎ കണ്ടെത്തി പരിശോധന നടത്തി.

സ്ഫോടനവുമായി ബന്ധപ്പെട്ട് പരുക്കേറ്റവർ ഉൾപ്പെടെ ഇതുവരെ 73 സാക്ഷികളെ ചോദ്യംചെയ്തതായും ദേശീയ അന്വേഷണ ഏജൻസി വ്യക്തമാക്കി.

അതിനിടെ, സ്ഫോടനത്തിൽ സംഭവസ്ഥലത്തുനിന്ന് 9 എംഎമ്മിന്റെ രണ്ടു വെടിയുണ്ടകളും ഒരു ഷെല്ലും കണ്ടെത്തിയിരുന്നു. സുരക്ഷാസേനയ്ക്ക് മാത്രം അനുവദിച്ചിരിക്കുന്ന തോക്കിലെ ബുള്ളറ്റ് എങ്ങനെ സംഭവസ്ഥലത്ത് എത്തി എന്നതാണ് അന്വേഷണ സംഘം കണ്ടെത്താൻ ശ്രമിക്കുന്നത്.

(ശേഷം 34–ാം പേജിൽ)

## നിതീഷ് കുമാറിന്റെ സത്യപ്രതിജ്ഞ 20–ന്

പട്ന: ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ മിന്നും ജയം സ്വന്തമാക്കിയ എൻഡിഎ സർക്കാരിനെ വീണ്ടും നിതീഷ് കുമാർ നയിക്കും. പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞ നവംബർ 20-ന് വ്യാഴാഴ്ച നടക്കും.



പട്നയിലെ വിശാലമായ ഗാന്ധി മൈതാനത്താണ് പത്താം തവണയും ബിഹാർ മുഖ്യമന്ത്രിയായി നിതീഷ് സത്യപ്രതിജ്ഞ ചെയ്യുന്ന ചടങ്ങ് സംഘടിപ്പിച്ചിട്ടുള്ളത്.

പ്രധാനമന്ത്രി നരേന്ദ്രമോദിയുൾപ്പെടെ കേന്ദ്ര മന്ത്രിസഭയിലെ മുതിർന്ന നേതാക്കളായ അമിത്ഷാ, രാജ്നാഥ് സിങ്, ധർമ്മേന്ദ്ര പ്രധാൻ അടക്കമുള്ളവർ ചടങ്ങിൽ പങ്കെടുക്കും. എൻഡിഎ അധികാരത്തിലുള്ള സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും പങ്കെടുക്കുന്ന ചടങ്ങിൽ അതീവ സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സത്യപ്രതിജ്ഞയ്ക്കായുള്ള ഒരുക്കങ്ങൾ ഗാന്ധി മൈതാനത്ത് ആരംഭിച്ചിട്ടുണ്ട്. (ശേഷം 34–ാം പേജിൽ)

## ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ



ധാക്ക: ബംഗ്ലാദേശിലെ സർക്കാർവിരുദ്ധ കലാപം അടിച്ചമർത്തിയ കേസിൽ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ. ദി ഇന്റർനാഷണൽ ക്രൈംസ് ട്രൈബ്യൂണൽ ഓഫ് ബംഗ്ലാദേശാണ് (ഐസിടി-ബിഡി) ശിക്ഷ വിധിച്ചത്. ഈ വർഷം ഓഗസ്റ്റ് 3-നാണ് ഷെയ്ഖ് ഹസീനയെ വിചാരണ ചെയ്യാൻ പ്രത്യേക ട്രൈബ്യൂണൽ അനുമതി നല്കിയത്. ഹസീനയുടെ അഭാവത്തിലും കൂട്ടക്കൊല, പീഡനം തുടങ്ങി അഞ്ച് കുറ്റങ്ങൾ ചുമത്തിയാണ് വിചാരണ നടന്നത്. ഷെയ്ഖ് ഹസീന അധികാരം ഉപയോഗിച്ച് മാനവികതയ്ക്കു മേൽ ആക്രമണം നടത്തിയതായി കോടതി വിലയിരുത്തി. പ്രക്ഷോഭകാരികൾക്ക് മേൽ മാരകായുധങ്ങൾ പ്രയോഗിക്കാൻ ഉത്തരവിട്ടു. വിദ്യാർത്ഥികൾക്കു നേരെ ഉണ്ടായ വെടിവെപ്പിനെക്കുറിച്ച് ഹസീനയ്ക്ക് അറിവുണ്ടായിരുന്നു എന്നീ കാര്യങ്ങൾ കോടതി വിലയിരുത്തി. ഹെലികോപ്റ്റർ ഉപയോഗിച്ചു പ്രതിഷേധക്കാർക്കു നേരെ ആക്രമണം നടത്താൻ ഷെയ്ഖ് ഹസീന നിർദ്ദേശിച്ചെന്നും പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ട അബു സയ്യിദ് എന്ന വിദ്യാർത്ഥിയുടെ മൃതദേഹ പരിശോധനാ റിപ്പോർട്ട് ഡോക്ടർമാരെ ഭീഷണിപ്പെടുത്തി തിരുത്തൽ നടത്തിയതിനു തെളിവുണ്ടെന്നും കോടതി കണ്ടെത്തി. മുൻ ആഭ്യന്തരമന്ത്രി അസദുസ്മാൻ ഖാൻ കമൽ, പോലീസ് ഐജി ചൗധരി അബ്ദുല്ല അൽ മാമുൻ എന്നിവരും കേസിൽ പ്രതികളാണ്.

കേരളാ എക്സ്പ്രസ്
KERALA EXPRESS

വരൂ... ഞങ്ങൾ കൈ പിടിക്കാം...
റോസാ മിസ്റ്റിക്ക കെയർ ഹോം

വഴിത്താരകൾ
പേജ്, 18, 19

# ബിഹാർ വിജയം കേരളത്തിലെ ബിജെപിക്ക് കരുത്താകുമെന്ന് പ്രധാനമന്ത്രി

ന്യൂഡൽഹി: ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിലെ വൻവിജയം കേരളത്തിലെ ഉൾപ്പെടെ ബിജെപി പ്രവർത്തകർക്കു കൂടുതൽ ഊർജം നല്കുമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാറിലെ വൻ വിജയത്തിനു പിന്നാലെ ബിജെപി ദേശീയ ആസ്ഥാനത്ത് നല്കിയ സ്വീകരണത്തിൽ കോൺഗ്രസ് മുസ്‌ലിംലീഗ് മാവോവാദി ആയെന്നായിരുന്നു മോദിയുടെ പരിഹാസം. ഇത് ആഘോഷിക്കേണ്ട ദിവസമാണ്.

ബിഹാർ ജനത ഓരോ വീട്ടിലും മഖാന പായസം ഉണ്ടാക്കുകയാണ്. ഇതു ചരിത്രവിജയമാണ്: അദ്ദേഹം പറഞ്ഞു. ഗംച (ഉത്തരേന്ത്യയിൽ ആളുകൾ വസ്ത്രങ്ങൾക്കൊപ്പം ധരിക്കുന്ന ഷാൾ) വീശി പ്രവർത്തകരെ അഭിവാദ്യം ചെയ്ത് ബിജെപി ആസ്ഥാനത്തേക്കെത്തിയ പ്രധാനമന്ത്രിയെ പാർട്ടി ദേശീയധ്യക്ഷൻ ജെ.പി. നഡ്ഡയാണ് സ്വീകരിച്ചത്. പുഷ്പവൃഷ്ടിയുമായി പ്രവർത്തകർ ആഹ്ലാദം പങ്കുവെച്ചു. ഇത് ട്രെൻഡ് ആല്ല സുനാമി ആണെന്നായിരുന്നു നഡ്ഡയുടെ വാക്കുകൾ.

'ഛഠ് മയ്യ കീ ജയ് എന്നു ഛട് മാതായ്ക്കു ജയ് വിളിച്ച് തുടങ്ങിയ പ്രസംഗത്തിൽ എല്ലാ റെക്കോർഡുകളും ബിഹാറിലെ ജനങ്ങൾ തകർത്തുവെന്ന് നരേന്ദ്ര മോദി പറഞ്ഞു. സ്ത്രീകളും യുവാക്കളും ജംഗിൾ രാജിനെ തള്ളി. മഹിള യൂത്ത് ഫോർമുലയാണ് ബിജെപിക്ക് വലിയ വിജയം നല്കിയത്. ബിഹാറിൽ ഇന്ത്യാ സഖ്യം ഒരിക്കലും തിരിച്ചുവരില്ല. നിതീഷ് കുമാറിന്റേത് അതിശയകരമായ നേതൃപാടവമാണ്.

യുവാക്കൾ എസ്ഐആറിനെ പിന്തുണച്ചു. മറ്റിടങ്ങളിൽ കൂടി വോട്ടർ പട്ടിക പൂർണമായും ശുദ്ധീകരിക്കും: അദ്ദേഹം പറഞ്ഞു.

ജനത്തിനു വേണ്ടത് വേഗത്തിലുള്ള വികസനമാണെന്നു പറഞ്ഞ നരേന്ദ്ര മോദി തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന കേരളം, തമിഴ്നാട്, പുതുച്ചേരി, അസം, ബംഗാൾ എന്നിവിടങ്ങളിലുള്ളവർക്ക് ബിഹാറിലെ വലിയ വിജയം ഊർജം നല്കുമെന്നും ബംഗാളിലെ ജനം ജംഗിൾ രാജിനെ തൂത്തെറിയുമെന്നും പറഞ്ഞു.

## എസ്ഐആർ ഫോറം വിതരണം രണ്ടുകോടി കവിഞ്ഞു

തിരുവനന്തപുരം: വിവാദങ്ങൾക്കിടെ കേരളത്തിലെ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിനുള്ള (എസ്ഐആർ) ഫോറം വിതരണം രണ്ടു കോടി കവിഞ്ഞു. തീവ്ര വോട്ടർ പട്ടിക പരിഷ്കരിക്കാനുള്ള നടപടികൾക്കെതിരെ സംസ്ഥാന സർക്കാർ തന്നെ നിയമപോരാട്ടത്തിനായി ഹൈക്കോടതിയെ സമീപിക്കുകയും അത് തള്ളുകയും ചെയ്തതിനു പിന്നാലെയാണ് ഫോറം വിതരണം 2.20 കോടി കവിഞ്ഞത്.

എസ്ഐആർ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എന്യൂമറേഷൻ ഫോറം വിതരണത്തിന്റെ പതിനൊന്നാം ദിവസമായ 14-ന് വൈകുന്നേരം ആറോടെ 2.20 കോടിയിലധികം വോട്ടർമാരുടെ കൈയിൽ എന്യൂമറേഷൻ ഫോറം എത്തിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു ക്ലേൽക്കർ പറഞ്ഞു.

കേരളത്തിലാകെ 2.78 കോടി വോട്ടർമാരാണുള്ളത്. ഇതിൽ 70.06 ശതമാനം പേർക്ക് ഫോറം എത്തിക്കാനായി. ഏഴ് ജില്ലകളിൽ 80 ശതമാനത്തിലധികം ഫോറം വിതരണം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ബിഎൽഒമാരുടെ അധികഭാരം: തെര. കമ്മീഷനെതിരെ രാഷ്ട്രീയ പാർട്ടികളും

തിരുവനന്തപുരം: കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ കേരളത്തിലെ പ്രതിനിധിയായ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ടു വിളിച്ച യോഗത്തിലും ബിഎൽഒമാരെ സമ്മർദത്തിലാക്കരുതെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഇക്കാര്യം ചെവിക്കൊണ്ടില്ലെന്നാണ് ആരോപണം. രാഷ്ട്രീയ പാർട്ടി നേതാക്കൾക്ക് ഇതിൽ പ്രതിഷേധമുണ്ട്.

യോഗത്തിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സമ്മർദത്തിനു വിധേയമാക്കില്ലെന്ന് ഉറപ്പു നൽകിയിരുന്നെങ്കിൽ കണ്ണൂരിലെ ബിഎൽഒയുടെ ആത്മഹത്യ ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നാണ് രാഷ്ട്രീയ നേതൃത്വം പറയുന്നത്.

കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി 100 ശതമാനം ഫോറം വിതരണവും പൂർത്തിയാക്കണമെന്നായിരുന്നു സമ്മർദം. ജില്ലാ കളക്ടറേറ്റുകളിൽനിന്ന് ബിഎൽഒമാർക്കു മേൽ കടുത്ത സമ്മർദമുണ്ടായിരുന്നതായി സർവീസ് സംഘടനകളും ആരോപിക്കുന്നു. ബിഎൽഒമാർക്ക് ഒരു ദിവസം 20 വീടുകൾ മാത്രമേ കയറാൻ കഴിയുകയുള്ളൂവെന്നും നിശ്ചയിച്ച ഡിസംബറിനകം എസ്ഐആർ പൂർത്തിയാക്കാൻ അനുവദിക്കണമെന്നും സമ്മർദം പാടില്ലെന്നും നിർദേശിച്ച് സെക്രട്ടേറിയറ്റ് അസോസിയേഷനും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് നിവേദനം നൽകിയിരുന്നു. ഇതും പരിഗണിച്ചില്ലെന്നാണു വിവരം. ഇതോടൊപ്പം സ്ഥലത്ത് ഇല്ലാത്തവരെയും മരിച്ചവരെയും പട്ടികയിൽനിന്നു വെട്ടിമാറ്റാൻ ചില രാഷ്ട്രീയ നേതാക്കൾ അനുവദിക്കുന്നില്ലെന്നും വോട്ടർ പട്ടിക ശുദ്ധീകരണം അനുവദിക്കുന്നില്ലെന്നുമുള്ള ആരോപണവും ശക്തമാണ്. ഇത്തരം സമ്മർദങ്ങൾക്കിടെയാണ് പല ബിഎൽഒമാരും ജോലിചെയ്യുന്നത്.

ഇതോടൊപ്പം തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം എസ്ഐആറിന്റെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കരുതെന്ന ആവശ്യവും സിപിഎമ്മും കോൺഗ്രസും യോഗത്തിൽ ഉന്നയിച്ചിരുന്നു. എന്നാൽ, ഷെഡ്യൂൾ നിശ്ചയിച്ചതു പോലെ, പൂർത്തിയാക്കുമെന്നായിരുന്നു മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ യോഗത്തിൽ അറിയിച്ചത്.

രാഷ്ട്രീയ നേതൃത്വത്തിന്റെ ആവശ്യം നിരന്തരം അവഗണിക്കുന്ന തെരഞ്ഞെടുപ്പു കമ്മീഷൻ നിലപാടിലെ പ്രതിഷേധം എൽഡിഎഫും യുഡിഎഫും യോഗത്തിൽ അറിയിക്കുകയും ചെയ്തിരുന്നു.

## എസ്ഐആറുമായി ബന്ധപ്പെട്ട ജോലിസമ്മർദം: ബിഎൽഒ ജീവനൊടുക്കി



പയ്യന്നൂർ: പയ്യന്നൂരിനടുത്ത ചീമേനി ഏറ്റുകുടുക്കയിൽ തെരഞ്ഞെടുപ്പ് ബൂത്ത് ലെവൽ ഓഫീസറെ വീടിനകത്തെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പയ്യന്നൂർ മണ്ഡലം 18-ാം ബൂത്തിലെ ബിഎൽഒയും കുന്നരു സ്കൂളിലെ ഓഫീസ് അസിസ്റ്റന്റുമായ തറയിൽ അനീഷ് ജോർജിനെയാണ് (45) നവംബർ 16-ന് രാവിലെ പതിനൊന്നോടെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. അദ്ധ്യാപക ദമ്പതികളായ ജോർജിന്റെയും മേരിയുടെയും മകനാണ്. എസ്ഐആർ ജോലിയുമായി ബന്ധപ്പെട്ടുള്ള മാനസികസമ്മർദം താങ്ങാനാകാതെ ആത്മഹത്യ ചെയ്തതാണെന്നാണ് ആരോപണം ഉയരുന്നത്. 16-ന് രാവിലെ പള്ളിയിൽ പോയ കുടുംബാംഗങ്ങൾ തിരിച്ചെത്തിയപ്പോഴാണ് അനീഷിനെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. മക്കളെ പള്ളിയിൽ കൊണ്ടുവിട്ട ശേഷം അനീഷ് വീട്ടിലേക്കു മടങ്ങിയിരുന്നു. ബിഎൽഒമാരുടെ ചുമതല നൽകിയപ്പോൾത്തന്നെ ഇതു തനിക്ക് ചെയ്യാൻ പറ്റുന്ന പണിയല്ലെന്ന് അനീഷ് ജോർജ് ബന്ധുക്കളോടും പരിചയക്കാരോടും പറഞ്ഞിരുന്നു. ബിഎൽഒയുടെ ജോലിഭാരം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതായും പറയുന്നു. ജോലി ആവശ്യാർത്ഥം വിവിധ രാഷ്ട്രീയക്കാരുടെ വീടുകളിൽ പോകുന്നതിന്റെ പേരിലും ചില കോണുകളിൽനിന്നു സമ്മർദമുണ്ടായതായും ആരോപണമുണ്ട്. ഫോം പൂരിപ്പിക്കാൻ വൈകിയതുമായി ബന്ധപ്പെട്ട് അനീഷിനുമേൽ സമ്മർദമുണ്ടായിരുന്നതായി ബന്ധുക്കൾ പറഞ്ഞു. 16-ന് പുലർച്ചെ ഒന്നോടെ വോട്ടർപട്ടികയുമായി ബന്ധപ്പെട്ടുള്ള ഫോറങ്ങൾ കാണിച്ച് ഇതെന്തു ചെയ്യാനാണെന്ന് അമ്മയോടു പരിഭവം പറഞ്ഞതായും വീട്ടുകാർ പറഞ്ഞു. കൂടെയുള്ള ബിഎൽഒയുടെ സഹായത്തോടെ ഫോറങ്ങൾ കൊടുത്തു തീർക്കാനുള്ള ഒരുക്കത്തിനിടെയാണു തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ബൂത്ത് ലെവൽ ഓഫീസറായി നിയോഗിക്കപ്പെട്ടശേഷം കുറച്ചു ദിവസമായി അനീഷ് ജോർജ് മാനസിക സംഘർഷത്തിലായിരുന്നതായി പിതാവ് ജോർജ് മാധ്യമങ്ങളോടു പറഞ്ഞു. ആത്മഹത്യതന്നെയെന്നാണു പോലീസിന്റെ നിഗമനം. ഭാര്യ: പാമില. മക്കൾ: ലിവിയ മാത്യു, ജുവാൻ മാത്യു. സഹോദരങ്ങൾ: ലതീഷ് ജോർജ്, ആൻസി.

## മക്കയിൽ ഇന്ത്യൻ തീർഥാടകരുടെ ബസ് ടാങ്കറുമായി കൂട്ടിയിടിച്ച് നിരവധി മരണം

ജിദ്ദ: മക്കയിൽ ഇന്ത്യൻ തീർഥാടകർ സഞ്ചരിച്ചിരുന്ന ബസ് ഡീസൽ ടാങ്കറുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ നിരവധി പേർ മരിച്ചു. മരിച്ചവരിൽ 11 സ്ത്രീകളും 10 കുട്ടികളും ഉൾപ്പെടുന്നു. മൃതദേഹങ്ങൾ കത്തിക്കരിഞ്ഞനിലയിലാണ്. കൂട്ടിയിടിയെത്തുടർന്ന് ഇരു വാഹനങ്ങളും പൂർണമായി കത്തിനശിച്ചു. ഹൈദരാബാദിൽ നിന്നുള്ള തീർഥാടക സംഘമാണ് അപകടത്തിനിരയായത്. മക്കയിൽ നിന്ന് മദീനയിലേക്കു പോകുകയായിരുന്നു ഉംറ തീർഥാടകർ. ഇന്ത്യൻ സമയം രാത്രി ഒന്നരയോടെയായിരുന്നു അപകടം. മദീനയിൽ നിന്ന് 160 കിലോമീറ്റർ അകലെ മുഹറാസ് എന്ന സ്ഥലത്തുവെച്ചാണ് അപകടം.

സംഭവസ്ഥലത്തുനിന്ന് വൻ സ്ഫോടനശബ്ദം കേട്ടതായി ദൃക്സാക്ഷികൾ പറയുന്നു. തീപിടിത്തത്തിന്റെ ദൃശ്യം കിലോമീറ്ററുകൾ അകലെനിന്നുവരെ കാണാമായിരുന്നു. അതേസമയം, ബസിൽ എത്രപേരുണ്ടായിരുന്നുവെന്നതിൽ സ്ഥിരീകരണമില്ല. സിവിൽ ഡിഫൻസ് പോലീസും സ്ഥലത്തെത്തി. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. മൃതദേഹങ്ങൾ തിരിച്ചറയാൻ കഴിഞ്ഞിട്ടില്ല. അപകടത്തിൽ ഒരാൾ രക്ഷപ്പെട്ടതായും വിവരമുണ്ട്. ഇന്ത്യൻ ഉദ്യോഗസ്ഥ സംഘവും ഉംറ ഏജൻസികളും അപകടസ്ഥലത്തെത്തിയിട്ടുണ്ട്. അപകടത്തിന്റെ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാനായി ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റിൽ കൺട്രോൾ റൂം തുറന്നിട്ടുണ്ട്. തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി അപകടവിവരം സ്ഥിരീകരിച്ചിട്ടുണ്ട്. അടിയന്തരനടപടികൾ പുരോഗമിക്കുകയാണെന്നും കൂടുതൽ വിവരങ്ങൾ തേടുകയാണെന്നും അദ്ദേഹം പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 47
November 17, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

അച്ചടക്കമുള്ള കുട്ടി രാഷ്ട്രത്തിന്റെ സമ്പത്താകുന്നു. **നെഹ്റു**

ഒരു വാതിൽ അടയുമ്പോൾ മറ്റൊന്ന് തുറക്കുന്നു. നാം പലപ്പോഴും അടഞ്ഞ വാതിലിനു നേരെ ദുഃഖത്തോടെ നോക്കിയിരിക്കുന്നതിനാൽ നമുക്കായി തുറക്കപ്പെട്ട വാതിൽ കാണാതെ പോകുന്നു. **അലക്സാണ്ടർ ഗ്രഹാം ബെൽ**

# സ്വർണ നിക്ഷേപ പദ്ധതി: 403.91 കിലോ സ്വർണം ദേവസ്വം ബോർഡ് കൈമാറി

പത്തനംതിട്ട: ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ച 403.91 കിലോ സ്വർണം തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്വർണ നിക്ഷേപ പദ്ധതിയിലേക്കു കൈമാറി. നിത്യപൂജകൾക്ക് ഉപയോഗിക്കാത്തതും പൗരാണിക മൂല്യമില്ലാത്തതുമായ സ്വർണം ഹരിയാനയിലെ ഗുരുഗ്രാമിലുള്ള സ്ഥാപനത്തിൽ ഉരുക്കി കട്ടികളാക്കിയാണു കൈമാറിയത്.

ദേവസ്വം ബോർഡിന്റെ തിരുവനന്തപുരം വലിയശാലയിലെ സ്ട്രോങ് റൂമിൽ നിന്നാണ് ഈ വർഷം ജൂൺ-ജൂലൈ മാസങ്ങളിലായി ഇവ കൈമാറിയത്. ദേവസ്വം കമ്മീഷണർ, തിരുവാഭരണം കമ്മീഷണർ, ദേവസ്വം വിജിലൻസ് എസ്പി, ഓഡിറ്റ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ തുടങ്ങിയവർ അടങ്ങുന്ന സംഘവും എസ്ബിഐ പ്രതിനിധിയും സ്വർണം ഉരുക്കിയ റിഫൈനറിയിലെത്തിയിരുന്നു.

500 കിലോ സ്വർണം നിക്ഷേപിക്കാൻ ഹൈക്കോടതി അനുമതി നൽകിയെങ്കിലും 478.74 കിലോയേ ഉണ്ടായിരുന്നുള്ളൂ. ഇത് ഉരുക്കിയപ്പോൾ 99.5 ശതമാനം ശുദ്ധമായ സ്വർണം 403.9137 കിലോ ലഭിച്ചു.

നിക്ഷേപ പദ്ധതിയുടെ ഇടക്കാല, ദീർഘകാല സ്കീമുകൾ കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ മൂന്ന് വർഷത്തേക്ക് 0.6 ശതമാനം പലിശനിരക്കുള്ള ഹ്രസ്വകാല സ്കീമിലാണു നിക്ഷേപിച്ചത്. ബോർഡിനു പലിശയിലൂടെ വരുമാനം കിട്ടുമെന്നും സ്ട്രോങ് റൂമുകളുടെ സുരക്ഷാ ഭീഷണി ഒഴിയുമെന്നും ചൂണ്ടിക്കാട്ടിയാണു ദേവസ്വം ബോർഡ് ഹർജി നൽകിയത്.

കാണിക്ക സ്വർണം നിക്ഷേപിക്കാൻ 2023-ൽ ഹൈക്കോടതി അനുമതി നൽകിയിരുന്നു. നടവരവായി ലഭിക്കുന്ന സ്വർണം ഇനിമുതൽ എല്ലാ വർഷവും ഈ പദ്ധതിയിൽ നിക്ഷേപിക്കും.

## എത്യോപ്യയിൽ 88 ശതമാനം മരണനിരക്കുള്ള മാർബഗ് വൈറസ് വ്യാപനം

അഡിസ് അബാബ: കിഴക്കൻ ആഫ്രിക്കൻ രാജ്യമായ എത്യോപ്യയിൽ മാരകമായ മാർബഗ് വൈറസ് ഔട്ട്ബ്രേക്ക് സ്ഥിരീകരിച്ചു. എത്യോപ്യയിലെ സൗത്ത് സുഡാനുമായി അതിർത്തി പങ്കിടുന്ന ഓമോ മേഖലയിലെ 9 പേരിലാണ് വൈറസ് ബാധ കണ്ടെത്തിയത്. കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നേരത്തെ പൊട്ടിപ്പുറപ്പെട്ട വൈറസിന്റെ അതേ വകഭേദമാണ് എത്യോപ്യയിലും സ്ഥിരീകരിച്ചതെന്ന് ലോകാരോഗ്യ സംഘടന അറിയിച്ചു. വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി പ്രത്യേക സംഘത്തെ ലോകാരോഗ്യ സംഘടന എത്യോപ്യയിൽ നിയോഗിച്ചിട്ടുണ്ട്.

കഴിഞ്ഞവർഷം റുവാണ്ടയിലും മാർബഗ് വൈറസ് ബാധ സ്ഥിരീകരിച്ചിരുന്നു. പഴംതീനി വവ്വാലുകൾ കഴിഞ്ഞിരുന്ന ഗുഹയിൽ നടത്തിയ ഖനന പ്രവർത്തനത്തിനിടെയാണ് വൈറസ് മനുഷ്യരിലേക്ക് പടർന്നതെന്ന് കണ്ടെത്തിയിരുന്നു. എബോളക്ക് സമാനമാണ് മാർബഗ് വൈറസും. വവ്വാലുകളിൽനിന്ന് മനുഷ്യരിലേക്ക് പകരുന്ന വൈറസ് രോഗബാധിതരുമായി അടുത്തിടപഴകുന്നതിലൂടെയും ശരീരസ്രവങ്ങളിലൂടെയുമാണ് പകരുന്നത്.

88 ശതമാനം മരണനിരക്കുള്ള മാർബഗ് വൈറസ് ബാധയ്ക്ക് നിലവിൽ പ്രത്യേക ചികിത്സയോ വാക്സിനുകളോ ഇല്ല. കടുത്ത പനി, തലവേദന, പേശീവേദന തുടങ്ങിയവയാണ് ലക്ഷണങ്ങൾ അസുഖം രൂക്ഷമാകുന്നതോടെ വയറിളക്കം, ഛർദ്ദി, രക്തസ്രാവം തുടങ്ങിയവയുമുണ്ടാകും.

## നൗഗാം പോലീസ് സ്റ്റേഷനിലെ സ്ഫോടനത്തിൽ 9 മരണം

ന്യൂഡൽഹി: ശ്രീനഗറിലെ നൗഗാം പോലീസ് സ്റ്റേഷനിലുണ്ടായ സ്ഫോടനത്തിൽ ഒമ്പതു പേർ കൊല്ലപ്പെടുകയും 32 പേർക്കു പരുക്കേൽക്കുകയും ചെയ്തു. ഫരീദാബാദിൽ നിന്നു പിടിച്ചെടുത്ത സ്ഫോടകവസ്തുക്കൾ പരിശോധിക്കുന്നതിനിടെയാണ് വൻ സ്ഫോടനമുണ്ടായത്. സംഭവം ആകസ്മികമാണെങ്കിലും വേണ്ടത്ര മുൻകരുതലും സുരക്ഷയുമില്ലാതെ സ്ഫോടകശേഖരം പരിശോധിച്ചതിലെ ഗുരുതര പിഴവുകളെക്കുറിച്ച് അന്വേഷിക്കാൻ ജമ്മുകശ്മീർ ഓഫ് ഗവർണർ മനോജ് സിൻഹ ഉത്തരവിട്ടു. സ്ഫോടനത്തിൽ ഏതെങ്കിലും ഭീകരസംഘടനയ്ക്ക് പങ്കുണ്ടെന്ന അവകാശവാദങ്ങൾ പോലീസ് തള്ളി. എന്നാൽ, തുറന്ന സ്ഥലത്ത് സ്ഫോടകവസ്തുക്കൾ സൂക്ഷിച്ചതിനും വേണ്ടത്ര മുൻകരുതലില്ലാതെ സാമ്പിളുകളെടുക്കാൻ രാത്രി 11-നുശേഷം ശ്രമിച്ചതിനും വിശദീകരണമില്ല.

ജമ്മുകശ്മീർ സംസ്ഥാന അന്വേഷണ ഏജൻസിയിലെ ഉദ്യോഗസ്ഥൻ, മൂന്നു ഫോറൻസിക് ഉദ്യോഗസ്ഥർ, രണ്ട് ഫോട്ടോഗ്രാഫർമാർ, മജിസ്ട്രേട്ട് സംഘത്തെ നയിച്ച രണ്ട് റവന്യൂ ഉദ്യോഗസ്ഥർ, ദൗത്യസംഘവുമായി ബന്ധപ്പെട്ട ഒരു തയ്യൽക്കാരൻ എന്നിവരുൾപ്പെടെ ഒമ്പതു പേരാണ് സ്ഫോടനത്തിൽ മരിച്ചതെന്ന് ഡിജിപി നളിൻ പ്രഭാത് അറിയിച്ചു. ഇവർക്കു പുറമെ 27 പോലീസ് ഉദ്യോഗസ്ഥർ, സമീപപ്രദേശങ്ങളിലെ മൂന്ന് സാധാരണക്കാർ എന്നിവർക്കു പരുക്കേറ്റു. എല്ലാ മുൻകരുതലുകളെടുത്തിട്ടും ആകസ്മിക സ്ഫോടനമുണ്ടെന്ന് ഡിജിപി പറഞ്ഞു. രണ്ട് ദിവസമായി പരിശോധന നടന്നുവരികയായിരുന്നു. എഫ്ഐആർ പ്രകാരം നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തിന്റെ ഭാഗമായിട്ടായിരുന്നു പരിശോധനയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## വ്യാജരേഖ ചമയ്ക്കൽ, തട്ടിപ്പ്: അൽ ഫലാഹ് സർവകലാശാലയ്ക്കെതിരെ കേസ്

ന്യൂഡൽഹി: അൽ ഫലാഹ് സർവകലാശാലയ്ക്കെതിരെ വ്യാജരേഖ ചമയ്ക്കൽ, തട്ടിപ്പ് എന്നിവയ്ക്കു രണ്ട് കേസ് രജിസ്റ്റർ ചെയ്തു. യുജിസി, നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ എന്നിവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണു ഡൽഹി പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

നാക് അക്രഡിറ്റേഷന്റെ കാലാവധി കഴിഞ്ഞിട്ടും എ ഗ്രേഡ് അക്രഡിറ്റേഷൻ ഉണ്ടെന്ന് വെബ്സൈറ്റിൽ ചേർത്ത അൽഫലാഹിന് അധികൃതർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. സ്ഥാപനത്തിന്റെ നടത്തിപ്പിൽ യുജിസിയും ക്രമക്കേടുകൾ കണ്ടെത്തി. ഇതിനു പിന്നാലെയാണു വ്യാജരേഖ ചമയ്ക്കൽ, തട്ടിപ്പ് എന്നീ വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്തത്.

ഭീകരസംഘാംഗങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന കണ്ടെത്തലുകൾക്കു പിന്നാലെ അൽ ഫലാഹിന്റെ പ്രവർത്തനം പ്രതിസന്ധിയിലായി. എട്ടിലേറെ സ്ഥാപനങ്ങളിൽ നിന്നു പ്രഫസർമാർ രാജിവെച്ചെന്നാണു വിവരം.

സ്ഥാപനത്തിലെ ഇരുപതിലേറെ ഡോക്ടർമാർ പോലീസ് നിരീക്ഷണത്തിലാണ്. യുജിസി, നാക്, എൻഎംസി എന്നിവരെല്ലാം വിശദമായ അന്വേഷണം നടത്തുന്നുണ്ട്.

ക്യാംപസിൽ ക്ലാസ് നടക്കുന്നുണ്ടെങ്കിലും പല മാതാപിതാക്കളും മക്കളെ തിരികെ വിളിച്ചെന്നാണു വിവരം. ഇവിടെ എംബിബിഎസിനു പ്രതിവർഷം 16 ലക്ഷത്തിലേറെ രൂപയാണു ഫീസ്. ഭാവി പ്രതിസന്ധിയിലാകുമോ എന്ന ആശങ്ക വിദ്യാർഥികൾക്കുണ്ട്.

## പാർട്ടി ചിഹ്നം കിട്ടാൻ ഭാരവാഹിയുടെ ഒപ്പു വേണം

തിരുവനന്തപുരം: തദ്ദേശതെരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥി ആയാൽ മാത്രം പോരാ, അത് ഉറപ്പിക്കാൻ ചിഹ്നം കിട്ടാൻ നടപടികൾ പിന്നെയുമുണ്ട്. ചിഹ്നം ശിപാർശ ചെയ്തുകൊണ്ടുള്ള പാർട്ടി ഭാരവാഹികളുടെ ഒപ്പാണ് ആദ്യം വേണ്ടത്. ഇതിനു പുറമേ സംസ്ഥാന ഭാരവാഹികൾ ഇത് സാക്ഷ്യപ്പെടുത്തുകയും വേണമെന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഇതു രണ്ടും ചേർത്ത് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ് സമർപ്പിക്കേണ്ടത്. പകർപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും നല്കണം.

## കുണ്ടറ സ്വദേശിയുടെ ഗിന്നസ് റെക്കോർഡ് നേട്ടം ആഘോഷിച്ചത് വിമാനത്തിൽ



കോട്ടയം: അദ്ഭുതങ്ങളുടെ ആകാശത്ത് എന്നു പറയാറുണ്ട്. കൊല്ലം കുണ്ടറ ഇളമ്പള്ളൂർ റോഡുവിള വീട്ടിൽ ആർ. അജിയുടെ കാര്യത്തിൽ ഇതു കൃത്യമായി. ഓർമശക്തിക്കുള്ള ഗിന്നസ് റെക്കോർഡ് വിജയം അജി അറിഞ്ഞതു ദുബായിലേക്കുള്ള എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ കയറാനൊരുങ്ങിയപ്പോൾ. കൂടെയുണ്ടായിരുന്ന സുഹൃത്ത് സൂരജ് പി. സതീഷിനോട് ഈ വിവരം പറഞ്ഞു. എന്നാൽ വിമാനത്തിൽ എയർഹോസ്റ്റസ് ഈ വിവരം അനൗൺസ് ചെയ്തപ്പോൾ അജിയും ഞെട്ടി. സുഹൃത്തിന് ഒരു സർപ്രൈസ് നൽകാൻ സൂരജ് ഈ വിവരം പൈലറ്റിനോടും മറ്റും പറയുകയായിരുന്നു.

മൂന്നു നിരയായി എഴുതിയ 48 അക്കങ്ങൾ നാല് സെക്കൻഡ് മാത്രം നോക്കിയ ശേഷം വരിയും നിരയുമൊന്നും തെറ്റാതെ കൃത്യമായി പറഞ്ഞതിനാണു ഗിന്നസ് റെക്കോർഡ്. പാകിസ്ഥാൻ സ്വദേശിയുടെ റെക്കോർഡാണ് അജി പൊളിച്ചത്. ഓർമയ്ക്ക അറേബ്യൻ വേൾഡ് റെക്കോർഡ് നേടിയ അജി അതു വാങ്ങാൻ പോകുമ്പോഴായിരുന്നു ഗിന്നസ് നേട്ടവും. സാമൂഹിക വനവൽക്കരണ വകുപ്പിൽ ഡപ്യൂട്ടി റേഞ്ചറായ അജി ജോലിയിൽനിന്ന് ദീർഘാവധിയെടുത്ത് ഓർമ വർധിപ്പിക്കാൻ വിദ്യാർഥികളെ സഹായിക്കുന്ന കമ്പനി എന്ന ആശയവുമായി മുന്നോട്ടുപോകുകയാണ്.

## പ്രചാരണത്തിൽ പ്ലാസ്റ്റിക്കിനും ഫ്ളക്സിനും നിരോധനം

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനത്തിന് പ്ലാസ്റ്റിക്, പിവിസി, ഫ്ളക്സ് തുടങ്ങിയവ പൂർണമായി നിരോധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ. ബോർഡുകൾ, ബാനറുകൾ ഹോർഡിങ്ങുകൾ തുടങ്ങിയവ നിർമ്മിക്കാൻ പേപ്പർ, പിസിബി സർട്ടിഫൈഡ് ചെയ്ത നൂറു ശതമാനം കോട്ടൺ, പുനഃചംക്രമണം ചെയ്യാവുന്ന പോളി എത്തിലിൻ പോലുള്ളവ ഉപയോഗിക്കാം. രാഷ്ട്രീയ പാർട്ടികളുടെ ഇലക്ഷൻ ഓഫീസുകൾ അലങ്കരിക്കാൻ പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കണം.

പോളിങ് ബൂത്തുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ, പരിശീലന ക്യാമ്പുകൾ എന്നിവിടങ്ങളിൽ സ്റ്റീൽ, ചില്ല്, സെറാമിക് പാത്രങ്ങൾ മാത്രമേ ഭക്ഷണ-പാനീയ വിതരണത്തിന് ഉപയോഗിക്കാവൂ. പ്ലാസ്റ്റിക് ബോട്ടിലുകൾ, തെർമോകോൾ കപ്പുകൾ, പ്ലാസ്റ്റിക് പാഴ്സലുകൾ തുടങ്ങിയവ ഒഴിവാക്കണം.

പോളിങ് ബൂത്തുകൾ, വോട്ടിംഗ് കേന്ദ്രങ്ങൾ എന്നിവയുടെ ക്രമീകരണത്തിനും ഇലക്ഷൻ സാധനങ്ങളുടെ കൈമാറ്റത്തിനും പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കും. ഭക്ഷണത്തിന് പ്ലാസ്റ്റിക് പാഴ്സലുകൾ ഒഴിവാക്കി പകരം വാഴയിലയിലോ പാത്രങ്ങളിലോ പാഴ്സലുകൾ തയ്യാറാക്കണം.

തെരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കുന്നുവെന്ന് തെരഞ്ഞെടുപ്പ് കമ്മീഷന്റെയും തദ്ദേശ വകുപ്പിന്റെയും ശുചിത്വമിഷന്റെയും മേൽനോട്ടത്തിൽ ഉറപ്പാക്കും. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിനുള്ള നോഡൽ ഓഫീസർ. തെരഞ്ഞെടുപ്പു പ്രചാരണത്തിനുശേഷം പാർട്ടികളും സ്ഥാനാർത്ഥികളും പ്രചാരണ സാമഗ്രികൾ ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറണം.

അല്ലാത്തപക്ഷം തദ്ദേശ സ്ഥാപനങ്ങൾ അതു നീക്കം ചെയ്ത് ചെലവ് സ്ഥാനാർത്ഥികളിൽ നിന്ന് ഈടാക്കണം. പോളിംഗ് സ്റ്റേഷനുകളിലും വിതരണ-സ്വീകരണ-വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പ്-വോട്ടെണ്ണൽ ദിവസങ്ങളിൽ ജൈവ-അജൈവ വസ്തുക്കൾ നിക്ഷേപിക്കുന്നതിനു വേണ്ട ബിന്നുകൾ സ്ഥാപിക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നല്കി.

തെരഞ്ഞെടുപ്പിനുശേഷം തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ക്ലീൻ കേരള കമ്പനി, ഹരിതകർമ്മ സേന, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവയുടെ സഹായത്തോടെ ഇലക്ഷനുമായി ബന്ധപ്പെട്ട പാഴ്വസ്തുക്കൾ നീക്കം ചെയ്യണം.

പൊതുപരിപാടികളിൽ ശബ്ദമലിനീകരണം ഒഴിവാക്കണം. പടക്കം, വെടിക്കെട്ട് തുടങ്ങിയവ നിയമാനുസൃതമായി മാത്രം ഉപയോഗിക്കണമെന്നും മാർഗനിർദ്ദേശത്തിൽ പറയുന്നു.

## മണ്ഡല വ്രതാരംഭം: ശബരിമലയിൽ വൻതിരക്ക്

ശബരിമല: മണ്ഡല മഹോത്സവത്തിനായി നട തുറന്നതിനു പിന്നാലെ വൃശ്ചികപ്പുലരിയിൽ ശബരിമലയിൽ വൻതിരക്ക്. നവംബർ 17-ന് പുലർച്ചെ പുതിയ മേൽശാന്തി പ്രസാദ് നമ്പൂതിരി നട തുറന്നു. മാളികപ്പുറത്ത് പുതിയ മേൽശാന്തി മനു നമ്പൂതിരിയും നട തുറന്നു.

ഭക്തരുടെ നീണ്ടനിരയാണ് പുലർകാല ദർശനത്തിനുണ്ടായിരുന്നത്. രാത്രി മുതൽക്കേ ഭക്തരുടെ വൻ ഒഴുക്കാണ് സന്നിധാനത്തേക്കുണ്ടായത്. നിർമാല്യദർശനത്തിനുശേഷം നെയ്യഭിഷേക ചടങ്ങുകളും ആരംഭിച്ചു.

90,000 അയ്യപ്പഭക്തർ പ്രതിദിനം ശരാശരി ദർശനത്തിനെത്തുമെന്നാണു പ്രതീക്ഷിക്കുന്നത്. 70,000 പേർക്ക് വെർച്വൽ ക്യൂ ബുക്കിംഗ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ബുക്കിംഗ് 28 വരെയുള്ളത് പൂർത്തിയായി. 20,000 പേർക്ക് സ്പോട്ട് ബുക്കിംഗ് അനുവദിച്ചിട്ടുണ്ട്.

അയ്യപ്പഭക്തരുടെ വാഹനങ്ങൾ നിലയ്ക്കലിലാണ് പാർക്ക് ചെയ്യുന്നത്. അവിടെനിന്ന് കെഎസ്ആർടിസി ചെയിൻ സർവീസ് പമ്പയിലേക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. 15 സീറ്റിൽ താഴെയുള്ള വാഹനങ്ങൾക്ക് പമ്പ വരെ പോകാമെങ്കിലും തീർത്ഥാടകരെ ഇറക്കിയശേഷം വാഹനങ്ങൾ നിലയ്ക്കലിലെത്തി പാർക്ക് ചെയ്യാനാണു നിർദേശം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഡിജിറ്റൽ വ്യക്തിഗത ഡാറ്റാ സംരക്ഷണ നിയമം വിജ്ഞാപനമായി

ന്യൂഡൽഹി: വ്യക്തിഗത വിവരങ്ങളുടെ ശേഖരിക്കൽ, സൂക്ഷിക്കൽ, സംരക്ഷിക്കൽ എന്നിവ ലക്ഷ്യമിട്ട് കൊണ്ടുവന്ന ഡിജിറ്റൽ വ്യക്തിഗത വിവര സംരക്ഷണ (ഡിജിറ്റൽ പേഴ്സണൽ ഡാറ്റാ പ്രൊട്ടക്ഷൻ ആക്ട്-ഡിപിഡിപി) നിയമത്തിലെ ചട്ടങ്ങൾ കേന്ദ്ര സർക്കാർ ഔദ്യോഗികമായി വിജ്ഞാപനം ചെയ്തു.

പൗരന്മാരുടെ സ്വകാര്യ വിവരങ്ങൾ സംരക്ഷിക്കാൻ നിയമനിർമാണം ആവശ്യമാണെന്ന് 2017-ൽ ഒരു വിധിന്യായത്തിൽ സുപ്രീംകോടതി വ്യക്തമാക്കിയതിനെ തുടർന്നാണ് 2023-ൽ പാസാക്കിയ ഡിജിറ്റൽ വ്യക്തിഗത വിവര സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുത്തുന്നത്. പാർലമെന്റിൽ നിയമം പാസാക്കി രണ്ട് വർഷത്തിനു ശേഷമാണ് കേന്ദ്രസർക്കാർ വിജ്ഞാപനമിറക്കുന്നത്.

വ്യവസായ മേഖലയിലും സർക്കാർ സ്ഥാപനങ്ങളിലും നിയമത്തിന്റെ ഭാഗമായി രൂപീകരിച്ച ഡാറ്റാ പ്രൊട്ടക്ഷൻ ബോർഡ് ഓഫ് ഇന്ത്യയിലും (ഡിപിബിഐ) നിയമത്തിന്റെ പല വ്യവസ്ഥകളും ബാധകമാകും. എന്നാൽ, 2026 അവസാനത്തോടെയും 2027 മധ്യത്തോടെയുമാണ് നിയമം പൂർണമായും പ്രാബല്യത്തിൽ വരിക. ദേശീയ സുരക്ഷ, ഡിജിറ്റൽ സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട ആഭ്യന്തര മുൻഗണനകൾ എന്നിവയെ നിയമം ഏകോപിപ്പിക്കുമെന്നാണ് കരുതുന്നത്.

വർഷങ്ങൾ നീണ്ട ചർച്ചകൾക്കൊടുവിൽ 2023 ഓഗസ്റ്റിൽ പാർലമെന്റ് പാസാക്കിയ നിയമം ഡിജിറ്റൽ വിവരങ്ങൾ ശേഖരിക്കുന്ന സ്വകാര്യ കമ്പനികൾ അത് മറ്റൊരിടത്തും വെളിപ്പെടുത്താതെ സംരക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. വ്യവസ്ഥ ലംഘിക്കുന്ന കമ്പനികൾക്ക് പിഴ ചുമത്തും. സർക്കാർ സ്ഥാപനങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. അതുകൊണ്ടുതന്നെ ഇതിൽ സുതാര്യതയില്ലെന്നും 2005-ലെ വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്തുന്നുവെന്നുമുള്ള വിമർശനം ഉയർന്നിട്ടുണ്ട്.

ഡാറ്റാ പ്രൊട്ടക്ഷൻ ബോർഡ് ഓഫ് ഇന്ത്യക്ക് നാല് അംഗങ്ങൾ ഉണ്ടായിരിക്കും. ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയമാണ് ഇവരുടെ നിയമനം നടത്തുക, ശമ്പള/സേവന വ്യവസ്ഥകളും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഡാറ്റാ ലംഘനങ്ങൾ ഉണ്ടായാൽ ഈ അംഗങ്ങൾ അന്വേഷണം നടത്തി കുറ്റക്കാർക്ക് പിഴ ചുമത്തും.

# നിർമാണ മേഖലയിലെ അപകടങ്ങൾക്ക് പരിഹാരം വേണം

മതിയായ സുരക്ഷാസംവിധാനങ്ങളില്ലാതെയുള്ള നിർമാണ, വികസന പ്രവർത്തനങ്ങൾ ആളുകളുടെ ജീവനെടുക്കുന്ന സാഹചര്യം കേരളത്തിൽ ആവർത്തിക്കുകയാണ്. അരൂർ-തുറവൂർ മേൽപ്പാത നിർമാണത്തിനിടെ ഗർഡർ വീണ് ഒരാൾ മരിച്ച സംഭവം അനാസ്ഥയുടെ നേർസാക്ഷ്യമായി മാത്രമേ ചൂണ്ടിക്കാണിക്കാനാവൂ. കൊല്ലം കുരീപ്പുഴയിൽ ദേശീയപാത നിർമാണത്തിനിടെ മണ്ണിനടിയിൽപ്പെട്ട് ഇതരസംസ്ഥാന തൊഴിലാളി മരിച്ചതു കഴിഞ്ഞ ദിവസമാണ്. ആളുകളുടെ ജീവനു വിലകൽപ്പിക്കാതെയുള്ള നിർമാണങ്ങളുടെ ഫലമാണ് ഇത്തരം ദുരന്തങ്ങൾ. നടപടികൾ ശക്തമാക്കാനും കൂടുതൽ ജാഗ്രത പുലർത്താനും കഴിഞ്ഞാൽമാത്രമേ ഇങ്ങനെയുള്ള ദുരന്തങ്ങൾ ഒഴിവാക്കാനാകൂ. കഴിഞ്ഞ ദിവസം പുലർച്ചെ 2.30-ന് ആയിരുന്നു അപകടം. എന്നാൽ, അപകടസ്ഥലത്തു നിർമാണസാമഗ്രികൾ കൂടിക്കിടന്നതിനാൽ വാഹനത്തിനുമേൽ പതിച്ച ഗാർഡറുകൾ ഉയർത്തിമാറ്റാൻ സാധിച്ചില്ല. രാവിലെ 6.30-നാണ് ഗർഡറുകൾ മാറ്റി വാഹനത്തിൽനിന്നു മൃതദേഹം പുറത്തെടുക്കാനായത്. അടിയന്തര സാഹചര്യമുണ്ടായാൽ രക്ഷാപ്രവർത്തനം നടത്താൻപോലും കഴിയാത്ത രീതിയിലാണു നിർമാണം നടക്കുന്നതെന്നതും ഗുരുതര സുരക്ഷാവീഴ്ചയാണ്.

ആലപ്പുഴ ജില്ലയിൽത്തന്നെ ഗർഡർ തകർന്നുവീണു മുൻപും അപകടങ്ങൾ ഉണ്ടായിട്ടും നിർമാണസമയത്തു ഗതാഗതം നിയന്ത്രിക്കാനോ മുൻകരുതലെടുക്കാനോ തയാറാകാതിരുന്നത് എന്തുകൊണ്ടാണ്? ദേശീയപാതയിൽ ആലപ്പുഴ ബൈപാസ് മേൽപാലം നിർമാണത്തിനായി രണ്ടു തൂണുകൾക്കിടയിൽ സ്ഥാപിച്ച നാല് കോൺക്രീറ്റ് ഗർഡറുകൾ തകർന്നുവീണത് ഈ വർഷം മാർച്ചിലാണ്. നിർമാണത്തൊഴിലാളികൾ താമസിക്കുന്ന താൽക്കാലിക ഷെഡുകൾക്കു മുകളിലേക്കാണു ഗർഡറുകൾ പതിച്ചത്. ഷെഡിനുള്ളിലും മറ്റും ആരുമില്ലാതിരുന്നതിനാൽ വൻദുരന്തം ഒഴിവാകുകയായിരുന്നു. ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട ജോലിക്കെത്തിയ ബിഹാർ സ്വദേശി മുഹമ്മദ് ജിബ്രേലാണ് കൊല്ലത്ത് മരിച്ചത്. ലോറിയിൽനിന്നു മണ്ണ് തട്ടുന്നതിനിടെയാണ് ദാരുണാന്ത്യമുണ്ടായത്. മണ്ണ് നിക്ഷേപിക്കുന്നതിനിടെ ഡ്രൈവറുടെ ശ്രദ്ധ ജിബ്രേലിൽ പെട്ടില്ല. വാഹനം പിന്നോട്ടെടുത്തതിനുശേഷം ഇദ്ദേഹത്തെ കാണാനില്ലെന്നു മനസിലാക്കി നടത്തിയ പരിശോധനയിലാണു മൃതദേഹം കണ്ടെത്തിയത്. യാതൊരു സുരക്ഷാ ക്രമീകരണവുമില്ലാതെ അപകടസാധ്യത നിറഞ്ഞ സാഹചര്യത്തിലാണ് ഇവിടെ നിർമാണപ്രവർത്തനങ്ങൾ നടക്കുന്നതെന്ന ആരോപണം നാട്ടുകാർക്കു നേരത്തേയുള്ളതാണ്. വീഴ്ചയ്ക്ക് ഇരയാകേണ്ടിവന്നതു ജീവിതമാർഗം തേടി കേരളത്തിലെത്തിയ ഒരു സാധുവും. ദേശീയപാത 66-ൽ, ഉയരപ്പാത നിർമാണം നടക്കുന്ന അരൂർ മുതൽ തുറവൂർ വരെയുള്ള 12.75 കിലോമീറ്റർ ദൂരത്ത് മൂന്നു വർഷത്തിനിടെ 42 പേർക്കാണു വാഹനാപകടങ്ങളിൽ ജീവൻ നഷ്ടമായത്. ഇത്രയേറെപ്പേർക്കു ജീവൻ നഷ്ടമായിട്ടും ആവശ്യമായ സുരക്ഷാനടപടികൾ കൈകൊണ്ടിട്ടില്ലെന്നതു ക്രൂരമായ അനാസ്ഥതന്നെയാണ്. നേരത്തേ നാലുവരിപ്പാതയായിരുന്നപ്പോഴും തിരക്കുണ്ടായിരുന്ന റോഡിൽ ഉയരപ്പാത നിർമാണം കാരണം വീതി കുറയുകകൂടി ചെയ്തതാണ് ഭൂരിഭാഗം അപകടങ്ങൾക്കും കാരണം. ഉയരപ്പാതയ്ക്കായി പൈലിങ് നടത്തുമ്പോൾ ചെളിയും വെള്ളവും റോഡിലേക്ക് ഒഴുകി ഇരുചക്രവാഹന യാത്രികരും കാൽനടക്കാരും തെന്നിവീഴുന്നതും പതിവാണ്. ഇരുചക്രവാഹനങ്ങൾ കുഴികളിൽ വീണുമറിഞ്ഞു വലിയ വാഹനങ്ങൾക്കടിയിൽപെട്ടാണു ഭൂരിഭാഗം അപകടമരണങ്ങളും.

ഉയരപ്പാത നിർമാണം നടക്കുന്ന ഭാഗത്തുകൂടി കടന്നുപോകുന്ന വാഹനങ്ങൾക്കു മുകളിലേക്കു കോൺക്രീറ്റ് കട്ടകളും മറ്റും അടർന്നുവീണു പലവട്ടം വാഹനങ്ങൾക്കു കേടു സംഭവിച്ചിട്ടുണ്ട്. മുന്നറിയിപ്പു ബോർഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ തുടങ്ങിയ സുരക്ഷാ ക്രമീകരണങ്ങൾ പാതയിൽ ഉറപ്പാക്കണമെന്ന ആവശ്യത്തിൽ ഇനിയും നടപടിയായിട്ടില്ല. അരൂർ-തുറവൂർ ഉയരപ്പാതയുടെ നിർമാണത്തിൽ ദേശീയപാത അതോറിറ്റിയെ വിമർശിച്ച ഹൈക്കോടതി, ജനങ്ങൾക്ക് ഒരു വിലയും നൽകാതെയാണ് നിർമാണം നടക്കുന്നതെന്നും കഴിഞ്ഞവർഷം ജൂലൈയിൽ പറയുകയുണ്ടായി.

നിലവിൽ 25 ലക്ഷത്തിനും 35 ലക്ഷത്തിനുമിടയിൽ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലിചെയ്യുന്നതായാണ് കണക്ക്. തൊഴിലിടത്തിലെ അപകടത്തിൽ പലരും മരിക്കാറുമുണ്ട്. എന്നാൽ, കേരളത്തിലേക്ക് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിലും അവരുടെ മരണത്തിലും കൃത്യമായൊരു കണക്ക് സർക്കാരിന്റെയോ തൊഴിലാളി സംഘടനകളുടെയോ കൈയിലില്ല. തൊഴിൽ അപകടങ്ങൾ, റോഡ്, റെയിൽ, രോഗം, ആത്മഹത്യ, കൊലപാതകം എന്നിങ്ങനെ വിവിധ സംഭവങ്ങളിലായി കേരളത്തിൽ ഒരു ദിവസം രണ്ട് ഇതര സംസ്ഥാന തൊഴിലാളികൾ മരിക്കുന്നതായാണ് അനൗദ്യോഗിക കണക്ക്. ദേശീയപാത 66-ൽ നിർമാണത്തിനിടെയുണ്ടാകുന്ന തുടർച്ചയായ അപകടങ്ങൾക്കു ശാശ്വത പരിഹാരമുണ്ടായേതീരൂ. അരൂർ-തുറവൂർ ഉയരപ്പാത നിർമാണം എത്രയുംവേഗം പൂർത്തീകരിച്ച് ഈ നരകയാതനയിൽനിന്നു യാത്രക്കാരെ മോചിപ്പിക്കുകയും വേണം.

# ഇന്ത്യയിലെ ആദ്യത്തെ ഭാഷാലാബ് മദ്രാസ് ഐഐടിയിൽ

ചെന്നൈ: ഇന്ത്യയിലെ ആദ്യത്തെ ഭാഷാ അവബോധ പരീക്ഷണശാല മദ്രാസ് ഐഐടിയിൽ തുടങ്ങി. ഇന്ത്യയിലെ ഭാഷാ വൈവിധ്യത്തെയും ഭാഷാഗ്രഹണ രീതിയെയുംകുറിച്ച് പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചു ശാസ്ത്രീയമായി പഠിക്കുകയാണ് ലക്ഷ്യം. ഇതിലെ കണ്ടെത്തലുകൾ നിർമിതബുദ്ധി ഗവേഷണം പോലുള്ള മേഖലകളിൽ ഉപയോഗപ്പെടുത്താനാകും.

മനുഷ്യൻ ഭാഷകൾ രൂപവത്കരിക്കുന്നതും ഗ്രഹിക്കുന്നതും അതിനുവേണ്ട സമ്പ്രദായങ്ങൾ ആവിഷ്കരിക്കുന്നതും എങ്ങനെയാണെന്നു മനസ്സിലാക്കുന്നതിനുള്ള ഗവേഷണങ്ങളാണ് ലാബിൽ പ്രധാനമായും നടക്കുക.



മദ്രാസ് ഐഐടി ഡയറക്ടർ പ്രൊഫ. വി. കാമകോടി ഭാഷാലാബിൽ

ഐഐടിയിലെ ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് വിഭാഗത്തിനു കീഴിലാണ് ലാബ്.

ഐഐടി ഡയറക്ടർ ഡോ. വി. കാമകോടി ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചു.

# ദേശീയോദ്യാനങ്ങളുടെ ഒരുകിലോമീറ്റർ ചുറ്റളവിൽ ഖനനം പാടില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും അകത്തോ അവയുടെ അതിർത്തിയിൽനിന്ന് ഒരു കിലോമീറ്റർ ചുറ്റളവിലോ ഖനന പ്രവർത്തനങ്ങൾ പാടില്ലെന്ന് സുപ്രീംകോടതി. ജൂൺ മൂന്നിന് ഗോവ ഫൗണ്ടേഷൻ കേസിൽ ഇതു സംബന്ധിച്ച നിർദേശങ്ങൾ നൽകിയത് ഗോവയുടെ കാര്യത്തിലാണെങ്കിൽ ഇപ്പോഴത് രാജ്യവ്യാപകമാക്കുകയാണെന്ന് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

ഖനനപ്രവർത്തനങ്ങൾ വന്യജീവികൾക്ക് ദോഷമുണ്ടാക്കുമെന്ന് നിരീക്ഷിച്ചാണ് ഝാർഖണ്ഡിലെ സംരക്ഷിത വനമേഖലകളുടെ കേസിൽ സുപ്രീംകോടതിയുടെ നിർദേശമുണ്ടായത്. ഝാർഖണ്ഡിലെ സാരണ്ടാ വനമേഖലയെ മൂന്നു മാസത്തിനകം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കാൻ സുപ്രീംകോടതി നിർദേശം നൽകി.

സംരക്ഷിത വനമേഖലയുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ഖനനം നടത്തുന്നത് വന്യ ജീവികൾക്ക് അപകടം ഉണ്ടാക്കുമെന്നത് കോടതിയുടെ സുസ്ഥിരമായ നിലപാടാണെന്ന് ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ കൂടി ഉൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി. അതിനാൽ, ഗോവയുടെ കാര്യത്തിൽ ഇറങ്ങിയ നിർദേശങ്ങൾ രാജ്യവ്യാപകമാക്കുകയാണെന്നും ജൂൺ മൂന്നിന്റെ ഉത്തരവിൽ ദേദഗതി വരുത്തി സുപ്രീംകോടതി പറഞ്ഞു. അതേസമയം, വനാവകാശ നിയമപ്രകാരം വനമേഖലയിൽ താമസിക്കുന്നവരുടെയും അവിടത്തെ ആദിവാസിവിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കണം.

സ്കൂളുകൾ, റെയിൽപ്പാതകൾ, ചികിത്സാകേന്ദ്രങ്ങൾ എന്നിവയും സംരക്ഷിക്കപ്പെടണമെന്നും സുപ്രിംകോടതി വ്യക്തമാക്കി.

# മരുന്നുപരിശോധന കർശനമാക്കുമെന്ന് കേന്ദ്രം

തൃശൂർ: മരുന്നുപരിശോധന കർശനവും ഗുണപരവുമാക്കാൻ നടപടിയുമായി കേന്ദ്രസർക്കാർ. കേന്ദ്ര ഡ്രഗ്സ് വിഭാഗത്തിൽ ഈ വർഷം 419 ഇൻസ്പെക്ടർ തസ്തികകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. നിയമനത്തിനായുള്ള വിജ്ഞാപനം പുറത്തിറക്കി. ഉദ്യോഗസ്ഥരുടെ കുറവ് മരുന്നുപരിശോധനകളെ ബാധിക്കുന്നെന്ന് വിമർശനമുയർന്നിരുന്നു. പാർലമെന്ററി സമിതിയും ഉദ്യോഗസ്ഥരുടെ കുറവിനെ അടുത്തയിടെ വിമർശിച്ചിരുന്നു. കേന്ദ്ര ഡ്രഗ്സ് കൺട്രോൾ ജനറൽ ഓഫീസിൽ നിലവിൽ 419 തസ്തികകളാണുള്ളത്. ഇതിൽ 187 എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. ഉപകരണവിഭാഗത്തിൽ 63 തസ്തികയാണ് ഒഴിവ്. ഈ സാഹചര്യത്തിലാണ് പുതിയ വിജ്ഞാപനം. ആവശ്യത്തിനനുസരിച്ച് തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരാമെന്നും പറയുന്നുണ്ട്. 30 വയസ്സുവരെയുള്ളവർക്കാണ് അപേക്ഷിക്കാനാകുക. സർക്കാർ ജീവനക്കാർക്ക് നിബന്ധനകൾക്കു വിധേയമായി അഞ്ചുവർഷംവരെ ഇളവുണ്ടാകും. നിയമനനടപടികൾ യുപിഎസ്സി വഴിയാണ് നടത്തേണ്ടതെന്നും വിജ്ഞാപനത്തിൽ പറയുന്നുണ്ട്.

# 5th Death Anniversary

**11-18-2025**



## JOHN IDIYALIL

**BLOOMINGDALE**

**ILLINOIS**

Inserted by: Sorrowing Family


# MEDICARE PLANS

**QUESTIONS ANSWERED**

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG

'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി

# DOULOS

BIBLICAL SEMINARY

P.O BOX:2, VECHOOCHIRA, RANNY PTA.DT.





ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA

Register Now
ENGLISH & MALAYALAM MEDIUM
C.Th. | B.Th. | M.Div.
(CLASSES STARTING FROM DECEMBER 15)

FOUNDER PRESIDENT



PR. DR. V. P. JOSE

PRINCIPAL



PR. DR. JOHN. K. MATHEW

VICE. PRINCIPAL



PR. ANIL KODITHOTTAM

DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath

26 YEARS IN CHRISTIAN MINISTRY

CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289

## കൊച്ചി പഴയ കൊച്ചിയല്ല: നിർബന്ധമായും കണ്ടിരിക്കണം

തിരുവനന്തപുരം: ലോകത്തിലെ മുൻനിര യാത്രാ പ്ലാറ്റ്ഫോമുകളിലൊന്നായ ബുക്കിങ് ഡോട്ട് കോമിന്റെ 2026-ൽ നിർബന്ധമായും സന്ദർശിക്കേണ്ട യാത്രാകേന്ദ്രങ്ങളുടെ പട്ടികയിൽ ഇന്ത്യയിൽനിന്നുള്ള ഏക സ്ഥലമായി കൊച്ചി ഇടംപിടിച്ചു. 10 ലോകോത്തര വിനോദസഞ്ചാരകേന്ദ്രങ്ങളുടെ പട്ടികയാണ് ബുക്കിങ് ഡോട്ട് കോം തയ്യാറാക്കിയത്.

ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലെ വാസ്തുശില്പ ചാരുതയും ആധുനിക ആർട്ട് കഫെകളും ഒത്തുചേരുന്ന നഗരമാണ് കൊച്ചി. ചൈനീസ് വലകൾ, പൈതൃക കച്ചവടകേന്ദ്രങ്ങൾ, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ, അത്യാധുനിക കലാകേന്ദ്രങ്ങളായി മാറുന്ന കൊച്ചി-മുസിരിസ് ബിനാലെ പോലുള്ള ലോകോത്തര പരിപാടികൾ തുടങ്ങിയവ ഈ നഗരത്തിന്റെ ആകർഷണങ്ങളാണെന്ന് വെബ്സൈറ്റ് ചൂണ്ടിക്കാട്ടുന്നു.

ആലപ്പുഴയിലെ കായൽയാത്ര, മൂന്നാറിലെ കോടമഞ്ഞു മൂടിയ മലനിരകളിലൂടെയും തേയിലത്തോട്ടങ്ങളിലൂടെയുമുള്ള ട്രെക്കിങ്, മാരാരി ബീച്ചിലെ സ്വർണമണലിലെ വിശ്രമം തുടങ്ങി കേരളത്തിന്റെ പ്രകൃതി സൗന്ദര്യം വർണനാതീതമാണ്. മികച്ച യാത്രാസംവിധാനമുള്ള കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഇവിടേക്കുള്ള കവാടമാണെന്നും ബുക്കിങ്.കോം വിലയിരുത്തി. കേരള ടൂറിസത്തിനു ലഭിച്ച ആഗോള അംഗീകാരമാണ് ഇതെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു.

## കാലാവസ്ഥാദുരന്തത്തിൽ മൂന്നു പതിറ്റാണ്ടിനിടെ ഇന്ത്യയിൽ മരിച്ചത് 80,000 പേർ

ന്യൂഡൽഹി: കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകൾക്കിടെ കാലാവസ്ഥാ ദുരന്തങ്ങൾ ഏറ്റവുമധികം ബാധിച്ച രാജ്യങ്ങളിൽ ഇന്ത്യ ഒമ്പതാമതെന്നു റിപ്പോർട്ട്. 1995 മുതൽ ഇന്ത്യയിൽ ഉണ്ടായിട്ടുള്ള 430 തീവ്രകാലാവസ്ഥാ ദുരന്തങ്ങൾ മൂലം 80,000 പേർ മരിച്ചിട്ടുണ്ടെന്നും പരിസ്ഥിതി തിങ്ക് ടാങ്കായ ജർമൻവാച്ച് പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. ബ്രസീലിൽ നടക്കുന്ന കാലാവസ്ഥാ മാറ്റത്തെക്കുറിച്ചുള്ള യുഎൻ കോൺഫറൻസായ സിഒപി 30-ലാണ് കാലാവസ്ഥാ അപകട സൂചിക (സിആർഐ) 2026 എന്ന പേരിലുള്ള റിപ്പോർട്ട് ജർമൻവാച്ച് പുറത്തുവിട്ടത്.

കാലാവസ്ഥാ വ്യതിയാനം മൂലം ആഗോളതലത്തിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ 8,30,000 മരണങ്ങളും 45 ലക്ഷം കോടി രൂപയുടെ നഷ്ടവുമുണ്ടായെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഉഷ്ണതരംഗങ്ങൾ, വെള്ളപ്പൊക്കങ്ങൾ, കൊടുങ്കാറ്റുകൾ തുടങ്ങിയ അതിതീവ്ര കാലാവസ്ഥാദുരന്തങ്ങൾ ഇന്ത്യയടക്കമുള്ള രാജ്യങ്ങളെ പ്രതികൂലമായി ബാധിച്ചെന്നും റിപ്പോർട്ടിലുണ്ട്. കഴിഞ്ഞ 30 വർഷത്തിനിടെ കാലാവസ്ഥാദുരന്തങ്ങൾ ഏറ്റവുമധികം ബാധിച്ചത് ഡൊമിനിക്ക, മ്യാൻമർ, ഹോണ്ടുറാസ് എന്നീ രാജ്യങ്ങളിലാണ്. ലിബിയ, ഹെയ്ത്തി, ഗ്രനാഡ, ഫിലിപ്പീൻസ്, നിക്കരാഗ്വ, ബഹാമാസ് എന്നീ രാജ്യങ്ങളാണ് ഇന്ത്യക്കുപുറമെ ആദ്യപത്തിലുള്ള മറ്റുരാജ്യങ്ങൾ.

റിപ്പോർട്ടിൽ ഇന്ത്യയെ സംബന്ധിക്കുന്ന ഭാഗത്തിൽ 1998-ലെ ഗുജറാത്ത് ചുഴലിക്കാറ്റും 1999-ലെ ഒഡീഷ അതിതീവ്ര ചുഴലിക്കാറ്റും 2013-ലെ ഉത്തരാഖണ്ഡ് വെള്ളപ്പൊക്കങ്ങളും 2019-ൽ രാജ്യത്തുണ്ടായ വെള്ളപ്പൊക്കങ്ങളുമടക്കം പരാമർശിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ ഇതുപോലെ രാജ്യത്തുണ്ടായ 430 തീവ്രകാലാവസ്ഥാ ദുരന്തങ്ങൾ മൂലം രാജ്യത്തിന് 17,000 കോടി ഡോളറിന്റെ നഷ്ടമുണ്ടായെന്നും 130 കോടി ആളുകളെ ബാധിച്ചെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

## ഫ്ളൈ ഓവർ നിർമാണത്തിനിടെ ഗർഡറുകൾ പിക്കപ്പ് വാനിനു മുകളിലേക്കു വീണ് ഡ്രൈവർക്ക് ദാരുണാന്ത്യം

കൊച്ചി: അരൂർ-തുറവൂർ ഉയരപ്പാത നിർമാണത്തിനിടെ ഗർഡറുകൾ പിക്കപ്പ് വാനിനു മുകളിലേക്കു വീണ് ഡ്രൈവർക്ക് ദാരുണാന്ത്യം. ഹരിപ്പാട് പള്ളിപ്പാട് തെക്കേക്കര ജിഷ്ണു ഭവനിൽ രാജേഷ് (47) ആണു മരിച്ചത്. നവംബർ 13-ന് പുലർച്ചെ 2.30-ഓടെ ചമ്മാടായിരുന്നു അപകടം. 80 ടൺ ഭാരമുള്ള രണ്ടു ഗർഡറുകളാണ് നിലം പതിച്ചത്. പുതിയ ഗർഡറുകൾ സ്ഥാപിക്കുന്നതിനിടെ, നേരത്തെ സ്ഥാപിച്ച രണ്ടെണ്ണം താഴേക്കു വീഴുകയായിരുന്നു. ഇവയിൽ ഒന്ന് രാജേഷ് സഞ്ചരിച്ചിരുന്ന പിക്കപ്പ് വാനിനുമുകളിൽ പതിച്ചു.

അപകടത്തെത്തുടർന്ന് വാഹനം പൂർണമായും തകർന്നു. ക്രെയിൻ എത്തിച്ച് നാലു മണിക്കൂറോളം നീണ്ട രക്ഷാപ്രവർത്തനത്തിനൊടുവിൽ രാവിലെ 6.30-ഓടെ വാഹനം വെട്ടിപ്പൊളിച്ചാണു രാജേഷിനെ പുറത്തെത്തിച്ചത്. സംഭവസ്ഥലത്തുതന്നെ രാജേഷ് മരിച്ചു. തുടർന്ന് മൃതദേഹം എറണാകുളം ജനറൽ ആശുപത്രിയിലേക്കു മാറ്റി. 11-നാണ് ഹരിപ്പാട്ടുനിന്ന് പിക്കപ്പ് വാനുമായി രാജേഷ് തമിഴ്നാട്ടിലേക്കു പോയത്. കോഴിമുട്ടയുമായി തിരികെ എറണാകുളത്തെത്തി ലോഡ് ഇറക്കിയശേഷം ഹരിപ്പാട്ടേക്കു മടങ്ങുമ്പോഴായിരുന്നു അപകടം. അപകടം സംബന്ധിച്ച് ദേശീയപാതാ അതോറിറ്റിയെ വിവരം അറിയിച്ചതായി മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. നിർമാണക്കമ്പനി അധികൃതരെ പ്രതിയാക്കി അരൂർ പോലീസ് നരഹത്യക്ക് കേസെടുത്തു. 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാമെന്ന് നിർമാണക്കമ്പനി രാജേഷിന്റെ കുടുംബത്തെ അറിയിച്ചതോടെയാണ് ആശുപത്രിയിൽനിന്നു മൃതദേഹം ഏറ്റുവാങ്ങാൻ ബന്ധുക്കൾ തയാറായത്.

രാജപ്പൻ-സരസമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ: ഷൈലമ്മ. മക്കൾ: ജിഷ്ണു രാജ് (കായംകുളം എംഎസ്എം കോളജ് ബിരുദ വിദ്യാർത്ഥി), ആർ. കൃഷ്ണവേണി (പ്ലസ് വൺ വിദ്യാർത്ഥിനി).

ഹൈഡ്രോളിക് ജാക്കിയുടെ തകരാറാണ് അപകടകാരണമെന്ന് നിർമാണ കമ്പനിയായ അശോക ബിൽഡ്കോൺ അധികൃതർ പറഞ്ഞു. തൂണുകൾക്കു മുകളിലെ പിയർ ക്യാപ്പിനു മുകളിലുള്ള ബിയറിംഗിലാണ് ഗർഡറുകൾ സ്ഥാപിക്കുന്നത്. സാധാരണ ലോഞ്ചിംഗ് ഗാൻട്രിയുടെ സഹായത്തോടെയാണു കോൺക്രീറ്റ് ഗർഡറുകൾ സ്ഥാപിക്കുന്ന ജോലികൾ ചെയ്യുന്നത്. എന്നാൽ ഇവിടെ ടോൾപ്ലാസ വരുന്നതിനാൽ ലോഞ്ചിംഗ് ഗാൻട്രി സ്ഥാപിക്കാൻ കഴിയില്ലെന്നാണു നിർമാണക്കമ്പനിയുടെവാദം. തൂണുകൾക്കു മുകളിലെ ഹൈഡ്രോളിക് ജാക്കികൾക്കു മുകളിൽ ഗർഡറുകൾകയറ്റി ഇവിടെനിന്നു ബിയറിംഗിനു മുകളിലേക്ക് ഉയർത്തിമാറ്റുന്നതിനിടെ രണ്ടു തൂണുകളിൽ ഒരു ഭാഗത്തുണ്ടായിരുന്ന ഹൈഡ്രോളിക്ജാക്കി തകരാറിലായതോടെ കോൺക്രീറ്റ് ഗർഡറുകൾ ചരിയുകയും താഴേക്കു പതിക്കുകയുമായിരുന്നു



ഉയരപ്പാത നിർമാണത്തിനിടെ അരൂർ ചങ്ങനാട് ഗർഡർ പിക്കപ്പ് വാനിലേക്ക് പതിച്ചപ്പോൾ.

## ചെലവുകണക്ക് നൽകുന്നതിൽ വീഴ്ച; 9016 പേർക്ക് മത്സരവിലക്ക്

ആലപ്പുഴ: കഴിഞ്ഞ തദ്ദേശതെരഞ്ഞെടുപ്പിൽ മത്സരിച്ച് ചെലവുകണക്ക് നൽകാത്തതും പരിധിയിൽക്കൂടുതൽ തുക ചെലവഴിച്ചതുമായ 9016 പേർക്ക് ഇത്തവണ മത്സരിക്കാനാകില്ല. ഇത്തവണ ഇവർ നാമനിർദേശപത്രിക നൽകിയാൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയെടുക്കും. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലായി 7314 പേരെയും നഗരസഭ-കോർപറേഷനുകളിലായി 1702 പേരെയുമാണ് കമ്മീഷൻ അയോഗ്യരാക്കിയിട്ടുള്ളത്. ചെലവുകണക്ക് നൽകണമെന്നാവശ്യപ്പെട്ട് കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടും നൽകാത്തവർക്കെതിരെയാണ് നടപടി. സ്വതന്ത്രരാണ് ഇതിൽ കൂടുതൽ. 2022 ഓഗസ്റ്റിലാണ് ഇവരെ കമ്മീഷൻ അയോഗ്യരാക്കിയത്. അഞ്ചുകൊല്ലത്തേക്കാണ് അയോഗ്യത. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിൽ മത്സരിച്ച 436 പേർക്കാണ് അയോഗ്യത.

2020-ലെ തദ്ദേശ തെരഞ്ഞെടുപ്പിനുപുറമേ പിന്നീട് നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ മത്സരിച്ച 185 പേരും ചെലവുകണക്കിന്റെ പേരിൽ അയോഗ്യരാക്കപ്പെട്ടിട്ടുണ്ട്. 2023 മുതൽ 2025 ഫെബ്രുവരിവരെ വിവിധ കാലങ്ങളിലായാണ് ഇവരെ അയോഗ്യരാക്കിയത്. ഇവർക്കും ഇക്കുറി മത്സരിക്കാനാകില്ല.






# 16–ാമത് കെസിസിഎൻഎ കൺവൻഷന്റെ ചിക്കാഗോ കിക്കോഫ് ആവേശം വിതറി

**ബൈജു ആലപ്പാട്ട്**

ചിക്കാഗോ: ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലെ ബ്രോവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ, 2026 ആഗസ്റ്റ് ആറ് മുതൽ 10 വരെ നടക്കുന്ന 16-ാമത് കെസിസിഎൻഎ നാഷണൽ കൺവൻഷന്റെ ചിക്കാഗോ കിക്കോഫ് കെസിഎസ് ക്നാനായ നൈറ്റിനോട് അനുബന്ധിച്ചു നടന്നു.

ചിക്കാഗോ ക്നാനായ സമൂഹം എല്ലാക്കാലവും ആവേശത്തോടെ ഏറ്റെടുക്കുന്ന ക്നാനായ കൺവൻഷനു ഇത്തവണയും അതിഗംഭീരമായ സപ്പോർട്ടാണ് ലഭിച്ചത്.

കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സിജു ചെരുവൻകാലായിൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, ചിക്കാഗോ ആർവിപി ബാബു തൈപ്പറമ്പിൽ കൺവൻഷൻ രജിസ്ട്രേഷൻ ചെയർ രഞ്ജൻ വട്ടാടികുന്നേൽ കോ-ചെയർ സനീഷ് അറക്കപ്പറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു. കെസിഎസ് പ്രസിഡണ്ട് ജോസ് ആനമലുടെ നേതൃത്വത്തിലുള്ള കെസിഎസ് എക്സിക്യൂട്ടിവ് കമ്മിറ്റി പരിപാടികൾക്കു നേതൃത്വം നൽകി.

രജിസ്ട്രേഷൻ ഓപ്പൺ ചെയ്തു 22 ദിവസത്തിലേക്കെത്തിയപ്പോൾ നാനൂറിലപ്പുറം രജിസട്രേഷനുകളിലേക്കെത്തുകയാണെന്നു ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ അറിയിച്ചു.

കെസിസിഎൻഎയുടെ ഏറ്റവും വലിയ യൂണിറ്റുകളിലൊന്നായ ചിക്കാഗോ കെസിഎസിൽ നിന്നും ഏതാണ്ട് 166 ഫാമിലി രജിസ്ട്രേഷൻ പൂർത്തിയായി വരുന്നതായി ജനറൽസെക്രട്ടറി അറിയിച്ചു.

**ഗോൾഡ് സ്പോൺസർസ്** (15 K):

ബിനു & ജിഷ പൂത്തറയിൽ,

ജോയ് & ഫിൻസി നെടിയകാലയിൽ

**സിൽവർ സ്പോൺസർസ്** (10 K):

ബിനോയ് & ജിജോ പൂത്തറയിൽ,

രാജു & സിബി പിണർക്കയിൽ,

ഷാജി & പ്രിയ പിണർക്കയിൽ,

ജോൺസൺ & ജിഞ്ചു വാഴപ്പള്ളിയിൽ

മുത്ത് & റിനി കല്ലിടുക്കിൽ

സഞ്ചു & സിന്ധു പുളിക്കത്തൊട്ടിയിൽ

സിറിയക് & സിജു കൂവക്കാട്ടിൽ

**മെഗാ സ്പോൺസർസ്** (7K):

സിറിൽ & ജിഷ പെരിങ്ങേലിൽ

ബിനു & ടോസ്മി കൈതക്കത്തൊട്ടിയിൽ

ജിബിറ്റ് & മരിയ കിഴക്കേക്കുറ്റ്

ഇവരെ കൂടാതെ 36 ഗ്രാൻഡ് സ്പോൺസേഴ്സും (4K) 166 ഫാമിലി സ്പോൺസേഴ്സും ചിക്കാഗോയിൽനിന്നും കെസിസിഎൻഎ കൺവൻഷനെ സപ്പോർട്ട് ചെയ്യുവാൻ കടന്നുവന്നിരിക്കുന്നു.

16-ാമത് കെസിസിഎൻഎ നാഷണൽ കൺവൻഷനെ നെഞ്ചിലേറ്റിയിരിക്കുന്ന ചിക്കാഗോ കെസിഎസ് ക്നാനായ സമൂഹത്തിനോടും അതിനു നേതൃത്വം കൊടുക്കുന്ന കെസിഎസ് എക്സിക്യൂട്ടീവ് കമ്മിറ്റിക്കും കെസിസിഎൻഎ എക്സിക്യൂട്ടീവിന്റെ പേരിലും കൺവൻഷൻ സ്റ്റിയറിംഗ് കമ്മിറ്റിയുടെ പേരിലുമുള്ള നന്ദി കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലും എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സിജു ചെരുവൻകാലായിലും ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കലും ചിക്കാഗോ ആർവിപി ബാബു തൈപ്പറമ്പിലും അറിയിച്ചു.

ടാമ്പ കെസിസിസിഎഫും മയാമി യൂണിറ്റും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന കൺവൻഷന്റെ ചെയർപേഴ്സൺ ജോബി ഊരാളിലാണ്.


ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ) പ്രസിഡണ്ട്, സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്) എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, വിപിൻ ചാലുങ്കൽ (ചിക്കാഗോ) ജനറൽ സെക്രട്ടറി, സൂസൻ തെങ്ങുംതറയിൽ (സാൻഹൊസെ) ജോയിന്റ് സെക്രട്ടറി, ജോജോ തറയിൽ (ഹൂസ്റ്റൺ) ട്രഷറർ, ജേക്കബ് കുസുമാലയം (ന്യൂയോർക്ക്) വൈസ് പ്രസിഡണ്ട്, ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) ജോയിന്റ് ട്രഷറർ എന്നിവരാണ് കെസിസിഎൻഎയ്ക്ക് നേതൃത്വം നൽകുന്നത്. ഇവരെ കൂടാതെ റീജിയണൽ വൈസ് പ്രസിഡണ്ടുമാരായ ഫിലിപ്സ് മാത്യു മാപ്പളശ്ശേരിൽ (ഹൂസ്റ്റൺ), അരുൺ ജോർജ് പൗവ്വത്തിൽ (മയാമി), സിൽവസ്റ്റർ സിറിയക് കൊടുന്നിനാംകുന്നേൽ (ഡാളസ്), ബാബു തൈപ്പറമ്പിൽ (ചിക്കാഗോ), സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്), ഗോഡ്വിൻ കൊച്ചുപുരക്കൽ (മിനസോട്ട), ടോമി ജോസഫ് തെക്കനാട്ട് (വാഷിംഗ്ടൺ), ജോബിൻ മാനുവൽ മരങ്ങാട്ടിൽ (സാക്രമെന്റോ), ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ളോറിഡ), മിന്നു എബ്രഹാം കൊടുന്നിനാംകുന്നേൽ (കാനഡ), വിമൻസ് ഫോറം നാഷണൽ പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠം (ഡാളസ്), KCYL പ്രസിഡണ്ട് ആൽവിൻ പിണർക്കയിൽ (ചിക്കാഗോ), യുവജനവേദി നാഷണൽ പ്രസിഡണ്ട് പുന്നൂസ് വഞ്ചിപുരക്കൽ (ടാമ്പ), സ്പിരിച്ചുൽ ഡയറക്ടർ റവ. ഫാ. ബോബൻ വട്ടംപുറത്ത് (സാൻ അന്റോണിയ വികാരി) എന്നിവരടങ്ങിയതാണ് കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റി.























# ഡൽഹി സ്ഫോടനം: കൂടുതൽ തെളിവുകൾ ലഭിച്ചു

## ആറ് നഗരങ്ങൾ ലക്ഷ്യമിട്ടിരുന്നു

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനവുമായി ബന്ധപ്പെട്ട് അന്വേഷണസംഘം കൂടുതൽ തെളിവുകൾ കണ്ടെത്തി. പൊട്ടിത്തെറിച്ച ഐ20 കാർ ഓടിച്ചത് സ്ഫോടനത്തിന്റെ മുഖ്യസൂത്രധാരനെന്നു സംശയിക്കുന്ന പുൽവാമ സ്വദേശി ഉമർ നബി തന്നെയാണെന്ന് ഡിഎൻഎ പരിശോധനയിൽനിന്നു വ്യക്തമായതായി അന്വേഷണ ഏജൻസികളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സ്ഫോടനത്തിനു പിന്നാലെ ഉമറിന്റെ അമ്മയുടെ ഡിഎൻഎ പോലീസ് ശേഖരിച്ചിരുന്നു. ഐ20 കാറിൽനിന്നു കണ്ടെത്തിയ ശരീരാവശിഷ്ടങ്ങളും ഉമറിന്റെ കുടുംബാംഗങ്ങളിൽനിന്നുശേഖരിച്ച സാമ്പിളുകളും പരസ്പരം പൊരുത്തപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കാർ ഓടിച്ചത് ഇയാൾ തന്നെയാണെന്ന നിഗമനത്തിലേക്ക് അന്വേഷണസംഘം എത്തിയത്.



കാറുമായി ഉമർ ഡൽഹിയിലെ പ്രധാന നഗരങ്ങളിലൂടെ സഞ്ചരിക്കുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഫരീദാബാദിലെ ബദൽപൂർ അതിർത്തി വഴി ഡൽഹിയിലേക്കു പ്രവേശിക്കുന്നതും രാംലീല മൈതാനത്തിനടുത്തുള്ള മോസ്ക്കിന്റെ സമീപത്തുകൂടി നടക്കുന്ന ഉമറിന്റെ മുഖം കൂടുതൽ വ്യക്തമാകുന്നതുമായ ദൃശ്യങ്ങളാണ് പുറത്തുവന്നത്. ഏകദേശം 50 സിസിടിവികളിൽനിന്നുള്ള ദൃശ്യങ്ങളിൽ ഉമറിനെ കാണാം. സ്ഫോടനം നടന്നതിനു തലേദിവസം രാത്രി ഉമർ കാറുമായി ഡൽഹി-മുംബൈ എക്സ്പ്രസ് ഹൈവേയിൽ പ്രവേശിക്കുകയും വഴിയോര ഹോട്ടലിനു സമീപം നിർത്തി ഭക്ഷണം കഴിക്കുകയും ചെയ്തു. തുടർന്ന് രാത്രിയിൽ കാറിൽ ചെലവഴിച്ചശേഷം നവംബർ 10-ന് തിങ്കളാഴ്ച രാവിലെ കാറുമായി ബദർപൂർ അതിർത്തിയിലൂടെ ഡൽഹിയിൽ പ്രവേശിച്ചുവെന്നുമാണ് പോലീസിന്റെ കണ്ടെത്തൽ. അതേസമയം, ബാബറി മസ്ജിദ് തകർത്തതിന്റെ വാർഷികദിനമായ ഡിസംബർ ആറിന് ഇന്ത്യയിലെ ആറു നഗരങ്ങളിൽ ഒരേസമയം സ്ഫോടനങ്ങൾ നടത്താൻ പദ്ധതിയിട്ടിരുന്നതായി അന്വേഷണസംഘങ്ങൾ കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്. കഴിഞ്ഞദിവസങ്ങളിൽ അറസ്റ്റിലായ ഡോ. ഷഹീൻ സയീദ്, ഡോ. പർവേസ് അൻസാരി, ഡോ. മുസമ്മിൽ എന്നിവരെ ചോദ്യം ചെയ്തതിൽനിന്നാണ് ഈ വിവരം ലഭിച്ചതെന്നാണ് അന്വേഷണസംഘം പറയുന്നത്. ഏതൊക്കെ നഗരങ്ങളെയാണു ലക്ഷ്യംവെച്ചത് എന്നതിൽ വ്യക്തതയില്ല.

ചെങ്കോട്ട സ്ഫോടനവുമായി ബന്ധപ്പെട്ട് മെഡിക്കൽ പ്രഫസറും മെഡിക്കൽ വിദ്യാർത്ഥിയും കസ്റ്റഡിയിൽ. ഉത്തർപ്രദേശിലെ ഹപൂർ ജിഎസ് മെഡിക്കൽ കോളജ് അസിസ്റ്റന്റ് പ്രഫസർ ഡോ. ഫാറൂഖ്, ജിഎസ്‌വിഎം മെഡിക്കൽ കോളജ് ഒന്നാം വർഷ ഡിഎം വിദ്യാർത്ഥി മുഹമ്മദ് ആരിഫ് മിർ (32) എന്നിവരാണ് പിടിയിലായത്. ഡോ. ഫറൂഖിനെ ഡൽഹി പോലീസും മിറിനെ യുപി എടിഎസുമാണ് കസ്റ്റഡിയിലെടുത്തത്. ഇരുവരും ജമ്മു-കശ്മീർ സ്വദേശികളാണ്.

# ആൾക്കൂട്ട ദുരന്തം തടയാൻ എഐ

കോഴിക്കോട്: ആൾക്കൂട്ടം എത്രവലുതായാലും അവരെ നിർമിതബുദ്ധിയിൽ (എഐ) പ്രവർത്തിക്കുന്ന ക്യാമറയിലൂടെ നിരീക്ഷിച്ച് അസ്വാഭാവിക നീക്കങ്ങൾ വിലയിരുത്തി ദുരന്തങ്ങൾ തടയാൻ സഹായിക്കുന്ന പദ്ധതി തയ്യാറാക്കി കോഴിക്കോട്ടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എൻഐടി). ഒരു റോഡിൽ അല്ലെങ്കിൽ നിശ്ചിത വിസ്തൃതിയുള്ള സ്ഥലത്ത് പരമാവധി എത്രപേർക്ക് സ്വസ്ഥമായി ചെലവിടാമെന്ന് തുടങ്ങി ഏത് ഘട്ടത്തിൽ അത് തിക്കുംതിരക്കുമാകുമെന്നും ആൾക്കൂട്ട ദുരന്തമാകുമെന്നും ഇതിലൂടെ വിശകലനം ചെയ്യാനാകും. ജനത്തിരക്കേറിയ റോഡിലുണ്ടാകുന്ന അഗ്നിബാധ ഉൾപ്പെടെയുള്ള എന്ത് അസ്വാഭാവിക നീക്കവും ഇതിലൂടെ കണ്ടെത്താനാകുമെന്ന് പദ്ധതി നടപ്പാക്കുന്ന എൻഐടി ആർക്കിടെക്ചർ ആൻഡ് ടൗൺ പ്ലാനിങ് വിഭാഗം അസി. പ്രൊഫസർ ഡോ. പി. ബിമൽ പറഞ്ഞു. കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച 40 ലക്ഷത്തിൽനിന്ന് 21 ലക്ഷം രൂപ വിനിയോഗിച്ചാണ് പദ്ധതി തുടങ്ങിയത്. ആൾക്കൂട്ടമുണ്ടാകാൻ സാധ്യതയുള്ളയിടങ്ങളിൽ സ്ഥാപിക്കുന്ന സിസിടിവി ക്യാമറകളും ഡ്രോൺ ക്യാമറകളും നിശ്ചിത അൽഗോരിതത്തിലൂടെ വിശകലനം ചെയ്ത് എഐ സംവിധാനം വിനിയോഗിച്ച് അപഗ്രഥിക്കും. ദുരന്തങ്ങൾ തിരിച്ചറിഞ്ഞ് ഫയർഫോഴ്സ്, പോലീസ്, ജില്ലാ ഭരണകൂടം തുടങ്ങിയവരെ നിമിഷങ്ങൾകൊണ്ട് അറിയിക്കാനാകും.

യുപിയിലെ വാരാണസി, കോഴിക്കോട് മിഠായിത്തെരുവ്, എൻഐടി കാമ്പസ് എന്നിവിടങ്ങളിൽ പ്രാഥമിക പരീക്ഷണം നടത്തി. റിയൽ ടൈം പ്രവർത്തനം തിരക്കേറിയ കോഴിക്കോട് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് വേദിയിൽ നടത്താനാണ് തീരുമാനം. എൻഐടി ആർക്കിടെക്ചർ ആൻഡ് പ്ലാനിങ് വിഭാഗം മേധാവി ഡോ. കെ. ചിത്ര, അസി. പ്രൊഫ. ഡോ. സനിൽകുമാർ എന്നിവരുൾപ്പെട്ട സംഘമാണ് പദ്ധതിയുടെ അണിയറയിൽ. തുടർപ്രവർത്തനങ്ങൾക്കാവശ്യമായ തുകകൂടി അനുവദിക്കപ്പെട്ടതായി സെന്റർ ഓഫ് എക്സലൻസ് ഇൻ അർബൻ പ്ലാനിങ് ആൻഡ് ഡിസൈൻ ചെയർമാൻ പ്രൊഫ. പി.പി. അനിൽകുമാർ അറിയിച്ചു.

# ആശ്രിത നിയമനം:

## 13 വയസിൽ താഴെയുള്ളവർക്ക് അർഹതയില്ല

തിരുവനന്തപുരം: ആശ്രിത നിയമനത്തിനുള്ള ഉത്തരവ് വിവാദമായ സാഹചര്യത്തിൽ പുറത്തിറക്കിയ സ്പഷ്ടീകരണ ഉത്തരവിലും 13 വയസിൽ താഴെയുള്ള കുട്ടികൾക്ക് ആശ്രിത നിയമനത്തിന് അർഹതയില്ല. 13 വയസിനു മുകളിലുള്ളവർ മാത്രമാണ് പിന്നീട് ആശ്രിത നിയമന പദ്ധതിയിൽ ഉൾപ്പെടുക.

പൊതുസീനിയോറിറ്റി ലിസ്റ്റ് എന്ന തീരുമാനവും പുതുക്കിയ ഉത്തരവിലും തിരുത്തിയില്ല. എയ്ഡഡ് സ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള നേരത്തേയുള്ള ഉത്തരവിലെ നിർദേശവും നിലനിൽക്കുകയാണ്.

അതേസമയം, തദ്ദേശ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ച ശേഷം തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലനിൽക്കേയാണ് ഇതുസംബന്ധിച്ച ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇറക്കിയതെന്ന ആരോപണവും ശക്തമാണ്. അവധി ദിവസമായ ഒൻപതിന് ഞായറാഴ്ചയാണ് ഉത്തരവ് ഇറക്കിയതായി വ്യക്തമാക്കുന്നത്. എന്നാൽ, തെരഞ്ഞെടുപ്പു പ്രഖ്യാപിച്ച ശേഷമാണ് സൈറ്റിൽ അടക്കം അപ് ലോഡ് ചെയ്തതായി കാണിക്കുന്നത്.

അതേസമയം, പൊതുഭരണവകുപ്പിന്റെ ഏകീകൃത സംവിധാനങ്ങൾ നിലവിൽ വരുന്നതു ബന്ധപ്പെട്ട വകുപ്പുകൾക്ക് നിയമനത്തിനായി ഉത്തരവ് പുറപ്പെടുവിക്കാമെന്ന് സ്പഷ്ടീകരണ ഉത്തരവിൽ നിർദേശിക്കുന്നു. ആശ്രിത നിയമനത്തിനായി ഓരോ 16-ാമത്തെ ഒഴിവും മാറ്റിവെക്കണം. ഒരു വർഷം ഒരു ജില്ലയിലെ ഒഴിവിന്റെ അഞ്ചു ശതമാനം കണക്കിൽ നിയമനം നടത്താമെന്നും നിർദേശിക്കുന്നു.

അതേസമയം, പുതുക്കിയ സ്പഷ്ടീകരണ ഉത്തരവിലും ജീവനക്കാരുടെ ആശ്രിത നിയമന പദ്ധതിയിലെ അട്ടിമറിക്ക് പരിഹാരമായില്ലെന്ന് കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ ആരോപിച്ചു.

പുതുക്കിയ ഉത്തരവിന്റെ പ്രാബല്യ രീതി സംബന്ധിച്ച് വ്യക്തത വരുത്തിയെന്നതിന് അപ്പുറം ആശങ്കകൾ അതേപടി നിലനിൽക്കുന്നു.

ഏഴു വർഷം മുൻപത്തെ വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യം സർക്കാർ തള്ളിക്കളഞ്ഞെന്ന് അസോസിയേഷൻ പ്രസിഡണ്ട് എം.എസ്. ഇർഷാദും ജനറൽ സെക്രട്ടറി കെ.പി. പുരുഷോത്തമനും പറഞ്ഞു.






# അന്റാർട്ടിക്കയിൽ ഇന്ത്യയുടെ പുതിയ സ്റ്റേഷൻ

കൊച്ചി: കൊടുംശൈത്യത്തിലും വർഷം മുഴുവൻ പ്രവർത്തിക്കുന്ന ഗവേഷണകേന്ദ്രം അന്റാർട്ടിക്കയിൽ തുടങ്ങാൻ ഇന്ത്യ. ഇപ്പോഴുള്ള മൈത്രി സ്റ്റേഷനു പകരം വരുന്ന, ഇരട്ടിയിലധികം വലിപ്പമുള്ള ഈ അത്യാധുനിക സ്റ്റേഷന് ഏതാണ്ട് 2150 കോടി രൂപയാണ് ചെലവ്. 2032-ൽ സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യ ധ്രുവപ്രദേശങ്ങളിൽ തുടങ്ങുന്ന നാലാമത്തെ റിസേർച്ച് സ്റ്റേഷനായിരിക്കും ഇത്.

ധ്രുവപ്രദേശങ്ങളിലെ ഗവേഷണപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഗോവയിലെ നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ചിന് ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ സാമ്പത്തികാനുമതി ലഭിച്ചു. താമസിയാതെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുമെന്ന് എൻസിപിഒആർ ഡയറക്ടർ ഡോ.തമ്പാൻ മേലത്ത് പറഞ്ഞു. 40 വർഷത്തേക്കെങ്കിലും നിലനിൽക്കുന്ന സംവിധാനമാണ് ഉദ്ദേശിക്കുന്നത്. പരിസ്ഥിതി സൗഹൃദ രൂപകല്പനയായിരിക്കും.

വേനൽക്കാലത്ത് 140 ശാസ്ത്രജ്ഞന്മാർക്കും അതിശൈത്യകാലത്ത് 40 പേർക്കും പര്യവേക്ഷണം നടത്താം. ഏറ്റവും പുതിയ സാങ്കേതിക വിദ്യ, മനുഷ്യസാന്നിദ്ധ്യമില്ലാത്ത കഠിനമായ ശൈത്യകാലത്തുപോലും വിവരങ്ങൾ ശേഖരിക്കാനും കൈമാറാനും കഴിവുള്ള ഓട്ടോമാറ്റിക് ഉപകരണങ്ങൾ എന്നിവ ഇവിടെയുണ്ടാകും.

സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായി സൗരോർജവും കാറ്റിൽ നിന്നുള്ള ഊർജവും ഉപയോഗിക്കും. മെച്ചപ്പെട്ട മാലിന്യ സംസ്കരണ സംവിധാനം ഉണ്ടാകും. പുതിയത് സജ്ജമായാൽ നിലവിലുള്ള സ്റ്റേഷൻ പ്രവർത്തനം അവസാനിപ്പിക്കും.

അന്റാർട്ടിക്കയിൽ ആദ്യത്തെ ഇന്ത്യൻ താവളമായ ദക്ഷിൺ ഗംഗോത്രി തുടങ്ങിയത് 1983-ലാണ്. ഇപ്പോൾ അത് ഉപയോഗിക്കുന്നില്ല. 1989-ലാണ് മൈത്രി സ്റ്റേഷൻ ആരംഭിച്ചത്. അന്റാർട്ടിക്കയിലെ മൂന്നാമത്തെ സ്റ്റേഷനായ ഭാരതി 2012-ലാണ് തുടങ്ങിയത്.

ആർട്ടിക്കിലുള്ള ത് ഹിമാദ്രി സ്റ്റേഷനാണ്. ആഗോളതാപനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇന്ത്യയെപ്പോലെ വലിയ തീരമേഖലയുള്ള രാജ്യത്തിന് പരമപ്രധാനമായതിനാൽ ധ്രുവഗവേഷണത്തിന് വലിയ പ്രാധാന്യമുണ്ട്.

# ഒരേസമയം എസ്ഐആർ, തദ്ദേശ തെരഞ്ഞെടുപ്പ്; ഉദ്യോഗസ്ഥർക്ക് ഡബിൾ റോൾ

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിനുള്ള സമഗ്ര വോട്ടർ പട്ടിക പരിഷ്കരണവും (എസ്ഐആർ) തദ്ദേശ തെരഞ്ഞെടുപ്പിന്റെ നടപടികളും ഒരേസമയം ആരംഭിച്ചതോടെ റവന്യൂ ഓഫീസുകളിലെ സേവനങ്ങൾ വൈകുന്നു.

താലൂക്ക് ഓഫീസുകളിലെയും വില്ലേജ് ഓഫീസുകളിലെയും സേവനങ്ങൾ സമയബന്ധിതമായി നടത്താനാകാത്ത സ്ഥിതിയിലാണ് ഉദ്യോഗസ്ഥർ. സർട്ടിഫിക്കറ്റുകളുടെ ഓൺലൈൻ വിതരണം, ഭൂമി തരംമാറ്റ അപേക്ഷകളിലെ നടപടികൾ, അതിർത്തി തർക്കങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളിലെ പരിശോധനയും തീരുമാനവും തുടങ്ങിയവ പ്രതിസന്ധിയിലായി.

താലൂക്ക് ഓഫീസുകളിലെ വലിയൊരു വിഭാഗം ഉദ്യോഗസ്ഥർ തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരാണ്. അതിനു പുറമേ ഡപ്യൂട്ടി കളക്ടർമാരിലും തഹസിൽദാർമാരിലും ഒരു വിഭാഗം എസ്ഐആറിന്റെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസി. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ചുമതലകളും നിർവഹിക്കുന്നു. വില്ലേജ് ഓഫീസർമാരുടെ ദൈനംദിന ജോലി ഇപ്പോൾ എസ്ഐആറിന്റെ ഭാഗമായ എന്യൂമറേഷൻ ഫോം വിതരണത്തിന്റെ പുരോഗതി പരിശോധിച്ച് റിപ്പോർട്ട് നൽകലാണ്. ബൂത്ത് ലെവൽ ഓഫീസർമാരാണ് (ബിഎൽഒ) ഫോം വിതരണം ചെയ്യുന്നതെങ്കിലും ഇവരുടെ സൂപ്പർവൈസർമാർ ആയതിനാലാണ് ഈ ചുമതല. തദ്ദേശ തെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെയും ബൂത്തുകളുടെയും സജ്ജീകരണങ്ങൾ ഉൾപ്പെടെ നിർവഹിക്കേണ്ട സെക്ടറൽ ഓഫീസർമാരിൽ ഭൂരിപക്ഷവും വില്ലേജ് ഓഫീസർമാരാണ്.

കളക്ടർമാരും കളക്ടറേറ്റുകളിലെ ഇലക്ഷൻ വിഭാഗവും ഒരേസമയം എസ്ഐആറിന്റെയും തദ്ദേശ തെരഞ്ഞെടുപ്പിന്റെയും ചുമതലകൾ വഹിക്കുന്ന 'ഡബിൾ റോളി'ൽ ആണ്. തദ്ദേശ തെരഞ്ഞെടുപ്പും എസ്ഐആറും പരസ്പരം ബാധിക്കാതെ മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും താഴെത്തട്ടിൽ കാര്യങ്ങൾ ഇപ്പോഴും സങ്കീർണമാണ്.

റവന്യൂ വകുപ്പിൽനിന്നു ജാതി സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ വിവിധ കാര്യങ്ങൾ നേടിയെടുക്കാൻ തദ്ദേശ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളും നെട്ടോട്ടത്തിലാണ്.

പട്ടികജാതി, പട്ടികവർഗ സ്ഥാനാർത്ഥികൾക്കു നാമനിർദേശ പത്രികയ്ക്കൊപ്പം സർട്ടിഫിക്കറ്റ് നിർബന്ധമാണ്. നികുതി കുടിശിക ഇല്ലാതെ വേണം സ്ഥാനാർത്ഥി തെരഞ്ഞെടുപ്പ് നേരിടേണ്ടത് എന്നതിനാൽ ഭൂനികുതി കുടിശികകൾ ഉൾപ്പെടെ അടച്ചുതീർക്കാൻ ആയിരക്കണക്കിനു സ്ഥാനാർത്ഥികൾ അപേക്ഷകൾ സമർപ്പിക്കുന്നുണ്ട്.

# ആധാർ ആപ് ഇറക്കി; ഇനി കോപ്പി വേണ്ട

ന്യൂഡൽഹി: വിവിധ തിരിച്ചറിയൽ ആവശ്യങ്ങൾക്ക് ആധാർ ഫോട്ടോകോപ്പി നൽകുന്ന രീതി ഉടൻ പഴങ്കഥയാകും. ആധാറിന്റെ പകർപ്പ് വാങ്ങാതെതന്നെ ഡിജിറ്റലായി വ്യക്തിയാരെന്ന് ഉറപ്പിക്കാനുള്ള സംവിധാനം തയാറാകുന്നു. ആദ്യപടിയെന്ന നിലയിൽ പുതിയ ആധാർ ആപ് യുഐഡിഎഐ പുറത്തിറക്കി.

നിലവിലുള്ള എം-ആധാറിനു പുറമേയാണിത്. ആധാർ ഫോട്ടോകോപ്പി നൽകുന്നതിനു പകരം ഡിജിറ്റൽ വെരിഫിക്കേഷൻ സാധ്യമാക്കുകയാണ് ലക്ഷ്യം. ഫെയ്സ് ഓതന്റിക്കേഷൻ സാങ്കേതികവിദ്യയാണ് ഇതിൽ ഉപയോഗിക്കുന്നത്. നിങ്ങളുടെ ആധാർ ഒരു തവണ ഇതിൽ ലോഡ് ചെയ്താൽ, അത് ഇന്റർനെറ്റ് ഇല്ലാത്തപ്പോഴും പിന്നീടു ലഭ്യമാകും.

ആധാർ ഡേറ്റ ബേസിലുള്ള ഒരു വ്യക്തിയുടെ ആവശ്യമുള്ള വിവരംമാത്രം തെരഞ്ഞെടുത്ത് സ്ഥാപനങ്ങളുമായി പങ്കുവെക്കാനും (സിലക്ടീവ് ഷെയർ) ഓപ്ഷനുണ്ട്. മുഴുവൻ വിവരങ്ങളും പങ്കുവെക്കാനായി കംപ്ലീറ്റ് ഷെയർ സൗകര്യവുമുണ്ട്. മറ്റൊരു ആധാർ കാർഡിന്റെ ആധികാരികത പരിശോധിക്കാൻ ക്യൂ ആർ കോഡ് സ്കാനറുണ്ട്.

ഇതുപയോഗിച്ച് ആധാറിലെ ക്യുആർ കോഡ് സ്കാൻ ചെയ്താൽ അടിസ്ഥാനവിവരങ്ങൾ വെരിഫൈ ചെയ്യാം. മുൻപ് ചെയ്ത ആധാർ ഓതന്റിക്കേഷനുകളുടെ വിവരങ്ങളും ലഭ്യമാകും.

നിങ്ങളുടെ മൊബൈൽ നമ്പറിൽ ഒന്നിലേറെ കുടുംബാംഗങ്ങളുടെ ആധാർ എടുത്തിട്ടുണ്ടെങ്കിൽ അവയും ഈ ആപ്പിലേക്കു ബന്ധിപ്പിക്കാം.

ആധാർ ഫോട്ടോ കോപ്പികൾ നൽകുന്ന രീതിക്ക് അവസാനമാകുന്നുവെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഏതാനും മാസങ്ങൾക്കു മുൻപ് പറഞ്ഞിരുന്നു. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ് സ്റ്റോറിലും 'Aadhaar' എന്ന പേരിൽ ആപ് കാണാം.

# ബുക്കർ പുരസ്കാരം ഡേവിഡ് ഷാലെയ്ക്ക്



ലണ്ടൻ: കനേഡിയൻ-ഹംഗേറിയൻ ബ്രിട്ടീഷ് എഴുത്തുകാരനായ ഡേവിഡ് ഷാലെയ്ക്ക് 2025-ലെ ബുക്കർ സാഹിത്യ പുരസ്കാരം. 'ഫ്ളെഷ്' എന്ന പുസ്തകമാണ് ഷാലെയെ പുരസ്കാരനേട്ടത്തിലെത്തിച്ചത്.

ആൻഡ്രു മില്ലർ, കിരൺ ദേശായി എന്നിവരുൾപ്പെടെ അഞ്ച് ഫൈനലിസ്റ്റുകളെ പിൻതള്ളിയാണ് അമ്പത്തിയൊന്നുകാരനായ ഷാലെ പുരസ്കാരം കരസ്ഥമാക്കിയത്. 50,000 പൗണ്ടാണ് സമ്മാനത്തുക.

ഐറിഷ് എഴുത്തുകാരി റോഡി ഡോയലും 'സെക്സ് ആൻഡ് ദ് സിറ്റി' താരം സാറാ ജെസീക്ക പാർക്കറും ഉൾപ്പെട്ട ജഡ്ജിങ് പാനൽ സമർപ്പിച്ച 153 നോവലുകളിൽ നിന്നാണ് ഫ്ളെഷ് തെരഞ്ഞെടുക്കപ്പെട്ടത്.

ഉൾവലിഞ്ഞ പ്രകൃതക്കാരനായ ഇസ്ത്വാൻ എന്ന കഥാപാത്രത്തിന്റെ ജീവിതവഴികളാണ് നോവലിനെ മുന്നോട്ടു നയിക്കുന്നത്. പ്രായമായ ഒരു സ്ത്രീയുമായുള്ള കൗമാരബന്ധം, ബ്രിട്ടനിലെ കുടിയേറ്റക്കാരൻ എന്ന നിലയിലുള്ള യാതനകൾ, ലണ്ടനിലെ ഉന്നത സമൂഹത്തിലേക്കുള്ള അയാളുടെ പ്രവേശം എന്നിവ കഥാഗതി നിർണയിക്കുന്നു. ഫിക്ഷനിൽ അവഗണിക്കപ്പെടുന്ന ഒരു ഗണത്തിൽപ്പെട്ട ആളാണ് ഇസ്ത്വാൻ എന്ന് പുരസ്കാര നിർണയ സമിതി അദ്ധ്യക്ഷനായ ഡോയൽ വിലയിരുത്തി.

കാനഡയിൽ ജനിച്ച് ബ്രിട്ടനിൽ വളർന്ന് വിയന്നയിൽ താമസിക്കുന്നയാളാണ് ഷാലെ. ഒൻപത് വ്യത്യസ്ത പുരുഷന്മാരെ കേന്ദ്രീകരിച്ചുള്ള കഥാപരമ്പരയായ 'ഓൾ ദാറ്റ് മാൻ ഈസ്' എന്ന പുസ്തകത്തിലൂടെ 2016-ൽ ഷാലെ ബുക്കർ ഫൈനലിസ്റ്റായിരുന്നു. ഹംഗേറിയൻ പൈതൃകമുള്ള ഒരാൾക്ക് ആദ്യമായാണ് ബുക്കർ പുരസ്കാരം ലഭിക്കുന്നത്. പല സംസ്കാരങ്ങളിലൂടെയുള്ള തിരിച്ചറിവ്, സ്വത്വം, ബന്ധങ്ങൾ എന്നിവയെക്കുറിച്ചുള്ള അന്വേഷണങ്ങൾ അദ്ദേഹത്തിന്റെ നോവലുകളിൽ നിറഞ്ഞുനിൽക്കുന്നു.



# അമേരിക്കൻ മലയാളി കത്തോലിക്കാ വൈദിക മഹാസംഗമത്തിന് തിരശ്ശീല ഉയരുന്നു

ജോയി കുറ്റിയാനി

മയാമി: അമേരിക്കൻ ആത്മീയ-മത-സാംസ്കാരിക ഭൂപടത്തിൽ മലയാളികളുടെ ആത്മീയ യാത്രയ്ക്ക് മറ്റൊരു മഹത്തായ അദ്ധ്യായം കൂടി എഴുതിച്ചേർക്കുന്നു. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലായി അഞ്ഞൂറോളം മലയാളി കത്തോലിക്കാ വൈദികർ ആത്മീയ ദേവാലയ ശുശ്രൂഷകളിലും വിവിധ സേവന, വിദ്യാഭ്യാസ, ജീവകാരുണ്യ, തൊഴിൽ മേഖലകളിലുമായി അമേരിക്കൻ ജനതകൾക്കായി അമേരിക്കൻ രൂപതകളിലും സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ ഒരുവർഷം നീളുന്ന സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന ഏറ്റം ശ്രദ്ധേയമായ ഒരു ഒത്തുചേരലാണ് 'കോയ്നോനിയ' എന്നു പേരു നല്കിയിരിക്കുന്ന ഈ മഹാ വൈദികസമ്മേളനം.

പങ്കാളിത്തം, സഹവർത്തിത്വം, ആത്മീയ ഐക്യം എന്ന അർത്ഥം വരുന്ന ഈ ഗ്രീക്ക് വാക്ക് ഇന്ന് ക്രൈസ്തവ സഭയുടെ ആത്മീയ സുവിശേഷവത്കരണ പങ്കാളിത്തവും സഹവർത്തിത്വത്തെയും ഐക്യത്തെയും പ്രതിഫലിപ്പിക്കുന്നതു കൊണ്ടാണ് അമേരിക്കൻ മണ്ണിൽ സേവനം ചെയ്യുന്ന മലയാളി കത്തോലിക്കാ വൈദികരുടെ ഈ സംഗമത്തിന് കോയ്നോനിയ എന്ന് നാമകരണം നല്കിയിരിക്കുന്നത്.

കേരളത്തിന്റെ ആഴമേറിയ ആത്മീയ വിശ്വാസ പാരമ്പര്യവും ഇന്ത്യൻ കത്തോലിക്കാ സഭാനുഷ്ഠാനങ്ങളും ചേരുന്ന സീറോമലബാർ-സീറോമലങ്കര-ലാറ്റിൻ റീത്തുകളും ക്നാനായ സഭയും വിവിധങ്ങളായ സന്യാസ സഭകളും കോൺഗ്രിഗേഷനുകളിൽ നിന്നുമുള്ള വൈദികരുമാണ് ഈ മഹാസമ്മേളനത്തിന് ഒത്തുചേരുന്നത്. ഈ വൈദികസമ്മേളനം ഒരു സാധാരണ വൈദിക ഒത്തുചേരലല്ല. അവരുടെ ജീവിതസമർപ്പണത്തിന്റെ സംഭാവനകളെ ഒരു വേദിയിൽ പ്രതിഫലിപ്പിക്കുന്ന ചരിത്രസ്മാരകമാക്കുകയാണ് ഇതുവഴി.


ചിക്കാഗോ സീറോമലബാർ രൂപതയുടെ വളർച്ചയുടെ നാൾവഴികളിൽ ഇന്ന് അമ്പത്തിനാല് പള്ളികളും മുപ്പത്തിയഞ്ച് മിഷനുകളും എഴുപതോളം സമർപ്പിത വൈദികരും ഒരു ലക്ഷത്തിലേറെ വരുന്ന വിശ്വാസിസമൂഹമായി അമേരിക്കയിൽ ക്രൈസ്തവ സാക്ഷ്യത്തിനായി വളരുകയാണ്.

ചിക്കാഗോ സീറോമലബാർ രൂപതയ്ക്കുവേണ്ടി 2025 നവംബർ 18, 19 തീയതികളിലായി ഈ വൈദിക സമ്മേളനം അണിയിച്ചൊരുക്കുന്നത് കേരളം പോലെ മനോഹരമായ അമേരിക്കയിലെ കേരളം എന്നു വിശേഷിപ്പിക്കുന്ന മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോന ദേവാലയത്തിന്റെ നേതൃത്വത്തിലാണ്.

ഏതാനും മാസങ്ങളായി ഈ മഹാസമ്മേളനത്തിന്റെ ഒരുക്കത്തിനായി ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് രക്ഷാധികാരിയും വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം സഹരക്ഷാധികാരിയും ഫൊറോന വികാരി ഫാ. ജോർജ് ഇളമ്പാശ്ശേരി ചെയർമാനും ജോഷി ജോസഫ് ജനറൽ കൺവീനറുമായി ഇരുപതോളം വിവിധ കമ്മിറ്റി ചെയർമാൻമാരും കൈക്കാരന്മാരും പള്ളി കമ്മിറ്റി അംഗങ്ങളും ഈ ആത്മീയ നേതാക്കന്മാരുടെ ഒത്തുചേരലിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ഇതിന്റെ വിജയത്തിനായി ഔവർ ലേഡി ഓഫ് ഹെൽത്ത് ഇടവക സമൂഹം ഒന്നിച്ച് പരിശ്രമിക്കുന്നു. ആത്മീയതയും സാംസ്കാരിക വൈവിധ്യവും ഒന്നിക്കുന്ന അമേരിക്കൻ ഐക്യത്തിന്റെ ശക്തമായ പ്രതീതി പ്രതിഫലിപ്പിക്കുന്നതിനായി തിളക്കമാർന്ന അതിഥികളും പങ്കുചേരുന്നു.

അമേരിക്കൻ ബിഷപ്സ് കോൺഫറൻസ് അംഗമായ ബിഷപ് വില്യം എ. വാക്ക്, ബിഷപ് ഓഫ് പെൻസിക്കോള, മയാമി ആർച്ച്ബിഷപ് തോമസ് വെൻസ്കി, ഇന്ത്യൻ കോൺസുൽ ജനറൽ കോറൽസ്പ്രിങ് മേയർ സ്കോട്ട് ജെ. ബ്രൂക്ക്, ചിക്കാഗോ സീറോമലബാർ ബിഷപ് മാർ ജോയി ആലപ്പാട്ട്, ബിഷപ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത്, ഫ്ളോറിഡ സംസ്ഥാനത്തെ രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ നേതാക്കന്മാർ പങ്കെടുക്കുന്നു. നവംബർ പതിനെട്ടാം തീയതി ചൊവ്വാഴ്ച വൈകുന്നേരം നാല് മുപ്പതിന് കോറൽ സ്പ്രിങ്സിലെ സെന്റ് എലിസബത്ത് ആൻ സെന്റൺ കാത്തലിക് പള്ളിയിലാണ് പരിപാടികൾ നടക്കുന്നത് (Address: St. Elizabeth Ann Senton Catholic Church, 1401 Coral Ridge Drive, Coral Springs, Florida-33071)

വൈകിട്ട്4.30-ന് പള്ളി അങ്കണത്തിൽ എത്തിച്ചേരുന്ന വിശിഷ്ടാതിഥികളെ താളമേള വാദ്യഘോഷങ്ങളോടും താലപ്പൊലിയുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടും കൂടി സ്വീകരിച്ച് പള്ളിയിലേക്ക് ആനയിക്കും. 5 മണിക്ക് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ ഇരുനൂറോളം വൈദികരും ചേർന്ന് അർപ്പിക്കുന്ന വിശുദ്ധ ബലിയിൽ വലിയൊരു ജനസഞ്ജയം പങ്കെടുക്കും.




തുടർന്ന് അതിഥികളും വൈദികരും ജനസമൂഹവും ഒന്നിച്ചു ചേരുന്ന അത്താഴവിരുന്നും ഏഴു മണിക്ക് പൊതുസമ്മേളനവും വൈവിധ്യമാർന്ന സാംസ്കാരിക കലാസന്ധ്യയും നൂറ്റിഇരുപതിലധികം കലാകാരന്മാർ ചേർന്ന് ഒരുക്കുന്ന 'പാവനം' എന്ന പേരു നല്കി അണിയിച്ചൊരുക്കുന്ന കലാവിരുന്ന് വേദിയിൽ അവതരിപ്പിക്കപ്പെടും. കോയ്നോനിയ 2025 ഒരു വൈദിക സമ്മേളനം മാത്രമല്ല, ഒരു ആത്മീയ പുനർജ്ജനത്തിന്റെ വിളംബരവും ചിക്കാഗോ സീറോമലബാർ രൂപതയുടെ ജൂബിലിവർഷത്തിലെ പുതിയ ദിശാബോധത്തിന് വലിയൊരു പ്രകാശകിരണവുമായി മാറിത്തീരും.

# സൂര്യജിത്ത് സുഭാഷ് കെ.എച്ച്.എൻ.എ ലോൺ സ്റ്റാർ–ഹൂസ്റ്റൺ ആർവിപി

ടി. ഉണ്ണികൃഷ്ണൻ




ഹൂസ്റ്റൺ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ) യുടെ ലോൺ സ്റ്റാർ-ഹൂസ്റ്റൺ റീജിയണൽ വൈസ് പ്രസിഡണ്ടായി (ആർവിപി) തിരുവനന്തപുരം സ്വദേശിയായ സൂര്യജിത്ത് സുഭാഷ് സ്ഥാനമേറ്റു. നിലവിൽ ടെക്സസിലെ ഹൂസ്റ്റണിൽ താമസിക്കുന്ന അദ്ദേഹം ഒരു ഇക്വിറ്റി ട്രേഡർ കൂടിയാണ്. പ്രവാസി മലയാളി സമൂഹത്തിൽ ശ്രദ്ധേയമായ യുവനേതൃത്വമാണ് സൂര്യജിത്തിന്റേത്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ യൂത്ത് പ്രസിഡണ്ട് (2021-2022), ഫൊക്കാന റീജിയണൽ യൂത്ത് പ്രതിനിധി (2022), കെഎച്ച്എൻഎ യുവപ്രതിനിധി (2021-2023) എന്നീ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. കലാമേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം സംസ്ഥാന യുവജനോത്സവങ്ങളിലും റിയാലിറ്റി ഷോകളിലും പുരസ്കാരങ്ങൾ നേടിയിട്ടുള്ള പ്രതിഭാധനനായ ഒരു ഗായകൻ കൂടിയാണ്.

സനാതന ധർമ്മത്തിൽ അടിയുറച്ച നിലപാടുകൾ പങ്കുവെക്കുന്ന അദ്ദേഹത്തിന്റെ ദർശനം ഇതാണ്: "സനാതന ധർമ്മത്തിൽ നാം ഒന്നിക്കുമ്പോൾ, ഭാരതത്തിന്റെ പുരാതന പ്രൗഢി വീണ്ടും ഉണരും. ശക്തിയിലും ഐക്യത്തിലും ശാശ്വത മൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു വിശ്വഗുരു രാഷ്ട്രം പടുത്തുയർത്താൻ ഓരോ ഇന്ത്യക്കാരന്റെയും ഹൃദയത്തെ പ്രചോദിപ്പിക്കുക എന്നതാണ് എന്റെ ദർശനം." സൂര്യജിത്ത് സുഭാഷിന്റെ നേതൃത്വവും കലാപരമായ സംഭാവനകളും ആഗോള ഹൈന്ദവ സമൂഹത്തെ സാംസ്കാരിക ഉണർവിലേക്കും ദേശീയ അഭിമാനത്തിലേക്കും നയിക്കാൻ സഹായിക്കുമെന്ന് കെഎച്ച്എൻഎയുടെ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റീ ബോർഡ് എന്നിവർ സംയുക്തമായി അഭിപ്രായപ്പെട്ടു.






# ഡാളസ് ക്രിസ്തുരാജ ക്നാനായ ഇടവക തിരുനാളിന് കൊടിയേറി

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിൽ ക്രിസ്തുരാജന്റെ പ്രധാന തിരുനാളിന് ഞായറാഴ്ച കൊടിയേറി. തിരുനാളിന് തുടക്കം കുറിച്ച് വികാരി ഫാ. ബിൻസ് ചേത്തലിൽ കൊടി ഉയർത്തി. തുടർന്ന് തിങ്കൾ മുതൽ വ്യാഴം വരെ വൈകുന്നേരം 6.30-ന് ആരാധനയും ജപമാലയും തുടർന്ന് വിശുദ്ധ കുർബാനയും ഓരോ കൂടാരയോഗത്തിന്റെയും നേതൃത്വത്തിൽ നടത്തപ്പെടും.



വ്യാഴാഴ്ച വൈകുന്നേരം 7-ന് മലങ്കര റീത്തിൽ ഫാ. ഏബ്രഹാം വാവോളിമാമ്പുറത്ത് വിശുദ്ധ ബലിയർപ്പിക്കും. വെള്ളിയാഴ്ച ഫാ. ലൂക്ക് കളരിക്കൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കും.

തുടർന്ന് മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റും ഇടവകയിലെ കലാകാരന്മാരുടെ കലാസന്ധ്യയും നടത്തപ്പെടും. ശനിയാഴ്ച 6 മണിക്ക് ഫാ. ജോസഫ് നെടുംവാംകുഴിയിൽ ഇംഗ്ലീഷിൽ വിശുദ്ധ ബലിയർപ്പിക്കും. ഫാ. അൽഫോൻസ് നെസാര വചനസന്ദേശം നല്കും. തുടർന്ന് വിവിധ മിനിസ്ട്രികളുടെ നേതൃത്വത്തിൽ ഫുഡ്ഫെസ്റ്റ് നടത്തപ്പെടും. തുടർന്ന് വിവിധ കലാകാരന്മാർ അണിനിരക്കുന്ന 'പീറ്റ്റോസ് ദി റോക്ക്' എന്ന സിനിമാറ്റിക് നാടകം.

പ്രധാന തിരുനാൾ ദിവസമായ ഞായറാഴ്ച വൈകിട്ട് 4.30-ന് ആഘോഷമായ തിരുനാൾ റാസ. റാസ കുർബാനയ്ക്ക് ഫാ. ജിമ്മി ഇടക്കുളത്തൂർ, ഫാ. സിബി സെബാസ്റ്റ്യൻ, ഫാ. സോജൻ പുതിയാപറമ്പിൽ, ഫാ. ബോബൻ വട്ടംപുറം, ഫാ. ജോർജ് വാണിയപുരയ്ക്കൽ, ഫാ. ജോഷി വലിയവീട്ടിൽ, ഫാ. വിൽസൻ വട്ടപറമ്പിൽ എന്നിവർ നേതൃത്വം നല്കും.

ഫാ. ഏബ്രഹാം കളരിക്കൽ തിരുനാൾ സന്ദേശം നല്കും. ഫാ. ജോസ് ചിറപ്പുറത്ത് പരിശുദ്ധ കുർബാനയുടെ ആശീർവാദം നല്കും. തുടർന്ന് ഏവർക്കും സ്നേഹവിരുന്ന് നല്കപ്പെടും.

തിരുനാൾ സമാപന ദിവസമായ നവംബർ 24-ന് തിങ്കളാഴ്ച എല്ലാ പരേതാത്മാക്കൾക്കും വേണ്ടി വിശുദ്ധ ബലിയർപ്പിച്ച് കൊടിയിറക്കും.

കൈക്കാരന്മാരായ ബിനോ പുല്ലുകാട്ട്, ഷാജു പുളിമൂട്ടിൽ, സിബി പടിഞ്ഞാറേ വാരികാട്ട്, തിരുനാൾ കോ-ഓർഡിനേറ്റർമാരായ റ്റെറി വാളാച്ചേരിൽ, മിനി പടപുരയ്ക്കൽ എന്നിവരും ഈ വർഷം തിരുനാൾ ഏറ്റെടുത്തു നടത്തുന്ന കുരുവിള ചെമ്മാച്ചേൽ, റോയി പുത്തേട്ട് കുടുംബാംഗങ്ങളും തിരുനാൾ ഒരുക്കങ്ങൾക്ക് നേതൃത്വം നല്കുന്നു.



# ഫോമാ സെൻട്രൽ റീജിയനും സീനിയർ ഗ്രൂപ്പും സംയുക്തമായി നിയമ സെമിനാർ സംഘടിപ്പിക്കുന്നു

ആന്റോ കവലയ്ക്കൽ

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയൻ, ഫോമാ സെൻട്രൽ റീജിയൻ സീനിയർ ഗ്രൂപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'Plan & Control Your Future-Or Someone Else Will' എന്ന ശീർഷകത്തിൽ ഒരു നിയമസെമിനാർ സംഘടിപ്പിക്കുന്നു. ഈ Legal Strategy Seminar നയിക്കുന്നത് Attorney Jeff Kulinsky, ESq, J.D. (cooley Law School, Michigan), Attorney Vimal Kottukapally, Esq, J.D (Loyola University of Chicago School of Law) എന്നിവർ ആയിരിക്കും. സെമിനാർ നവംബർ 23-ന് ഞായറാഴ്ച രാവിലെ 9.15-ന് സീറോമലബാർ കത്തീഡ്രൽഹാളിൽ നടക്കും. ഈ സെമിനാറിൽ Estate Planning എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് പ്രഭാഷണങ്ങൾ നടക്കുക. ഇതിൽ വിൽ (Wills) ട്രസ്റ്റുകൾ (Trusts), മരണാനന്തര ആസ്തി കൈമാറ്റം (Transfers Upon Death), പവ്വർ ഓഫ് അറ്റോർണി (Powers of Attorney), ലിവിംഗ് വിൽ (Living Wills), ഗാർഡിയൻഷിപ്പ് (Guardianship), പ്രൊബേറ്റ്/എസ്റ്റേറ്റ് അഡ്മിനിസ്ട്രേഷൻ (Probate/Estate Administration) തുടങ്ങിയവിഷയങ്ങൾ ഉൾപ്പെടുന്നു. സെമിനാറിൽ ഉൾപ്പെടുത്താത്ത, എന്നാൽ വ്യക്തിഗത ആലോചനയ്ക്ക് ലഭ്യമായ മറ്റ് നിയമ മേഖലകളിൽ ഇവർക്ക് പ്രാവീണ്യമുണ്ട്. അതിൽ കോർപ്പറേറ്റ് ആൻഡ് ബിസിനസ് ലോ, ഓർഡേഴ്സ് ഓഫ് പ്രൊട്ടക്ഷൻ, സിവിൽ നോ-കോണ്ടാക്റ്റ് ഓർഡേഴ്സ്, വിവിധ സിവിൽ ലിറ്റിഗേഷൻ (Plaintiff/Defendant), കരാർ വിഷയങ്ങൾ (Contract Litigation), ട്രസ്റ്റ് ലിറ്റിഗേഷൻ, റിപ്ലെവിൻ, കൺവേഴ്ഷൻ, റിയൽ എസ്റ്റേറ്റ് ക്ലോസിംഗ്, ലീസ്, ലാൻഡ് ലോർഡ്/ടേനന്റ് വിഷയങ്ങൾ, എവിക്ഷൻ, എവിക്ഷൻ ഡിഫൻസ്, പ്രീ-നപ്ഷ്യൽ & പോസ്റ്റ് നപ്ഷ്യൽ കരാറുകൾ, കൂടാതെ കുടുംബനിയമ വിഷയങ്ങൾ (Family Law)-വിവാഹമോചനം (Divorce), കുട്ടികളുടെ സംരക്ഷണവും വകമാറ്റവും (Allocation/Custody), പിതൃത്വം (Paternity) തുടങ്ങിയവയും ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് ദയവായി ജോൺസൺ കണ്ണൂക്കാടൻ, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ലൂക്ക് (കൊച്ചുമോൻ) ചിറയിൽ, ഷാബു മാത്യു കൂടാതെ ഫോമാ സെൻട്രൽ റീജിയൻ ഒഫീഷ്യൽസ് അച്ചൻകുഞ്ഞ് മാത്യു, ആന്റോ കവലയ്ക്കൽ, മോനി (വർഗീസ് തോമസ്) എന്നിവരുമായി ബന്ധപ്പെടുക.



വിമൽ കൊട്ടുകാപ്പള്ളി



ജെഫ് കുളിൻസ്കി



ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി



ജോൺസൺ കണ്ണൂക്കാടൻ



ആന്റോ കവലയ്ക്കൽ



അച്ചൻകുഞ്ഞ് മാത്യു

വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?

വെറും ജീവിതമല്ല കേട്ടോ,

മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,

മാതൃകയാക്കാവുന്ന ജീവിതം,

ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!

കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.



മത്തായിച്ചൻ

MATHAICHAN ROOFING & SIDING

We Specialize In Storm Damage Repair & Remodeling

We Work with All Home Insurances

Will do any Remodeling

JBR RESTORATION SERVICES - LICENSED

CITGO bp Shell AMOCO

Hotel, Motel, Gas Station Roofing & Repairing

FREE ESTIMATE

Call Mathew:

630-205-5585

# Publication of the Biography of Mr. K. M. Eapen

It has been 33 years since Kerala Express began publication in the United States, 35 years since the establishment of Grace Printing, and 6 years since the founding of the Grace Convention Center in Kerala. With deep gratitude, we join the Eapen family in thanking God for His guidance and blessings that have made these endeavors successful.

As a fulfillment of the long-cherished wish of family members and well-wishers, the task of publishing the biography of Mr. K. M. Eapen, founder of these distinguished institutions, has been undertaken by CGMA, where Mr. Eapen also serves as Patron.

We warmly invite you to contribute to this biography by sharing a short note or reflection describing your personal acquaintance or association with Mr. K. M. Eapen and his initiatives. Kindly keep your write-up to one page or less. Please also include a recent photograph of yourself. If you have any old photographs or historical materials related to Mr. Eapen or his ventures, we would greatly appreciate it if you could share them for possible inclusion in the publication.

Our goal is to release the biography in January 2026. Therefore, we kindly request you to send your note and photos at your earliest convenience, either via WhatsApp or email.

With sincere appreciation for your cooperation,

On behalf of the Publishing Board

Kurian Philip
**Editor-in-Charge**

---

## കെ എം ഈപ്പന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നു

അമേരിക്കയിൽ കേരള എക്സ്പ്രസ് വാർത്ത വരിക പ്രസിദ്ധീകരണം ആരംഭിച്ചിട്ട് 33 വർഷവും ഗ്രേസ് പ്രിന്റിംഗ് സ്ഥാപിച്ചിട്ട് 35 വർഷവും കേരളത്തിൽ ഗ്രേസ് കൺവെൻഷൻ സെന്റർ ആരംഭിച്ചിട്ട് 6 വർഷവും പൂർത്തിയാകുന്നു. ഈ മഹത്തായ സംരംഭങ്ങൾ വിജയകരമായി മുന്നേറുവാൻ സഹായിച്ച ദൈവത്തിന് കുടുംബാംഗങ്ങളോടൊപ്പം ഞങ്ങളും നന്ദി പറയുന്നു.

ഈ സംരംഭങ്ങളുടെ സ്ഥാപകൻ ശ്രീ കെ എം ഈപ്പന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാനുള്ള കുടുംബാംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും ആഗ്രഹത്തിന്റെ സാക്ഷാത്കാരം എന്ന നിലയിൽ അതിന്റെ പ്രസിദ്ധീകരണ ചുമതല CGMA ഏറ്റെടുത്തിരിക്കുകയാണ്.CGMA യുടെ രക്ഷാധികാരി കൂടിയാണ് ശ്രീ കെ എം ഈപ്പൻ.

ശ്രീ കെ എം ഈപ്പനും അദ്ദേഹത്തിന്റെ സംരംഭങ്ങളുമായും നിങ്ങൾക്കുള്ള ബന്ധവും പരിചയവും രേഖപ്പെടുത്തുന്ന ഓർമ്മക്കുറിപ്പ് അയച്ചുതന്ന് ഈ ജീവചരിത്ര രചനയുമായി സഹകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഒരു പേജിൽ കൂടാതിരിപ്പാൻ ശ്രദ്ധിക്കുമല്ലോ. ഒപ്പം താങ്കളുടെ ഇപ്പോഴത്തെ ഒരു ഫോട്ടോയും അയച്ചുതരണമെന്ന് ഓർപ്പിക്കുന്നു. ജീവചരിത്രത്തിൽ ഉൾപ്പെടുത്തുന്നതിനായി ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലു പഴയ ഫോട്ടോകളോ ചരിത്രങ്ങളോ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ ദയവായി അയച്ചു തരിക.

2026 ജനുവരി മാസത്തിൽ പ്രസിദ്ധീകരിക്കണമെന്നുള്ളതാണ് ഞങ്ങളുടെ ആഗ്രഹം. അതിനാൽ എത്രയും വേഗം നിങ്ങളുടെ വിവരണങ്ങളും ഫോട്ടോകളും ഞങ്ങൾക്ക് വാട്സാപ്പിലൂടെയോ ഈ മെയിലിലുടിയോ അയച്ചുതരിക.

പബ്ലിഷിങ് ബോർഡിന് വേണ്ടി

കുര്യൻ ഫിലിപ്പ്
Editor in Charge

**Send your Material to:**

**WhatsApp USA:** +1 (847)-997-7485, +1 (847) 912-5578, +1 (773) 255-6459
**WhatsApp India:** +91 9633949676
**Email:** kmeapenbio@gmail.com


GRACE PRINTING & MAILING

Grace CONVENTION CENTER

KERALA EXPRESS

**Publishing Board**

**Kurian Philip**
847.912.5578

**Jose Kaniyaly**
630.728.7956

**Mathew Joseph**
847.271.7552

**K.O. Jose**
847.729.1430

**Anish Eapen**
773.263.9863

**Ajith Eapen**
773.782.5677
+91-963.3949.676

**Titus Eapen**
773.255.6459

**Chicago Gospel Media Association**

**Patron:**
K.M. Eapen

**President:**
Dr. Alex Koshy

**Vice President:**
Dr. Titus Eapen

**Gen. Secretary**
Kurian Philip

**Joint Secretary**
Dr. Biju Cherian

**Treasurer:**
Johnson Oommen

**Grace Publications**
3425 Cleveland St.
Skokie, IL 60076

**Tel:** 847-423-2100



**Send your Material to:**

**WhatsApp USA:**
+1 (847)-997-7485
+1 (847) 912-5578
+1 (773) 255-6459

**WhatsApp India:**
+91 9633949676

**Email:**
kmeapenbio@gmail.com

വാരാന്ത്യം

# 2026–2028 ഫൊക്കാന പ്രസിഡന്റ് സ്ഥാനാർത്ഥിയായി ലീലാ മാരേട്ട്



അമേരിക്കൻ മലയാളികളുടെ സംഘടനാ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു പേരാണ് ലീലാ മാരേട്ടിന്റേത്. എല്ലാ മലയാളികളുമായി അഭേദ്യമായ ഒരു ബന്ധം കാത്തു സൂക്ഷിക്കുന്ന ഒരു വനിതാ നേതാവ്. ഫൊക്കാനയുടെ നേതൃപദത്തിലേക്ക് പല തവണ മത്സര രംഗത്ത് ഇറങ്ങിയെങ്കിലും ജയം അകലെയായി. പക്ഷേ, ചിന്തിക്കുന്ന ഏതൊരു അമേരിക്കൻ മലയാളിക്കും അറിയാം ലീല ചേച്ചി ഫൊക്കാനയുടെ പ്രസിഡന്റായിരിക്കേണ്ട വ്യക്തിത്വമാണെന്ന്. അതിനൊരവസരമായി ഫൊക്കാന അംഗങ്ങൾ 2026 – 2028 ഫൊക്കാന പ്രസിഡന്റായി തന്നെ തെരഞ്ഞെടുക്കുമെന്ന വലിയ പ്രതീക്ഷയിലാണ് ലീലാ മാരേട്ട്.

വർഷങ്ങളുടെ സംഘടനാ പ്രവർത്തന ചരിത്രമുള്ള, പാരമ്പര്യമുള്ള വ്യക്തിത്വം. വാക്കുകളിലെ വീര്യവും ആത്മാർത്ഥതയും പ്രവർത്തിയിലും ഫലിപ്പിച്ച് ഫൊക്കാനയുടെ നെടുംതൂണായി നിന്ന സംഘടനാ പ്രവർത്തക. സംഘടനയുടെ ജീവനും തുടിപ്പുമായി മാറിയ വ്യക്തിത്വം. ഫൊക്കാനയുടെ 2026 –2028 ഫൊക്കാന പ്രസിഡന്റ് പദവിയിലേക്ക് ലീലാ മാരേട്ട് മത്സരിക്കുമ്പോൾ കഴിഞ്ഞ അരനൂറ്റാണ്ട് പിന്നിട്ട് അദ്ധ്യാപക, സാമൂഹ്യ, സാംസ്കാരിക പ്രവർത്തനങ്ങളുടെ കെട്ടുറപ്പുമായാണ് അവർ സജീവമാകുന്നത്.

ഫൊക്കാനയുടെ തുടക്കം മുതൽ സംഘടനയുടെ വിവിധ പദവികൾ ഏറ്റെടുത്തും പ്രവർത്തനത്തിലൂടെയും ആ പദവികളിൽ നീതി പുലർത്തിയും ഏവർക്കും മാതൃകയാവാൻ ശ്രമിച്ച വ്യക്തി.

ആലപ്പുഴ സെന്റ് ആന്റണീസ് ഹൈസ്കൂളിൽ അഞ്ചാം ക്ലാസുവരെയും ആറ് മുതൽ പത്താം ക്ലാസ് വരെ സെന്റ് ജോസഫ് ഹൈസ്കൂളിലും പ്രാഥമിക വിദ്യാഭ്യാസവും പൂർത്തിയാക്കിയ ലീലാ മാരേട്ട് പ്രീഡിഗ്രിയും, ഡിഗ്രിയും ആലപ്പുഴ സെന്റ് ജോസഫ് വനിതാ കോളജിലും, രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദത്തിന് എസ്.ബി. കോളജ് ചങ്ങനാശ്ശേരിയിലും പഠനം. 1976–ൽ ആലപ്പുഴ സെന്റ് ജോസഫ് വനിതാ കോളജിൽ അദ്ധ്യാപികയായി ജോലിയിലും കയറി.

1980–ൽ കല്ലൂപ്പാറ പുരാതന കുടുംബമായ മാരേട്ട്, ഇരവിപേരൂർ ശങ്കരമംഗലം താന്നിക്കൽ കുടുംബാംഗം നൈനാൻ ഉമ്മൻ മാരേട്ടിന്റെയും, മേരി ഉമ്മൻ മാരേട്ടിന്റെയും മൂത്തമകൻ രാജൻ മാരേട്ടുമായി വിവാഹം. 1981–ൽ അമേരിക്കയിൽ എത്തുന്നു. ബ്രോക്സ് കമ്യൂണിറ്റി കോളേജിൽ അദ്ധ്യാപികയായി ജോലിക്ക് കയറി. പിന്നീട് ന്യൂയോർക്ക് സിറ്റിയിൽ ഡിപ്പാർട്ട്മെൻറ് ഓഫ് എൻവയോൺമെന്റ് പ്രൊട്ടക്ഷനിൽ മുപ്പത്തിരണ്ട് വർഷം സൈന്റിസ്റ്റായി ജോലി ചെയ്ത് വിരമിച്ചു. മികവുറ്റ ഔദ്യോഗിക ജീവിതത്തിരക്കിനിടയിലും ഏവർക്കും മാതൃകയാക്കാവുന്ന സാമൂഹ്യ പ്രവർത്തനം കാഴ്ച വെച്ച ക്രഡിറ്റ് കൂടിയുണ്ട് ലീലാ മാരേട്ടിന്റെ ജീവിതത്തിന് പിന്നിൽ.

അമേരിക്കയിൽ എത്തിയ ആദ്യകാലങ്ങളിൽ തന്നെ തുടങ്ങിയ സാമൂഹ്യ പ്രവർത്തനം സജീവമാകുന്നത് 1987–ലാണ്. കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ ഓഡിറ്ററായി തുടക്കം. പിന്നീട് ജോ.സെക്രട്ടറി, ട്രഷറർ, വൈസ് പ്രസിഡന്റ്, ട്രസ്റ്റി ബോർഡ് ചെയർമാൻ തുടങ്ങി നിരവധി പദവികൾ. ഇന്ത്യാ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ബോർഡ് ചെയർമാൻ, ഡി–37 യൂണിയന്റെ റിക്കാർഡിംഗ് സെക്രട്ടറിയായി 18 വർഷം പ്രവർത്തനം. ഇക്കാലത്ത് അമേരിക്കൻ രാഷ്ട്രീയ രംഗത്തുള്ളവരുമായി നല്ല ബന്ധം സ്ഥാപിച്ചു. അസംബ്ലി മെമ്പർ, കൗണ്ടി എക്സിക്യൂട്ടീവ്, സെനറ്റർമാർ എന്നിവരുമായി നല്ല ബന്ധം സ്ഥാപിക്കുവാനും പലരെയും സഹായിക്കുവാനും സാധിച്ചു. ഇന്ത്യൻ കോൺസുലേറ്റുമായി നല്ലബന്ധം സ്ഥാപിക്കുകയും, നിരവധി വ്യക്തികൾക്ക് കോൺസുലേറ്റു മുഖേന നിരവധി സഹായങ്ങൾ നൽകിയതും പ്രശംസനീയം. പാസ്പോർട്ട്, വിസ, ഒ.സി.ഐ കാർഡ് തുങ്ങിയ വിഷയങ്ങളില്ലാം സജീവമായ ഇടപെടലുകളും ലീലാ മാരേട്ട് നടത്തിയിട്ടുണ്ട്. മൃതദേഹങ്ങൾ സമയബന്ധിതമായി നാട്ടിലെത്തിക്കുവാൻ നടത്തിയ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്.

ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്കൊപ്പം തുടക്കം മുതൽ സഹകരിച്ചിരുന്നു എങ്കിലും 2004–ൽ ഔദ്യോഗികമായി കമ്മിറ്റി മെമ്പർ പദവി ലഭിക്കുന്നു. പിന്നീട് റീജിയണൽ പ്രസിഡന്റ്, ട്രഷറർ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, ട്രസ്റ്റി ബോർഡ് മെമ്പർ, ഇലക്ഷൻ കമ്മിറ്റി മെമ്പർ, വിമൻസ് ഫോറം ചെയർപേഴ്സൺ, നാഷണൽ കോർഡിനേറ്റർ എന്നീ നിലകളില്ലാം മാതൃകാപരമായ പ്രവർത്തനമാണ് ലീലാ മാരേട്ട് കാഴ്ച വെച്ചിട്ടുള്ളത്. ഫൊക്കാനയുടെ ഏറ്റവും പ്രതിസന്ധി നിറഞ്ഞ കാലഘട്ടത്തിലെല്ലാം നേതൃത്വത്തോടൊപ്പം അടിയുറച്ചു നിന്ന് സജീവമായ പ്രവർത്തനം കാഴ്ചവെച്ച് സംഘടനയെ ശക്തമാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. ഫൊക്കാന വിമൻസ് ഫോറത്തിലൂടെ സ്ത്രീ ശാക്തീകരണത്തിന് തുടക്കമിട്ടതും ലീലാ മാരേട്ട് ആയിരുന്നു. ഇന്ത്യൻ കോൺസുലേറ്റിൽ കേരളപ്പിറവിയുടെ അൻപത് വർഷം ആഘോഷിക്കുവാൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതും ലീലാ മാരേട്ട് തന്നെ. സ്ത്രീകൾക്ക് വേണ്ടി ഓർഗൻ ഡൊണേഷൻ രജിസ്റ്റർ ഉണ്ടാക്കി.

പതിനെട്ട് വർഷമായി ഫൊക്കാനയുടെ നിറസാന്നിദ്ധ്യമായ ലീലാ മാരേട്ടിന് ഫൊക്കാനയെ നയിക്കുന്നതിന് ഈ ആത്മവിശ്വാസം മാത്രം മതി എന്നാണ് പക്ഷം. ഫൊക്കാനയുടെ എക്കാലത്തേയും പരിപാടികൾക്കും, സുവനീറുകൾക്കു പിന്നിലും, ടാലന്റ് മത്സരങ്ങൾക്ക് പിന്നിലും ലീലാ മാരേട്ടിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ട്.

കോൺഗ്രസ് രാഷ്ട്രീയ പാരമ്പര്യത്തിന് പിന്നിൽ അടിയുറച്ച ലീലാ മാരേട്ട് ഇപ്പോൾ ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ നേതാവ് കൂടിയാണ്. നിരവധി കോൺഗ്രസ് പ്രവർത്തകരെ സംഘടനയുടെ ഭാഗമാക്കി. കേരളത്തിൽ തെരഞ്ഞെടുപ്പ് നടന്ന സമയങ്ങളിലെല്ലാം കേരളത്തിലെത്തി വിവിധ മണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിച്ചു. അമേരിക്കയിൽ ഇന്ത്യൻ സ്വാതന്ത്ര്യ ദിനം എല്ലാ വർഷവും ആഘോഷിച്ചു.

ഏത് സംഘടനയുടെയും ഉന്നത പദവികൾ ഏത് വിധേനയും കൈക്കലാക്കുക എന്ന പോളിസി തനിക്കില്ല എന്ന് ലീലാ മാരേട്ട് അടിവരയിട്ട് പറയുന്നു. ഏത് പദവിയും അർഹതയ്ക്കുള്ള അംഗീകാരമാണ്. എനിക്ക് ഫൊക്കാന പ്രസിഡന്റ് ആകാൻ യോഗ്യതയുണ്ടോ എന്ന് സ്വയം ചോദിച്ചാൽ ഉണ്ട് എന്നാണ് ഉത്തരം. 30 വർഷം ഫൊക്കാനയിൽ പ്രവർത്തിച്ച പാരമ്പര്യമാണ് എനിക്കുള്ളത്. അതിനാണ് ഞാൻ വോട്ട് ചോദിക്കുന്നത്. വിജയിച്ചാൽ സ്ത്രീകൾ, ചെറുപ്പക്കാർ ഉൾപ്പെടെയുള്ള അമേരിക്കൻ മലയാളി സമൂഹത്തെ നേതൃധാരയിൽ കൊണ്ടുവരും. റീജിയണുകൾ കൂടുതൽ ശക്തമാക്കി അമേരിക്കയിലും കാനഡയിലും പ്രവർത്തനങ്ങളുടെ പുതിയ ഒരു രീതി ആവിഷ്ക്കരിക്കും. ഓരോ ഫൊക്കാന പ്രവർത്തകന്റെയും അഭിപ്രായത്തിന് വില നൽകും. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ജനകീയമാക്കും. രണ്ട് വർഷത്തെ പദ്ധതികൾ ഇനം തിരിച്ച് പ്രത്യേകം ചാർട്ട് ചെയ്ത് നടപ്പിലാക്കും.

വളരെ ശുഭാപ്തി വിശ്വാസത്തോടെയാണ് ലീലാ മാരേട്ട് ഫൊക്കാനാ പ്രസിഡന്റ് പദത്തിലേക്ക് മത്സരിക്കുന്നത്. ഇത്തവണ തന്നെ അമേരിക്കൻ മലയാളികൾ ഒപ്പം കൂട്ടുമെന്ന് തനിക്ക് ഉറപ്പുണ്ട്. വർഷങ്ങളായി ഫൊക്കാന തെരഞ്ഞെടുപ്പ് കാലയളവുകളിൽ സംഭവിക്കുന്നതെന്താണെന്ന് വോട്ടു ചെയ്യുന്നവർ തിരിച്ചറിഞ്ഞിട്ടുണ്ട്. അത് തനിക്ക് അനുകൂലമായി വരുമെന്നാണ് ലീല മാരേട്ട് പറയുന്നത്.

ഈ ആത്മ വിശ്വാസമാണ് ലീലാ മാരേട്ടിനെ മുന്നോട്ട് നയിക്കുന്നത്. ആ പ്രതീക്ഷകൾക്ക് ചിറകുവരട്ടെ – ആശംസകൾ...

**അനിൽ പെണ്ണുക്കര**

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

# സന്തോഷ് നായർ 2026 – 2028 ഫൊക്കാന ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്നു



അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനായ ഫൊക്കാനയുടെ 2026 – 2028 കാലയളവിലെ ജനറൽ സെക്രട്ടറി സ്ഥാനാർത്ഥിയായി ചിക്കാഗോയിലെ സാമൂഹ്യ സാംസ്കാരിക രംഗത്ത് സജീവ സാന്നിദ്ധ്യമായ സന്തോഷ് നായർ, ഫിലിപ്പോസ് ഫിലിപ്പ് നേതൃത്വം നൽകുന്ന പാനലിൽ നിന്നും മത്സരിക്കുന്നു.

സ്വന്തം നിലപാടുകളാണ് എക്കാലത്തേയും തന്റെ വിജയത്തിനാധാരം എന്ന് അഭിമാനത്തോടെ പറയുന്ന ഒരു വ്യക്തിത്വമാണ് സന്തോഷ് നായർ. ചിക്കാഗോയുടെ സാമൂഹ്യ സാംസ്കാരിക രംഗത്ത് സജീവ സാന്നിധ്യമായ സന്തോഷ് നായർ ഫൊക്കാനയുടെ ഭാവി പ്രവർത്തങ്ങളെ കുറിച്ച് വ്യക്തമായ കാഴ്ചപാടുകൾ ഉള്ള വ്യക്തിയാണ്. പാലാ സ്വദേശിയായ സന്തോഷ് നായർ 1997-ലാണ് അമേരിക്കയിലെത്തിയത്.

ചെറുപ്പത്തിലെ സിരകളിൽ വേരൂന്നിയ പ്രസ്ഥാനമാണ് സന്തോഷിന് കോൺഗ്രസ്. കെ.എസ്.യുവിലൂടെ തുടങ്ങിയ വിദ്യാർത്ഥി രാഷ്ട്രീയത്തിലും കോൺഗ്രസിലും തിളങ്ങിയ സന്തോഷ് നായർ അമേരിക്കയിലെത്തിയപ്പോഴും സംഘടനാ പ്രവർത്തനങ്ങളിലും സജീവമാകാൻ തുടങ്ങി.

കെ.എസ്.യുവിന്റെ പാലാ സെന്റ് തോമസ് സ്കൂൾ പ്രവർത്തകനിൽ നിന്ന് താലൂക്ക്, ജില്ലാ ഭാരവാഹിത്വങ്ങളിലേക്കുള്ള വളർച്ച യൂത്ത് കോൺഗ്രസിലേക്ക് എത്തി. പാലാ മണ്ഡലം സെക്രട്ടറി, ബ്ലോക്ക് പ്രസിഡന്റ്, 1983-ൽ ഡി.സി.സി. മെമ്പർ, യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറി, 1997-ൽ അമേരിക്കയിലേക്ക് പോകുന്ന സമയത്ത് ഈ പദവിയിൽത്തന്നെ സജീവം. കോളജ് കാലം കഴിഞ്ഞ് പാലാ മുൻസിപ്പാലിറ്റിയിലേക്ക് മത്സരിച്ചുവെങ്കിലും ചെറിയ വ്യത്യാസത്തിന് പരാജയപ്പെട്ടു. കോൺഗ്രസ് പിളർന്ന സമയത്ത് മുതൽ എ ഗ്രൂപ്പിലേക്ക് മാറി. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആന്റോ ആന്റണി തുടങ്ങിയ ഒട്ടനവധി കോൺഗ്രസ് നേതാക്കന്മാരുമായി ഇപ്പോഴും ഈഴമുറിയാത്ത ബന്ധം കാത്തുസൂക്ഷിക്കുന്നു.

കേരളത്തിന്റെ മണ്ണിൽനിന്ന് അമേരിക്കൻ മണ്ണിലേക്ക് പറിച്ചു നടപ്പെട്ട സന്തോഷ് നായർക്ക് പൊതുപ്രവർത്തനം തന്റെ രക്തത്തോടൊപ്പമുണ്ട്. ഫൊക്കാനയുടെ റീജിയണൽ സെക്രട്ടറി, റീജിയണൽ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായിരിക്കെയാണ് അമേരിക്കയിലെത്തിയ കോൺഗ്രസ് പ്രവർത്തകരുടെ കൂട്ടായ്മയായ ഓവർസീസ് കോൺഗ്രസിന് തുടക്കമാകുന്നത്. ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ നാഷണൽ സെക്രട്ടറി, ഇപ്പോൾ ഐ.ഒ.സി ചിക്കാഗോ ചാപ്റ്റർ പ്രസിഡൻറ് എന്നീ നിലകളിൽ വിവിധ സമയങ്ങളായി പ്രവർത്തനം. ഒപ്പം ചിക്കാഗോ മലയാളി അസോസിയേഷന്റെ ബോർഡ് മെമ്പർ ആയും പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ സജീവ പ്രവർത്തകനായി തുടങ്ങിയ സംഘടനാ ജീവിതം ഇപ്പോൾ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്നതു വരെ എത്തി നിൽക്കുമ്പോൾ വ്യക്തമായ കാഴ്ചപ്പാടുകൾ അദ്ദേഹത്തിനുണ്ട്. സജിമോൻ ആന്റണിയും ശ്രീകുമാർ ഉണ്ണിത്താനും ജോയി ചാക്കപ്പനും തുടങ്ങിവച്ച പദ്ധതികൾ മുന്നോട്ടു കൊണ്ടുപോവുകയും ഫൊക്കാനയെ ശക്തിയായി അമേരിക്കൻ മലയാളികളിൽ നിലനിർത്തുകയും ചെയ്യുക എന്നതാണ് പ്രധാന ദൗത്യം. അതിനു വേണ്ടതെല്ലാം ചെയ്യുക എന്നതാണ് പ്രധാന അജണ്ട. ഫൊക്കാന ഒരു തുടർ പ്രോജക്റ്റുകൂടിയാണ്. ഒരു തുടർച്ചയാണ് . അതിനു എല്ലാവരെയും ഒപ്പം നിർത്തി സംഘടനയെ ശക്തമാക്കുക എന്നതാണ് ലക്ഷ്യം. രാഷ്ട്രീയക്കാരനിൽ നിന്ന് ഔദ്യോഗിക ജീവിതത്തിലേക്ക്

മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തനവും പാതിയാക്കിയ എൽ.എൽ.ബിയും കൈമുതലായി അമേരിക്കയിലെത്തിയപ്പോഴാണ് ഔദ്യോഗികമായി ജീവിതത്തെ കരുപിടിപ്പിക്കാൻ അമേരിക്കൻ സിസ്റ്റത്തിലേക്ക് മാറണം എന്ന് മനസിലായത്. കമ്പ്യൂട്ടർ പഠിച്ചു. നെറ്റ്‌വർക്ക് അസിസ്റ്റന്റായി 2003 വരെ ജോലി. തുടർന്ന് പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ മൂന്ന് വർഷം. തുടർന്ന് ബിസിനസ്സിലേക്ക് തിരിഞ്ഞു. ഇപ്പോഴും അത് തുടരുന്നു. ചിക്കാഗോയിലെ പാലാ കൂട്ടായ്മയിൽ 1989 മുതൽ സജീവം. പാലാ കുരിശുപള്ളിക്കവല ഇപ്പോഴും ഓരോ പാലാക്കാരനും ഗൃഹാതുരത്വം ഉണ്ടാക്കുന്ന ഇടം. മാതാവിന്റെ മണ്ണിൽ നിന്ന് എവിടേക്ക് പോയാലും ആ അമ്മയുടെ കരുതൽ തണലാകുന്നു.

ജീവിതത്തിലെ എത്ര തിരക്കിനിടയിലും പത്ര, പുസ്തകവായനകൾ സജീവം. ഒരു പൊതുപ്രവർത്തകന് സമൂഹവുമായി സംവദിക്കണമെങ്കിൽ സമകാലികമായ പ്രശ്നങ്ങളെക്കുറിച്ച് തികഞ്ഞ ധാരണയുണ്ടാവണമെന്നാണ് സന്തോഷ് നായരുടെ പക്ഷം. രാഷ്ട്രീയത്തിനപ്പുറത്ത് മനുഷ്യനായി നിൽക്കാൻ പുസ്തകവായന കൊണ്ടും അനുഭവങ്ങൾ കൊണ്ടും സാധിക്കും. പൊതു പ്രവർത്തകർക്ക് വേണ്ട മാന്യത, സത്യസന്ധത, നേരും നെറിയും എന്നിവയാണ് സാമൂഹ്യ പ്രവർത്തകരുടെ കൈമുതൽ.

യാത്ര, സൗഹൃദങ്ങൾ ഒക്കെ സമൃദ്ധമായി ആഘോഷിക്കുവാൻ സന്തോഷ് നായർക്ക് കഴിയുന്നത് ഈ നന്മയും, സാമൂഹ്യ ബോധവും ഉള്ളിൽ സൂക്ഷിക്കുന്നതു കൊണ്ടാണ്.

ഫൊക്കാനയുടെ സെക്രട്ടറിയായി വേണ്ടതും സാംസ്കാരിക ബോധവും സംഘടനാ നേതൃത്വ പാടവും കൈമുതലായുള്ള നേതാക്കന്മാരെ ആണ്. സന്തോഷ് നായർ ഈ പദവിക്ക് അർഹനായ വ്യക്തിയാണെന്ന് ഇതിനോടകം തെളിയിച്ച വ്യക്തിയാണ്. സന്തോഷ് നായരുടെ നേതൃത്വം ഫൊക്കാനയ്ക്ക് കരുത്താവട്ടെ.

**അനിൽ പെണ്ണുക്കര**













# ഫൊക്കാന 2026 – 2028 ഭരണസമിതിയിൽ ട്രഷറർ സ്ഥാനത്തേക്ക് രേവതി പിള്ള മത്സരിക്കുന്നു



സംഘാടന പാടവത്തിലൂടെ ഫൊക്കാനയിലൂടെ തന്നെ നേതൃത്വ പാടവം തെളിയിച്ച വ്യക്തിയാണ് രേവതി പിള്ള. 2024 – 2026 കാലയളവിൽ ഫൊക്കാന വിമൻസ് ചെയർ പേഴ്സണായി ഉജ്വല പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന രേവതി പിള്ള ഫൊക്കാനയുടെ 2026 – 208 കാലയളവിലെ ട്രഷററായി ലീലാ മാരേട്ടിന്റെ പാനലിൽ മത്സരിക്കുകയാണ്.

അടൂരിലും തിരുവനന്തപുരത്തുമായി രേവതി പിള്ള പ്രാഥമിക വിദ്യാഭ്യാസം നേടുമ്പോൾ പത്താം ക്ലാസിൽ സ്കൂൾ ടോപ്പർ ആയിരുന്നു രേവതി. ചങ്ങനാശേരി അസംപ്ഷൻ കോളജിൽ പ്രീഡിഗ്രിയും പൂർത്തിയാക്കി. തുടർന്ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന് ചേർന്ന രേവതി തനിക്ക് വന്നു ചേർന്ന ഭാഗ്യത്തെ കാര്യക്ഷമമായി വിനിയോഗിക്കാൻ തന്നെ തീരുമാനിച്ചു. പഠനകാലം അതിഭംഗിയായി പൂർത്തിയാക്കിയ രേവതി എഞ്ചിനീയറിങ് പരീക്ഷ കഴിഞ്ഞ് നേരെ അച്ഛന്റെയും അമ്മയുടേയും അടുത്ത് അബുദാബിയിലേക്ക് പോയി.

അറേബ്യൻ മണ്ണിൽ എത്തിയതിനു ശേഷമാണ് രേവതിയുടെ വിവാഹം നടക്കുന്നത്. തുടർന്ന് ആ മാറ്റം അമേരിക്കയിലേക്. യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസിൽ നിന്നും എംബിഎ സ്വന്തമാക്കിയതും, കോർണൽ യൂണിവേഴ്സിറ്റിയിൽ നിന്നും എക്സിക്യൂട്ടീവ് ലീഡർഷിപ്പ് പ്രോഗ്രാം ചെയ്തതും രേവതി പിള്ളയുടെ ജീവിതവഴിയിലെ നേട്ടങ്ങളാണ്.

2008–ലാണ് രേവതിയുടെ ജീവിതത്തിൽ കാതലായ മാറ്റം സംഭവിക്കുന്നത്. ഏറ്റവും മികച്ച ഒരു കമ്പനിയുടെ എൻജിനീയറിങ് മാനേജ്മെന്റിലേക്കുള്ള മാറ്റം ജീവിതത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടി. പിന്നീട് ചീഫ് എഞ്ചിനീയറിംഗ് ഓഫീസറായിവരെ കരിയറിൽ വലിയ മാറ്റങ്ങൾ പ്രകടമാകാൻ തുടങ്ങി. സീനിയർ വൈസ് പ്രസിഡന്റ് തലത്തിൽ വരെ ആ കമ്പനിയിൽ തുടർ കാലങ്ങളിൽ വളരാൻ സാധിച്ചത് അവരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം ഒന്നു കൊണ്ട് മാത്രമാണ്. കൂടാതെ നിരവധി ഇൻഡസ്ട്രിയൽ പ്രബന്ധങ്ങളും, പേറ്റൻസുകളും രേവതി പിള്ളയ്ക്കുണ്ട്.

സ്കൂൾ കാലഘട്ടം മുതൽ സംഗീതം, നൃത്തം, പ്രസംഗം, സംഘാടനം എന്നീ രംഗങ്ങളിൽ സജീവമായിരുന്നു രേവതി പിള്ള. ഇളയ മകൾക്ക് മൂന്ന് വയസായത് മുതൽ ബോസ്റ്റണിലെ മലയാളി സംഘടനാ രംഗത്ത് രേവതി സജീവമായിത്തുടങ്ങി. കേരളാ അസോസിയേഷൻ ഓഫ് ന്യൂ ഇംഗ്ലണ്ടിലൂടെ എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം കൂടി. ഇത് പൊതുപ്രവർത്തനം, കൂട്ടായ്മ തുടങ്ങിയ പാഠങ്ങൾ രേവതിയെ പഠിപ്പിച്ചു. ഓണം, വിഷു, ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നൃത്താവതരണത്തിന് മുൻപിൽ രേവതി ഉണ്ടായിരുന്നു. ഈ പൂർണ്ണ പങ്കാളിത്തം ആർട്സ് ക്ലബ് സെക്രട്ടറി എന്ന സ്ഥാനത്തേക്ക് രേവതിയെ ഉയർത്തി. പിന്നീട് അസി. ജനറൽ സെക്രട്ടറിയായും ഈ മേഖലയിൽ രേവതി പ്രവർത്തിച്ചു.

തന്റെ അസോസിയേഷന്റെ പ്രസിഡന്റും സുഹൃത്തുമായിരുന്ന, പ്രവർത്തനത്തിലൂടെ എപ്പോഴും ആക്ടീവായിരുന്ന എൽസി ആന്റിയാണ് അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനായ ഫൊക്കാനയ്ക്ക് രേവതി പിള്ളയെ പരിചയപ്പെടുത്തുന്നത്. 2020 – 22 കാലയളവിൽ ഫൊക്കാന വിമൻസ് ഫോറത്തിലേക്കാണ് രേവതിപിള്ളയുടെ കടന്നുവരവ്. അങ്ങനെ പ്രവർത്തനങ്ങളിലൂടെയുള്ള യാത്ര വിമൻസ് ഫോറം എക്സിക്യുട്ടീവ് കമ്മിറ്റിയിൽ കൊണ്ടെത്തിച്ചു. തുടർന്ന് അന്നത്തെ പ്രസിഡന്റ് ആയിരുന്ന ജോർജി വർഗീസ്, ജനറൽ സെക്രട്ടറി സജിമോൻ ആന്റണി വിമൻസ് ഫോറം ചെയർപേഴ്സൺ കലാ ഷഹി എന്നിവരുമായി സംസാരിച്ച് നാഷണൽ കമ്മിറ്റി മെമ്പർ ആവുകയും, ഫൊക്കാന വിമൻസ് ഫോറത്തിൽ പ്രവർത്തനം സജീവമാക്കുകയും ചെയ്തു.

ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു സംഘടനയുടെ ഭാഗമായപ്പോൾ പ്രധാനമായും അന്ന് ഫൊക്കാന നേതൃത്വത്തോട് ഒരു സ്ത്രീ എന്ന നിലയിൽ ഒരു സ്വാഭാവിക ചോദ്യം രേവതി പിള്ള ചോദിച്ചു. സംഘടനകളിൽ സ്ത്രീ സുരക്ഷ എന്നതായിരുന്നു അത്. അപ്പോൾ ജോർജി വർഗീസും സജിമോൻ ആന്റെണിയും അതിനായി ചില നിർദ്ദേശങ്ങൾ എഴുതി ഉണ്ടാക്കാമോ എന്ന് അവരോട് ചോദിച്ചു. അങ്ങനെ ആന്റി സെക്ഷ്വൽ ഹരാസ്മെന്റ് പോളിസി രേവതി എഴുതിയുണ്ടാക്കി. അമേരിക്കയിലെ എല്ലാ കമ്പനികൾക്കും ഇത്തരം പോളിസികൾ ഉണ്ട്. എല്ലാ സംഘടനകൾക്കും ഇത്തരം നയങ്ങൾ ഉണ്ടാകണം എന്നതാണ് നിയമം. സംഘടനകൾ നോൺ പ്രോഫിറ്റബിൾ ഓർഗനൈസേഷൻ ആയതിനാൽ വിഷയത്തിൽ ഒരു ഡ്രാഫ്റ്റ് ഉണ്ടാക്കുക എന്നത് വലിയ പ്രയാസമായിരുന്നു. എങ്കിലും അത് വളരെ ആധികാരികമായി ചെയ്യാൻ രേവതി പിള്ളയ്ക്ക് സാധിച്ചു. അമേരിക്കയിലെ വിമൻ എക്സിക്യൂട്ടീവ് നെറ്റ്‌വർക്ക് ആയ 'ചീഫിന്റെ' ബോസ്റ്റൺ ചാപ്റ്റർ ഫൗണ്ടർ കൂടിയായ രേവതി പിള്ള അവിടെയുള്ള നിരവധി നിയമജ്ഞരുടെ സഹായവും ഇക്കാര്യത്തിൽ തേടുകയുണ്ടായി. അവരുടെ സഹായം ലഭിച്ചതും പിന്നീട് അനുഗ്രഹമായി മാറി.

രേവതി പിള്ള എഴുതിയുണ്ടാക്കിയ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഫൊക്കാന ഒരു എത്തിക്സ് കമ്മിറ്റിക്ക് രൂപം കൊടുക്കുകയും അന്തരിച്ച ഫൊക്കാന മുൻ പ്രസിഡന്റ് മറിയാമ്മ പിള്ളയെ അതിന്റെ ചെയർപേഴ്സൺ ആയി നിയമിക്കുകയും ചെയ്തു. സ്ത്രീകൾക്ക് വളരെ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുവാനുള്ള ഒരു നയം ആദ്യമായി ഉണ്ടാക്കിയ പ്രവാസി സംഘടന ഫൊക്കാനയാണ്. ഈ കാര്യത്തിൽ ജോർജി വർഗീസ്, സജിമോൻ ആന്റണി എന്നിവർ രേവതി പിള്ളക്ക് നൽകിയ പിന്തുണ വളരെ വലുതാണ്. ഫൊക്കാന ഫ്ളോറിഡ കൺവൻഷനിൽ മോഹിനിയാട്ടം, മലയാളി മങ്ക കോർഡിനേഷൻ, വാഷിംഗ്ടൺ കൺവൻഷൻ സമയത്ത് റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനം എന്നിവ നിർവഹിക്കാൻ രേവതി പിള്ളയ്ക്ക് അവസരം ലഭിച്ചു. നേഴ്സിംഗ് സ്കോളർഷിപ്പ് ഫിനാൻഷ്യൽ ചെയർ ആയും പ്രവർത്തിച്ചു. ഫൊക്കാനയുടെ നിരവധി പ്രോഗ്രാമുകളുടെ എംസി ആയും പ്രവർത്തിച്ചു.

ഫൊക്കാനയുടെ 2024 –2026 കാലയളവിലെ ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതൽ വലിയ പദ്ധതികൾക്കാണ് രേവതി പിള്ളയും ഫൊക്കാനയും തുടക്കമിട്ടത്. പൊതുപ്രവർത്തനവും നിരവധി മനുഷ്യർക്കിടയിലെ ജീവിതവും സാധാരണക്കാർക്ക് ഉപകാരപ്രദമാകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കാൻ രേവതി പിള്ളയെ പ്രേരിപ്പിച്ചു. കേരളത്തിൽ ഇപ്പോൾ നൽകുന്ന ഫൊക്കാന നേഴ്സിംഗ് സ്കോളർഷിപ്പ് എല്ലാ ഉന്നത പഠനത്തിനും നൽകാനുള്ള തീരുമാനമായിരുന്നു അതിൽ ചരിത്രപ്രധാനമായത്. പ്രൊഫഷണൽ കോഴ്സുകൾക്കെല്ലാം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് നൽകാനും അവർ നടപടിയെടുത്തു. കഴിഞ്ഞ ഫൊക്കാന കേരള കൺവൻഷനിൽ 26 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി നടത്തിയ വിമൻസ് ഫോറം പ്രോഗ്രാം ഏവരുടേയും ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. കൃത്യമായ സംഘാടനത്തിന്റെ ഉദാഹരണം കൂടിയായിരുന്നു ഈ പ്രോഗ്രാം.

ലോക കേരള സഭയുടെ അമേരിക്കൻ മേഖലാ സമ്മേളനം ന്യൂയോർക്കിൽ നടന്നപ്പോൾ ഇൻഡസ്ട്രി ആൻഡ് ടെക്നോളജി ലീഡർ എന്ന ഗണത്തിൽ കേരളാ ഗവൺമെന്റിന്റെ ക്ഷണം സ്വീകരിച്ച് രേവതി പിള്ള പങ്കെടുക്കുകയും ബിസിനസ് രംഗത്തെപ്പറ്റിയും ലീഡർഷിപ്പിനെക്കുറിച്ചും സംസാരിക്കുകയുണ്ടായി. കേരളാ ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെ ഓഫീസിന്റെയും ക്ഷണപ്രകാരം പങ്കെടുത്ത ചുരുക്കം ചില ബിസിനസ്സ് പ്രമുഖരിൽ ഒരാളായിരുന്നു രേവതി പിള്ള ഈ പ്രവർത്തനങ്ങൾക്കൊപ്പം മന്ത്രയുടെ (മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ്) ബോർഡ് മെമ്പർ ആയും പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ മത സാംസ്കാരിക പ്രവർത്തക, സംഘടനാ പ്രവർത്തക, മികച്ച പ്രാസംഗിക, നർത്തകി, അവതാരിക, സംരംഭക തുടങ്ങി വിവിധ മേഖലകളിലെ സ്ത്രീകൾക്ക് രേവതി പിള്ളയുടെ വിജയം ഉജ്വല മാതൃകയായി മാറുന്നു.

എന്തുകൊണ്ടും അമേരിക്കൻ മലയാളികൾക്ക് ഫൊക്കാനയുടെ അടുത്ത ട്രഷററായി തെരഞ്ഞെടുക്കാവുന്ന വ്യക്തിയാണ് രേവതി പിള്ള എന്ന് അടിവരയിട്ട് പറയാം.

**അനിൽ പെണ്ണുക്കര**






കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025

# വരൂ... ഞങ്ങൾ കൈ പിടിക്കാം... റോസാ മിസ്റ്റിക്ക കെയർ ഹോം











**'അനുഭവത്തിന്റെ നരച്ച മുടി പഴയതിന്റെ മഹത്വമാണ്."**

**സദൃശവാക്യങ്ങൾ 20:29**

നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്ത് പ്രായമായവർ ജ്ഞാനത്തിന്റെയും അനുഭവത്തിന്റെയും സ്ഥിരതയുടെയും ഉറവിടമാണ്. പ്രായമായവരുമായി സൗഹൃദം വളർത്തിയെടുക്കാത്ത ഒരാൾ വേരുകളില്ലാത്ത ഒരു വൃക്ഷം പോലെയാണ് എന്ന ആഫ്രിക്കൻ ചൊല്ല് നിങ്ങൾ കേട്ടിട്ടുണ്ടോ? മുതിർന്നവരെ ബഹുമാനിക്കുമ്പോൾ, നിങ്ങൾ ബഹുമാനത്തിലേക്കും സമൃദ്ധിയിലേക്കും ഒരു പാത ഒരുക്കുകയാണ്. നമ്മുടെ ജീവിതത്തിലെ ആദ്യ സീസണുകൾ യഥാർത്ഥത്തിൽ നമ്മുടെ 'അവസാന ജീവിതം' ആസ്വദിക്കുന്നതിനാണ് സൃഷ്ടിച്ചതെന്ന് പ്രഖ്യാപിക്കുകയും, വാർദ്ധക്യകാലം പരസഹായം ആവശ്യമായി വരുന്ന ജീവിത സാഹചര്യത്തിന് വഴിതെളിക്കുമ്പോൾ വെട്ടവും വെളിച്ചവും ഉള്ളിടത്തേക്ക് ഒരു കുടുംബം നിങ്ങളെ ക്ഷണിക്കുകയാണ്.

ഫ്രാൻസിസ് എന്ന കോട്ടയംകാരനും അദ്ദേഹത്തിന്റെ ഭാര്യ ലൂസിയും നേതൃത്വം നൽകുന്ന റോസാ മിസ്റ്റിക്ക കെയർ ഹോം. കോട്ടയം കാരിത്താസ് ആശുപത്രിക്ക് സമീപം നൂറ്റൊന്നു കവലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കുറച്ചുകാലത്തേക്കോ സ്ഥിരമായിട്ടോ വിശ്രമജീവിതം ആഗ്രഹിക്കുന്നവർക്കായി ആരോഗ്യവും സന്തോഷവും സമാധാനവും നിറഞ്ഞ ഭവനാന്തരീക്ഷം ഒരുക്കുന്നതിൽ ഒരു തികഞ്ഞ മാതൃകയായി മാറിക്കഴിഞ്ഞു.

## റോസാ മിസ്റ്റിക്ക കെയർ ഹോം

ജീവിതത്തിന്റെ നല്ല കാലങ്ങൾ കുടുംബത്തിനുവേണ്ടി ചിലവഴിച്ച്, വിദേശരാജ്യങ്ങളിലും മറ്റും പ്രവാസജീവിതം പേറി, പിന്നീട് വാർദ്ധക്യത്തിൽ വീട്ടിൽ ഒറ്റപ്പെടുന്നവർക്ക് പ്രായം വിജയത്തിന് ഒരു തടസ്സമല്ല, അത് ജ്ഞാനത്തിലേക്കുള്ള ഒരു ഗോവണിയാണ് എന്ന് കാണിച്ചുകൊണ്ട്

## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

റോസാ മിസ്റ്റിക്ക വാതിൽ തുറക്കുന്നു. വരൂ ഞങ്ങൾ കൈ പിടിക്കാം എന്ന് പറയാൻ, തുണയായി അരികിൽ നിൽക്കാൻ മക്കൾ ഉണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിക്കാത്തവരുണ്ടോ. മക്കൾ ആകട്ടെ അച്ഛനമ്മമാരെ സ്നേഹത്തോടെ പരിചരിക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചാൽ പോലും ജോലിഭാരവും കുടുംബജീവിതവും അവരെ നിസ്സഹായരാക്കുന്നു. ഇത്തരം സാഹചര്യത്തിലാണ് റോസാ മിസ്റ്റിക്ക കെയർ ഹോമിന്റെ പ്രാധാന്യത്തെ പറ്റി നമ്മൾ ചിന്തിക്കേണ്ടത്.

അധ്വാനിക്കാൻ കഴിയാതെ ആവുന്ന സമയത്ത് താൻ മക്കൾക്ക് ഭാരമാവുമെന്ന ആവലാതിയിൽ രാവും പകലും തള്ളിനീക്കുന്ന എത്രയോ വയോജനങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഒരു സാധാരണ പ്രയോഗം പോലെ ഇട്ടുമൂടാൻ ആവുന്നത്രയും പണം ഉണ്ടായിട്ടും സ്നേഹിക്കാനും പരിചരിക്കാനും ആരുമില്ലാതെ കഴിയുന്നവർക്കാണ് ഈ സ്ഥാപനം തണലൊരുക്കുന്നത്.

പ്രായഭേദമന്യേ അസുഖങ്ങൾ ബാധിച്ചവർക്കും കിടപ്പ് രോഗികൾക്കും വീടുകളിൽ ഒറ്റയ്ക്കായവർക്കും ധൈര്യമായി റോസ മിസ്റ്റിക്കയുടെ വാതിലിൽ മുട്ടാം. ഏതൊരു വ്യക്തിയെയും മുഖം നോക്കാതെ സ്വീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഈ ഭവനം ദൈവത്തിന്റെ മറ്റൊരു കയ്യൊപ്പാണെന്ന് ഞാൻ പറയും. അച്ഛനമ്മമാരെ വേണ്ടത്രയും പരിചരിക്കാനാകാതെ ആധിപിടിച്ചോടുന്ന മക്കളോട് 'ധൈര്യമായിരിക്കൂ ഞങ്ങൾ നോക്കിക്കോളാം' എന്ന് പറഞ്ഞ വാക്കിന്റെ വിജയ മാതൃകയായി കോട്ടയത്ത് ഇപ്പോൾ റോസ മിസ്റ്റിക്കയുടെ രണ്ടാമത്തെ ഭവനം തുറക്കുകയാണ്.

## സേവനങ്ങൾ

റോസാ മിസ്റ്റിക്ക കെയർ ഹോം സ്ഥാപിതമായിട്ട് ഏഴു വർഷത്തോളമായിരിക്കുന്നു. 40-ഓളം അംഗങ്ങളാണ് റോസാമിസ്റ്റിക്ക കെയർ ഹോമിൽ ഉള്ളത്. സ്ഥിരമായും താൽക്കാലികമായും താമസിക്കാൻ എത്തിയവരും, അസുഖങ്ങൾ ബാധിച്ച് പരസഹായത്തിനായി ഭേദമാവുന്നിടത്തോളം താമസിക്കാനായി എത്തുന്നവരും ധാരാളമുണ്ട്. എപ്പോൾ വേണമെങ്കിലും ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയിൽ തുടങ്ങി ട്രക്കിയോസ്റ്റമി കെയർ, സക്ഷൻ, ബെഡ് റിടൻ വിത്ത് ബെഡ് സോർ കെയർ എന്നിങ്ങനെ ഒരു ഹോസ്പിറ്റലിൽ കൊടുക്കുന്ന എല്ലാവിധ നഴ്സിംഗ് കെയറും ഇവിടെ ലഭ്യമാണ്. വിദഗ്ധ പാലിയേറ്റീവ് കെയർ വിഭാഗവും, ആംബുലൻസ് സൗകര്യവും, ഹോംലി ഫുഡും മുൻഗണനയിൽ തന്നെ.

സ്വയം ചലിക്കാൻ സാധിക്കാത്തവർക്ക് പോലും പ്രകൃതിയുടെ ഭംഗി ആസ്വദിക്കുവാൻ ഇവിടെ അവസരം ഒരുക്കപ്പെടുന്നു. എസി, നോൺ എ.സി. മുറികൾ ലഭ്യമാണ്. കൗൺസിലിങ്ങും മാനസിക ഉല്ലാസം നൽകുന്ന പ്രോഗ്രാമുകളും സംഘടിപ്പിക്കാറുണ്ട്. കിടപ്പുരോഗികളിൽ ഭാരം കൂടിയവരെ ലിഫ്റ്റ് ചെയ്യുവാൻ ആധുനിക ഉപകരണങ്ങൾ ഉണ്ടെന്നത് ശ്രദ്ധേയമായ കാര്യമാണ്. ഹോസ്പിറ്റൽ വാസം ആവശ്യമെങ്കിൽ രോഗികൾക്കൊപ്പം ബൈസ്റ്റാൻഡർ ഉണ്ടാകും. എല്ലാ ദിവസവും റോസാ മിസ്റ്റിക്കയിലെ സ്റ്റാഫ് നേഴ്സ് ഡോക്ടർമാരെ നേരിട്ട് കണ്ട് അഡ്മിറ്റ് ആയിരിക്കുന്ന അച്ഛനമ്മമാരുടെ രോഗാവസ്ഥയെക്കുറിച്ചും, ചികിത്സാ രീതിയെക്കുറിച്ചും സംസാരിച്ച് ഉത്തരവാദിത്തപ്പെട്ടവരെ അപ്പപ്പോൾ അറിയിക്കുകയും അവിടെനിന്ന് ഡിസ്ചാർജ് ചെയ്ത് കൊണ്ടുവരുന്ന ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നു.



ആരെങ്കിലും മരണപ്പെടുകയോ വീടുകളിലേക്ക് തിരികെ പോവുകയോ ചെയ്യുമ്പോൾ മാത്രമേ പുതിയ അംഗങ്ങളെ കെയർ ഹോമിന് എടുക്കാനാകൂ. പലരും അഡ്മിഷനുവേണ്ടി വന്നെങ്കിലും സങ്കടത്തോടെ നോ പറയേണ്ടി വന്നതിനാൽ കോട്ടയത്ത് സിഎംഎസ് കോളേജിന്റെ പുറകിലായി റോസാ മിസ്റ്റിക്ക കെയർ ഹോമിന്റെ രണ്ടാമത്തെ ഭവനം ഇപ്പോൾ പ്രവർത്തനമാരംഭിച്ചു. റോസാ മിസ്റ്റിക്ക കെയറിനോടുള്ള ജനങ്ങളുടെ വിശ്വാസവും സ്നേഹവുമാണ് പുതിയ സ്ഥാപനത്തിലേക്ക് വഴിതെളിച്ചത്.

### വ്യത്യസ്തവും വ്യത്യസ്തരും!

മറ്റൊരാളുടെ സഹായം ആവശ്യമായി വരുന്ന സമയങ്ങളിൽ പൊതുവേ വയോജനങ്ങൾ ചിന്തിക്കുന്നത് എപ്പോഴും താൻ മക്കൾക്ക് ഭാരമായിരിക്കരുതെന്നാണ്. അതുകൊണ്ടുതന്നെ അസൗകര്യങ്ങളിലും 'ഇതുമതി 'എന്ന മട്ടിൽ ഒതുങ്ങി കൂടുന്നവരാണ് മിക്കവരും. ചിലർ കൈകാലുകൾ ചലിപ്പിക്കാൻ ആകാതെ കിടക്കയിൽ മുകളിലേക്കും നോക്കി കാലം കഴിക്കും. മറ്റു ചിലർ ശരീരത്തിന് സ്വാധീനം ഉണ്ടെങ്കിലും അസുഖങ്ങൾ ദിനചര്യകൾ പോലും ചെയ്യാൻ അനുവദിക്കാത്ത രീതിയിൽ ബുദ്ധിമുട്ടി കഴിയും. ഓരോ അച്ഛനമ്മമാരും മക്കളുടെ ജീവിതം സുരക്ഷിതമാക്കാൻ ലോകത്തിന്റെ പലയിടത്തായി കഠിനാധ്വാനം ചെയ്തു നിറയെ സമ്പാദിച്ചു തിരികെ വരുമ്പോൾ അവരെ കാത്തിരിക്കുന്ന ഭാവികാലമാണിത്. ഇവിടെയാണ് റോസാ മിസ്റ്റിക്ക കെയർ ഹോമിന്റെ സഹായഹസ്തങ്ങൾ എത്രത്തോളം വലുതാണെന്ന് നമുക്ക് മനസ്സിലാകുന്നത്. വൃദ്ധസദനങ്ങളിലും മറ്റും പൊതുവേ ഹോം നേഴ്സുമാരാണ് വയോജനങ്ങളെ പരിപാലിക്കുന്നത്. അവർ ഒരുപക്ഷേ ബിപി,ഷുഗർ പോലുള്ള രോഗങ്ങളെ പരിശോധിക്കാനോ, വേണ്ട മെഡിക്കൽ ട്രീറ്റ്മെന്റ് കൊടുക്കുവാനോ ഉള്ള അറിവില്ലാത്തവരായിരിക്കും. എന്നാൽ റോസ മിസ്റ്റിക്ക ക്വാളിറ്റിയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നമ്മൾ ഓരോരുത്തരെയും വളർത്തി വലുതാക്കിയ മാതാപിതാക്കളെ എത്രത്തോളം ക്വാളിറ്റിയിൽ പരിപാലിക്കാൻ ആകും എന്ന് തെളിയിക്കുകയാണ് ഈ സ്ഥാപനം. മറ്റൊരാളുടെ നിസ്സഹായ അവസ്ഥയിൽ കണ്ടറിഞ്ഞു ചെയ്യുന്നവനാണ് യഥാർത്ഥ മനുഷ്യൻ എന്ന് നമ്മെ ബോധ്യപ്പെടുത്തുകയാണിവർ. ഒപ്പം പ്രായമായവർക്കായി സ്നേഹത്തിന്റെ ഒരു വാക്കും. "സുന്ദരമായി വാർദ്ധക്യം പ്രാപിക്കുക എന്നതിനർത്ഥം വഴക്കമുള്ളവരായിരിക്കുക, തുറന്ന മനസ്സുള്ളവരായിരിക്കുക, മാറ്റം അനുവദിക്കുക, മാറ്റം ആസ്വദിക്കുക, സ്വയം സ്നേഹിക്കുക എന്നാണ്."

### ജീവനക്കാർ, സ്ഥാപനത്തിന്റെ ശക്തി

40 പേരെ പരിപാലിക്കാൻ 45 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്. കേട്ടപ്പോൾ എനിക്കും അത്ഭുതം തോന്നിയ ഒരു കാര്യമാണിത്. പക്ഷേ, വളരെ പോസിറ്റീവ് എനർജി തരുന്ന ദിനചര്യ കൂടി കേട്ടപ്പോൾ റോസാ മിസ്റ്റിക്ക കെയർ ഹോം വ്യത്യസ്തമാവുന്നതിൽ അത്ഭുതപ്പെടാനില്ല. പ്രഭാത ഭക്ഷണത്തിനുശേഷം 40 പേരെയും കുളിപ്പിച്ച്, വസ്ത്രം മാറി പുറത്തേക്ക് കൊണ്ടുവരും. വീൽചെയറിൽ ഉള്ളവരായാലും മറ്റുള്ളവരും പുറംലോകത്തെ ശുദ്ധ വായുവിൽ വിനോദങ്ങളിൽ ഏർപ്പെടും. ചിത്രരചന, പെയിന്റിംഗ്, കാരംസ് പോലുള്ള കളികളിൽ സഹായത്തിനായി എംഎസ് ഡബ്ലിയു കഴിഞ്ഞ ജീവനക്കാർ ആയിരിക്കും ഉണ്ടാവുക. ഒന്നും ചെയ്യാൻ കഴിയാത്തവർ പോലും ശുദ്ധമായ,തുറന്ന അന്തരീക്ഷത്തിൽ കുറച്ചുസമയം ചിലവഴിക്കണം എന്നാണ് ഇവരുടെ രീതി. 10.30 ആകുമ്പോഴേക്കും ജ്യൂസോ സൂപ്പോ നൽകും. 12 മണി ആവുന്ന സമയത്ത് അന്നത്തെ ന്യൂസ് വായിച്ചു കേൾപ്പിക്കും. പലർക്കും കാഴ്ച ശക്തി കുറവുണ്ടെങ്കിലും ആനുകാലികമായ വാർത്തകൾ അറിയാൻ ആഗ്രഹിക്കുന്നവർ ആയിരിക്കും. ശേഷം 12.30–ന് ഉച്ചഭക്ഷണം. ചോറ്, കറി, നോൺവെജ്, അച്ചാർ, തോരൻ അടങ്ങുന്നതാണ് ഇവിടുത്തെ ഭക്ഷണം. ചോറ് കഴിക്കാത്തവർക്കായി ഓട്സ്, സൂചി ഗോതമ്പ് കഞ്ഞി, പൊടിയരി കഞ്ഞി പോലുള്ള ഭക്ഷണവും ലഭ്യമാണ്. ഇതിൽ ഏതു വേണം എന്നത് കഴിക്കുന്നയാളുടെ ഇഷ്ടം, എന്നാൽ അതിനോടൊപ്പം തന്നെ കറികളും കഴിക്കേണ്ടതുണ്ട്. ഭക്ഷണം കഴിക്കുന്നതും തുറസ്സായ ഒരു കോമൺ ഏരിയയിൽ തന്നെയാണ്. ഭക്ഷണം ശരിയായി കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് ഇങ്ങനെ ഒരു സംവിധാനം ഒരുക്കിയത്. ചിലർക്ക് സ്പൂണിൽ കൊടുക്കേണ്ടിവരും, മറ്റു ചിലർക്ക് ചെറുതാക്കി കൊടുത്താൽ മതിയാവും. എന്തിനും ജീവനക്കാർ സജ്ജരാണ്. പിന്നീട് വിശ്രമ സമയമാണ്. നാലുമണിക്കാണ് എല്ലാവരെയും വിളിച്ചുണർത്തുന്നത്. അതിൽ ഡയപ്പർ മാറ്റി കൊടുക്കേണ്ടവർക്ക് അതെല്ലാം ചെയ്തു കൊടുക്കാൻ സമയത്ത് തന്നെ ഓരോ സ്റ്റാഫും വന്നെത്തും. വീണ്ടും തുറന്നിട്ട ഒരു ഉദ്യാനത്തിൽ എല്ലാവരും ഒത്തുചേരും. കോഫിയും ചെറുകടികളും കഴിച്ചു കഴിഞ്ഞാൽ പിന്നെ ഒരുമിച്ചുള്ള കളിചിരികളുടെ സമയമാണ്. വട്ടത്തിൽ ഇരുന്ന് ബോൾ പാസ് കളിക്കുക, വ്യായാമം ചെയ്യിപ്പിക്കുക, പാട്ട് പാടിപ്പിക്കുക അങ്ങനെ.. കുട്ടികളുടെ ഇടയിലേക്ക് ചെന്ന ഒരു അന്തരീക്ഷം ആയിരിക്കും അവിടം. നാനാ ജാതി മതസ്ഥരുണ്ട്. എന്നിരുന്നാലും ഒരു കാത്തലിക്ക് കമ്മ്യൂണിറ്റിയായി പ്രവർത്തിക്കുന്നത് കൊണ്ട് തന്നെ 5.30 ആകുമ്പോഴേക്കും എല്ലാവരും കൂടി കൊന്ത ചൊല്ലി 6.15–ന് ബൈബിൾ വായിച്ച്, സ്തുതി ചൊല്ലി എല്ലാവരെയും അവരവരുടെ റൂമുകളിലേക്ക് തിരികെ കൊണ്ടുപോകും. 6.45 ആകുമ്പോഴേക്കും അത്താഴം കഴിപ്പിച്ച് കിടത്തി ഉറക്കുന്നത് വരെയാണ് ഓരോരുത്തരുടെയും ഒരു ദിവസത്തിന്റെ ഒഴുക്ക്.

ഇവരുടെ മെഡിക്കൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് എപ്പോഴും നഴ്സുമാർ ആണെന്നതും മറ്റൊരു ശ്രദ്ധിക്കപ്പെട്ട കാര്യമാണ്. 45 ഓളം ജീവനക്കാരിൽ 20 പേർ തന്നെ നഴ്സുമാരാണ്. ബാക്കിയുള്ളവർ ക്ലീനിങ്, കിച്ചൻ, അഡ്മിനിസ്ട്രേറ്റീവ്, പിആർഓ, എം.എസ്.ഡബ്ലിയു കഴിഞ്ഞവർ അങ്ങനെയങ്ങനെ... മൂന്ന് ഷിഫ്റ്റ് ആയിട്ടാണ് ഇവരെ ഡ്യൂട്ടികൾ ഏൽപ്പിച്ചിരിക്കുന്നത് – മോണിംഗ്, ഈവനിംഗ്, നൈറ്റ്. ജോലിഭാരം തോന്നാതിരിക്കാനും ജോലി ചെയ്യുന്നവർക്ക് മടുപ്പ് തോന്നാതിരിക്കാനുമാണ് ഇത്തരത്തിൽ ഷിഫ്റ്റ് ഏർപ്പെടുത്തിയിട്ടുള്ളത്. നഴ്സിംഗ് കെയറിൽ ഉള്ളവർക്ക് പ്രധാനമായും അവരുടെ ബിപി, ഷുഗർ, സോഡിയം, പൊട്ടാസ്യം, എച്ച് ബി,ഇൻഫെക്ഷൻ എന്നിങ്ങനെ വേരിയേഷൻ സംഭവിക്കാൻ സാധ്യതയുള്ള രോഗാവസ്ഥകളെ മോണിറ്റർ ചെയ്യുക എന്ന വലിയ ദൗത്യമാണ് ചെയ്യേണ്ടതായിട്ടുള്ളത്. ഓരോരുത്തർക്കും രോഗങ്ങളും രോഗാവസ്ഥയും രേഖപ്പെടുത്തിയ ഫയലുകൾ ഉണ്ട്. അതിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരമാണ് എല്ലാം ചെക്ക് ചെയ്യുന്നത്. യൂറിനിൽ എന്തെങ്കിലും നിറവ്യത്യാസം ഉണ്ടെങ്കിൽ തന്നെ നേഴ്സുമാർക്ക് അവരുടെ രോഗാവസ്ഥയെ അറിയാനും പെട്ടെന്ന് തന്നെ ആന്റിബയോട്ടിക്കുകൾ ഡോക്ടറുടെ ചികിത്സയിലൂടെ നൽകാനും സാധിക്കും. രാത്രിയിൽ ശരിയായി ഉറങ്ങുന്നുണ്ടോ എന്നുവരെ ശ്രദ്ധയോടെ നിരീക്ഷിക്കാറുണ്ട് ഇവിടെയുള്ളവർ. ഉറക്കമില്ലാത്തവരുടെ സ്ഥിതിയെപ്പറ്റി കുടുംബാംഗങ്ങളെ അറിയിച്ച്, ഉറങ്ങാനുള്ള മെഡിസിൻ, അത് ന്യൂറോ ആയാലും സൈക്യാട്രിക് ആയാലും കുടുംബാംഗങ്ങളുടെ അറിവോടും സമ്മതത്തോടും മാത്രമാണ് നൽകുന്നത്. എന്തിനും ഒരു സുതാര്യതയുണ്ട്. പരിചരണത്തിലും ഹോസ്പിറ്റലിൽ കൊണ്ടുപോകുമ്പോഴും സ്വന്തം അച്ഛനമ്മമാരെന്ന വികാരത്തോട് കൂടിയാണ് എല്ലാവരും പെരുമാറുന്നത്.

സ്ഥിരമായും താൽക്കാലികമായും താമസിക്കാൻ എത്തുന്നവർ ഉണ്ട് ഇവിടെ. ഫ്രാക്ചർ, ആക്സിഡന്റ് കേസുകൾ, ഓപ്പറേഷൻ കഴിഞ്ഞവർ എന്നി വിഭാഗങ്ങൾ റോസാ മിസ്റ്റിക്കയിൽ താൽക്കാലികമായി എത്തുന്നവരാണ്. ഇവിടുത്തെ ഫിസിയോതെറാപ്പിയും നഴ്സിംഗ് കെയറും കഴിഞ്ഞ് ഒന്നോ രണ്ടോ മൂന്നോ മാസത്തിനുള്ളിൽ ആരോഗ്യനില മെച്ചപ്പെട്ട അവർ തിരികെ പോകും. മറ്റൊരു വിഭാഗം ജീവിതത്തിന്റെ ശിഷ്ടകാലം സമാധാന അന്തരീക്ഷത്തിൽ കഴിയണം എന്ന് ആഗ്രഹിച്ച് വരുന്നവരാണ്. വിദേശങ്ങളിൽ സ്ഥിര താമസമാക്കിയവർ പോലും വാർദ്ധക്യകാലമാകുമ്പോൾ റോസാ മിസ്റ്റിക്കയിൽ എത്താറുണ്ട്. ഉയർന്ന ചികിത്സാ ചിലവും മക്കളുടെ തിരക്കും കൊണ്ട് അവിടെ പരിപാലിക്കാൻ ആരെയെങ്കിലും ഏൽപ്പിച്ചാൽ തന്നെ മാതാപിതാക്കൾക്ക് ഭാഷയറിയാത്ത പ്രശ്നവും കുഴപ്പം തന്നെ. ജീവിത തിരക്കുകൾ കൊണ്ട് അച്ഛനമ്മമാരുടെ കാര്യത്തിൽ എന്ത് ചെയ്യണം എന്ന് അറിയാതെ പരിഭ്രാന്തരാവുന്ന മക്കൾക്ക് ആശ്വാസവും വിശ്വാസവും ഉറപ്പു നൽകുകയാണ് റോസാ മിസ്റ്റിക്ക കെയർ ഹോം. വയോജനങ്ങളെ സംബന്ധിച്ചിടത്തോളം ഭക്ഷണം, വെള്ളം, മരുന്നുകൾ, ശുചിത്വം എന്നീ അടിസ്ഥാന ആവശ്യങ്ങൾ കൃത്യമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് അവർക്ക് വേണ്ടി ചെയ്യാനാവുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. അവരുടെ ആ നിസ്സഹായ അവസ്ഥയിൽ ഹൃദയം തൊട്ട് കൈകാലുകളായി പ്രവർത്തിക്കാൻ റോസാ മിസ്റ്റിക്ക എന്നും എപ്പോഴും മുന്നിൽ തന്നെയുണ്ട്.

### റോസാ മിസ്റ്റിക്കയുടെ ജനനത്തിലൂടെ..

ഫ്രാൻസിസ് എന്ന ഒരു സാധാരണക്കാരനിലൂടെയാണ് റോസാമിസ്റ്റിക്ക എന്ന സ്ഥാപനം ജന്മം എടുത്തത്. കൈപ്പുഴയിൽ ഇടുക്കുതറ കുടുംബത്തിലെ കർഷക ദമ്പതികളുടെ പത്ത് മക്കളിൽ ഇളയ മകനാണ് ഫ്രാൻസിസ്. ഡിഗ്രിയും നേഴ്സിംഗ് പഠനവും പൂർത്തിയാക്കിയശേഷം സ്വിറ്റ്സർലണ്ടിൽ നേഴ്സായി ജോലി ചെയ്യുന്ന പുന്നത്തുറ നന്ദികുന്നേൽ കുടുംബാംഗമായ ലൂസിയെ വിവാഹം കഴിച്ചു. ഏതാണ്ട് പതിനേഴു വർഷത്തോളം യൂറോപ്യൻ ജീവിതത്തിന്റെ തിരക്കിലായിരുന്നു. ഒരു മകനും ഒരു മകളുമാണ് ഈ ദമ്പതികൾക്ക് ഉള്ളത്. ലോകത്തിലെ ഏറ്റവും ക്വാളിറ്റി നഴ്സിംഗ് കെയർ ലഭിക്കുന്ന രാജ്യങ്ങളിലൊന്നാണ് സ്വിറ്റ്സർലൻഡ്. 17 വർഷത്തോളമുള്ള അവിടുത്തെ നേഴ്സിംഗ് അനുഭവത്തിന്റെ വെളിച്ചത്തിൽ അതേ ക്വാളിറ്റിയെ നമ്മുടെ നാട്ടിൽ പുനഃസൃഷ്ടിക്കാൻ ശ്രമിച്ചതിന്റെ ഫലമായാണ് റോസാ മിസ്റ്റിക്ക ജന്മം കൊണ്ടത്. പ്രായമായ മാതാപിതാക്കൻമാരെ ശുശ്രൂഷിക്കുമ്പോൾ ലഭിക്കുന്ന ദൈവാനുഗ്രഹങ്ങളെക്കുറിച്ച് ഫ്രാൻസിസിന്റെ പ്രിയ മാതാവും ആന്റിയും (കോട്ടയം സെന്റ് ആൻസ് സ്കൂളിൽ സേവനമനുഷ്ഠിച്ച ഇ.റ്റി. ഏലിയാമ്മ ടീച്ചർ) ബാല്യം മുതൽക്കേ അദ്ദേഹത്തിന് നൽകിയ ഉപദേശവും റോസാ മിസ്റ്റിക്കയുടെ തുടക്കത്തിന് ഒരു പ്രധാന കാരണം കൂടിയാണ്.

മലയാളികളുടെ ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്നാണ് മക്കളുടെ പഠനം. എത്രത്തോളം കഷ്ടപ്പാട് അനുഭവിച്ചാലും മക്കളുടെ ഭാവി സുരക്ഷിതമാക്കണമെന്ന ചിന്തയിൽ നാടുകടന്ന് അന്യരാജ്യങ്ങളിൽ പണിയെടുത്ത് കാലം കഴിക്കും. ഒടുവിൽ മക്കൾ വിദേശരാജ്യങ്ങളിൽ അവരവരുടെ ജീവിത തിരക്കുകൾകൊണ്ട് പെടാപ്പാട് പെടുമ്പോൾ അരികിൽ ആരുമില്ലാതെ വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടും. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇറങ്ങി വരാൻ ഒരു കൈ സഹായത്തിനായി വെമ്പൽ കൊള്ളുന്ന അച്ഛനമ്മമാരുടെ മനസ്സറിയാൻ എന്തുകൊണ്ടോ മക്കൾക്ക് ചിലപ്പോൾ ആകുന്നില്ല. റോസാ മിസ്റ്റിക്ക ആ വിളി കേട്ടു. അവരുടെ മനസ്സിനെ അവർ പോലും അറിയാതെ വായിച്ചെടുത്തു. ജീവന്റെ അവസാനശ്വാസം നിലയ്ക്കുന്നതുവരേയ്ക്കും ഒരു പുഞ്ചിരിയോടെ ഇരിക്കാൻ അവർക്ക് അവസരം നൽകി. വലിയ സാമ്പത്തിക ലാഭം കണക്കാക്കാതെ ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നുള്ള പച്ചയായ മനുഷ്യന്റെ വികാരവിചാരങ്ങളെ പുറത്തുകൊണ്ടുവരാൻ, അവർക്ക് ജീവിതമാസ്വദിക്കാൻ അഹോരാത്രം പ്രയത്നിക്കുന്ന ഫ്രാൻസിസിനും അദ്ദേഹത്തിന്റെ റോസാ മിസ്റ്റിക്ക കുടുംബാംഗങ്ങൾക്കും പ്രവർത്തകർക്കും ഒരു ബിഗ് സല്യൂട്ട്!

"നമ്മുടെ മുതിർന്നവർക്ക് അവർ അർഹിക്കുന്ന ബഹുമാനവും അന്തസ്സും നാം നൽകണം, കാരണം അവരാണ് നമ്മുടെ ജീവിതം സാധ്യമാക്കിയത്."






# കാലിഫോർണിയ ഓറഞ്ച് സിറ്റി സീറോമലബാർ പള്ളിയിൽ മാർ ജോയ് ആലപ്പാട്ട് കൺവൻഷൻ കിക്കോഫ് നടത്തി

**ബീനാ വള്ളിക്കളം**

ചിക്കാഗോ: ഇന്ത്യക്ക് പുറത്ത് സീറോമലബാർ രൂപതയ്ക്ക് ആദ്യമായി ലഭിച്ച ചിക്കാഗോ രൂപത 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ നടത്തപ്പെടുന്ന കൺവൻഷന്റെ കിക്കോഫ് കാലിഫോർണിയ ഓറഞ്ചിൽ ഉള്ള സെന്റ് തോമസ് സീറോമലബാർ കാത്തലിക് ഫൊറോന പള്ളിയിൽ നവംബർ 9-ന് രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽ നടന്നു. ഇടവകയിൽ എത്തിച്ചേർന്ന പിതാവിനെയും ജൂബിലി ചെയർമാൻ ജോസ് ചാമക്കാലയെയും ഇടവക വികാരി ഫാ. ജേക്കബ് ക്രിസ്റ്റിയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. ഫാ. ബാബു പാനാട്ട്പറമ്പിലും തദവസരത്തിൽ സന്നിഹിതനായിരുന്നു. ബിജു ജോർജ്, ജിമ്മി ജോസഫ്, സോണി ബാസ്റ്റ്യൻ, സോളി ആന്റണി, മാത്യു കൊച്ചുപുരയ്ക്കൽ, റോയ്മോൻ വലിയനാൽ എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നല്കി. മാർ ജോയ് ആലപ്പാട്ട് തന്റെ സന്ദേശത്തിൽ ഈ കൺവൻഷന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിച്ചു. വിശ്വാസവും അറിവും സൗഹൃദങ്ങളും പങ്കുവെക്കുവാനുള്ള അനുഗൃഹീതമായ ഒരു വേദിയായി ഈ കൺവൻഷനെ കാണണമെന്നും യുവജനങ്ങളെ പ്രത്യേകം ഇതിലേക്ക് കൊണ്ടുവരണമെന്നും പിതാവ് ആഹ്വാനം ചെയ്തു. ജോസ് ചാമക്കാല രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, കൺവൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു. രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലികൂടി ഇതോടൊപ്പം ആഘോഷിക്കുകയാണ്.

2026 ജൂലൈ മാസം 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ നഗരത്തിൽ ആഘോഷപൂർവ്വമായി നടക്കുന്ന ഈ കൺവൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസും അതോടു ചേർന്ന മൂന്ന് ഹോട്ടലുകളുമാണ്. കൺവൻഷൻ ടീം രൂപതയിലെ ഇടവകകളിൽ സന്ദർശനം നടത്തി രജിസ്ട്രേഷന്റെയും മറ്റു പരിപാടികളുടെയും വിശദമായ രൂപരേഖകൾ അവതരിപ്പിച്ചുവരുന്നു. നേരിട്ടുള്ള ഈ സന്ദർശനങ്ങളും ആശയവിനിമയവും വളരെ സ്വാഗതാർഹമാണെന്ന് ഇടവക വികാരിമാരും കൺവൻഷൻ പ്രതിനിധികളും പറയുകയുണ്ടായി. വിശ്വാസ സംരക്ഷണത്തിനും ആശയവിനിമയത്തിനും സൗഹൃദ കൂട്ടായ്മകൾക്കും ഉതകുന്ന വിധത്തിൽ കൺവൻഷൻ ക്രമീകരിക്കുവാൻ ഏവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചുവരുന്നു. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വൈവിധ്യമാർന്ന വിഷയാവതരണങ്ങളും സംഘടനകളുടെ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്. അമേരിക്കയിലെ സീറോമലബാർ വിശ്വാസികളെ അതിബൃഹത്തായ ഈ ആത്മീയ സാംസ്കാരിക സംഗമത്തിൽ പങ്കാളികളാകുവാൻ ഏവരെയും കൺവൻഷൻ ടീം ക്ഷണിക്കുന്നു. ഓറഞ്ച് സിറ്റി പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. 30-ലേറെ രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവൻഷൻ ടീമിനു കൈമാറി. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.






# യുവജനസാഗരം തീർത്ത 'ദി ചോസൺ' കൂട്ടായ്മ ഡാളസ്സിൽ

**സിജോയി പറപ്പള്ളിൽ**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജന സംഗമം 'ദി ചോസൺ' പരിപാടി യുവജനപങ്കാളിത്തത്തോടെ വിജയകരമായി നടത്തപ്പെട്ടു.

ഡാളസ് ക്രിസ്തുരാജൻ ഇടവകയിൽ നിന്നും മറ്റ് അയൽ ഇടവകകളിൽ നിന്നുമായി 240 കുട്ടികൾ പങ്കെടുത്തു.

നവംബർ എട്ടിന് ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ നടത്തപ്പെട്ട കൂട്ടായ്മ അറിയപ്പെടുന്ന കാത്തലിക് മോട്ടിവേഷൻ സ്പീക്കറും ഗായകനുമായ പോൾ ജെ. കിം സംഗമത്തിൽ ഉടനീളം യുവജനങ്ങൾക്ക് പരിശീലനം നല്കി. രാവിലെ വിശുദ്ധ കുർബാനയോടെ ആരംഭിച്ച സംഗമം 10.30-ന് വികാരി ഫാ. ബിൻസ് ചേത്തലിൽ ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസും ചർച്ചകളും പുതുമയാർന്ന മത്സരങ്ങളും നടത്തപ്പെട്ടു.

സ്റ്റാൻലി തൈപ്പറമ്പിൽ, ജോണച്ചൻ പെരുമാണത്തേട്ട്, റ്റെസ്ന വട്ടക്കുന്നേൽ, ആൽബർട്ട് പുഴക്കരോട്ട്, ജെയിംസ് കൊല്ലമാരുപറമ്പിൽ, ജെയിംസ് കരിങ്ങനാട്ട്, നിക്കോളാസ് തൈപ്പറമ്പിൽ, കെവിൻ പല്ലാട്ടുമഠം, റ്റോം, ബിന്ദു ചേന്നങ്ങാട്ട്, അഖിൽ പാക്കാട്ടിൽ, ജേക്കബ് പഴേടത്ത്, എയ്ഞ്ചൽ പാലൂത്തറ എന്നിവർ യുജന കൂട്ടായ്മയ്ക്ക് നേതൃത്വം നല്കി.






Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# NEHRU'S ENDURING IDEA OF INDIA: A LEGACY UNDER SIEGE

George Abraham

The BJP, under the leadership of Narendra Modi, is making an incessant effort to erase the Nehruvian legacy but build one of its own by denying, distorting, defaming, and destroying the real History of this great statesman and his noble contributions to the development of modern India. They strongly feel that they could accomplish that task and put their stamp on History only if they shatter the Nehruvian monopoly over ideas and probably demolish the man himself.

The BJP and its allies have emphasized the roles of figures like Sardar Vallabhbhai Patel, B.R. Ambedkar, and Subhas Chandra Bose to diminish Nehru's contribution and create a new narrative. The Congress Party built much of its political identity on Nehru and the "Nehruvian Era," and what the BJP is engaged in here is challenging or reframing that legacy to create its own foundational story of India. By criticizing the Nehruvian policies, whether domestic or foreign, the BJP wants to present itself as an agent of change.

They fully realize that History is power, how policies are created, critiqued, or institutions are named. Therefore, the BJP is deeply engaged in influencing that memory. For the Congress Party, Nehru remains an iconic figure whose legacy inspires and strengthens the party. The BJP and its ideological parent, the RSS, promote a civilizational model through a different lens than the Nehruvian liberal-scientific heritage. The BJP's efforts to rename institutions, revise school textbooks, and promote a different narrative of India's history are all part of this strategy.

Reacting to the renaming of the Nehru Memorial Museum and Library to the Prime Ministers' Memorial and Museum, the All India Congress Committee stated: "Mr. Modi can never take away Nehru's gigantic contributions to the freedom movement and his towering achievements in building the democratic, secular, scientific, and liberal foundations of the Indian nation-state, all of which are now under assault by Mr. Modi and his drumbeaters."

It is quite remarkable that, even six decades after his passing, the architect of modern India is still a target of the current Prime Minister, who seems determined to erase a great legacy. Will this effort succeed, or will the people of India always remember the visionary who led the country from oppression to freedom, modernity, and self-reliance? Behind this relentless campaign and unsettling mindset lies a profound discomfort with Nehru's vision — the very concept of India as a diverse society where people of different religions, languages, ethnicities, and castes coexist in relative har-



George Abraham

mony. This vision, despite the current challenges, continues to inspire and guide us towards a more inclusive and forward-looking India.

In 2022, the National Council of Educational Research and Training (NCERT) indicated that it would remove or modify school textbooks that referenced Nehru. Some chapters on the Mughal Empire, sections on Mahatma Gandhi, Hindu-Muslim unity, and the ban on RSS were reportedly removed as part of "syllabus rationalization." India's school textbooks have become a new battleground for Hindu nationalism. There were significant pushbacks from opposition parties, states, and academics. The State government of Kerala, for instance, has resisted or reversed moves it saw as altering historical narratives.

Sadly, Modi has succeeded somewhat in defining nationalism around a Hindu civilizational identity, replacing secular civic nationalism. The ideological terrain has undoubtedly shifted, as very few political parties in India today campaign on basic Nehruvian ideals. Nevertheless, as we celebrate the 136th birth anniversary of Jawaharlal Nehru on November 14th, 2025, we remain in awe as we recall his contributions to India's independence and to laying a strong foundation for a pluralistic and forward-looking nation.

One of Nehru's most significant accomplishments was the crafting of the Indian Constitution with the help of B.R. Ambedkar, recognizing his intellect and pioneering legal and social thought. Nehru's Objectives Resolution served as the moral preamble to Ambedkar's draft. The Indian Constitution, one of the longest in the world, with 395 Articles and 9 Schedules, spells out the basic philosophy and the solemn resolve of the people of India to secure justice, liberty, equality, and fraternity for all its citizens. What Nehru accomplished through this document, with significant help and support from Ambedkar, was part of his vision to empower marginalized sections of society. Nehru is said to have defended Ambedkar in the Assembly when some conservatives opposed his ideas on women's rights and the Hindu Code Bill.

Nehru was committed to ensuring social justice and the welfare of the masses as far back as 1938, by setting up the National Planning Committee under the Congress Party's banner to improve the quality of life of ordinary citizens. These efforts culminated in the creation of a permanent Planning Commission to establish a just social order and ensure the equitable distribution of income and wealth. Nehru's actions in these matters paint him as a socialist. However, he firmly believed that planning was essential for a developing country with scarce resources that needed to be managed optimally.

Working with Maulana Azad, the first Minister of Education, he was instrumental in establishing India's first IIT at Kharagpur in 1951. He foresaw the importance of science and technology for national progress, enabling the country to compete with global institutions. The IIT model, later expanded to include Bombay, Madras, Kanpur, and Delhi, became elite institutions that produced successful engineers and scientists, and continues to drive the global technology revolution. He also played a leading role in creating the Council of Scientific and Industrial Research (CSIR) and other similar organizations, and he supported the Indian Institute of Science (IISc) in Bangalore as a premier research center.

Under Nehru's guidance, Azad also established three national academies to nurture and enhance India's cultural identity: the Sahitya Akademi (1954) for literature, Lalit Kala Akademi (1954) for fine arts, and Sangeet Natak Akademi (1953) for music, dance, and drama.

(see page 34)

# ഫൊക്കാന ചിക്കാഗോ വോളിബോൾ ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയാകുന്നു

ഷിബു മുളയാനിക്കുന്നേൽ

ചിക്കാഗോ: ഫൊക്കാന മിഡ്വെസ്റ്റ് റീജിയന്റെ ആഭിമുഖ്യത്തിൽ കൈരളി ലയൺസ് ക്ലബിന്റെ സഹകരണത്തോടുകൂടി നടത്തുന്ന ചിക്കാഗോ വോളിബോൾ ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ടോമി അംബേനാട്ട് ചെയർമാനായുള്ള അമ്പത്തിയൊന്നംഗ കമ്മിറ്റിയാണ് ഈ ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നത്.

പന്ത്രണ്ട് മണി മുതൽ തുടങ്ങുന്ന വാശിയേറിയ മത്സരത്തിൽ ഒരു ഡസനിലധികം ടീമുകൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. കൈരളി ലയൺസിന്റെ വിദഗ്ദ്ധ പരിശീലകരാണ് ഓരോ ടീമിന്റെയും കെട്ടുറപ്പും എതിർ ടീമിനെ പ്രതിരോധിക്കുവാനുള്ള കഴിവും മനസ്സിലാക്കി കളത്തിലേക്കിറക്കുന്നത്. അതുകൊണ്ടുതന്നെ കളിക്കളത്തിൽ തുല്യ ടീമുകൾ തമ്മിലായിരിക്കും വാശിയേറിയ മത്സരങ്ങൾ നടക്കുന്നത്. അവസാനം നടക്കുന്ന പഞ്ചാബ്-കേരള മത്സരം കാണികളെ ആവേശഭരിതരാക്കുമെന്ന് സംഘാടകർ അവകാശപ്പെട്ടു. അത്യുഗ്രൻ വെടിപൊട്ടുന്ന സ്മാഷുകൾ നടത്തുന്ന പഞ്ചാബ് ടീമും കളിക്കളം നിറഞ്ഞ് കെട്ടുറപ്പോടെ കളിക്കുന്ന കേരള ടീമും ചിക്കാഗോയിലെ വോളിബോൾ മത്സരങ്ങളുടെ ഇതുവരെയുള്ള എല്ലാ ചരിത്രങ്ങളെയും തിരുത്തിക്കുറിക്കുമെന്ന് ഭാരവാഹികൾ പറഞ്ഞു. നിരവധി അമേരിക്കൻ മലയാളി നാഷണൽ വോളിബോൾ മത്സരങ്ങൾ നടന്നിട്ടുള്ള ചിക്കാഗോ വീണ്ടുമൊരു തീപാറുന്ന മത്സരങ്ങൾക്ക് വേദിയാകുകയാണ്.




നവംബർ 29-ന് 12 മണി മുതൽ നൈൽസിലുള്ള 8800 w, Kathy Lane-ലുള്ള Feldman court-ലാണ് മത്സരം നടക്കുന്നത്. എല്ലാ കായിക പ്രേമികളെയും മത്സരം കാണുന്നതിനായി സ്വാഗതം ചെയ്യുന്നുവെന്ന് സംഘാടക സമിതിക്കു വേണ്ടി ചെയർമാൻ ടോമി അംബേനാട്ട്, മാത്യു തട്ടാമറ്റം, റിന്റു ഫിലിപ്പ്, ടോണി ജോർജ്, കിരൺ ചന്ദ്രൻ എന്നിവർ അറിയിച്ചു.

പ്രവീൺ തോമസ്, ജെയ്ബു കുളങ്ങര, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, സിറിയക് കൂവക്കാട്ടിൽ, സിബി കദളിമറ്റം, സാജൻ തോമസ്, അനിൽകുമാർ പിള്ള, ചന്ദ്രൻപിള്ള, സന്തോഷ് നായർ, സതീശൻ നായർ, ജോസ് ജോർജ്, നിരൻ മുണ്ടിയിൽ, അഖിൽ മോഹൻ, ബോബി വർഗീസ്, ബിന്ദു കൃഷ്ണൻ, ബൈജു കണ്ടത്തിൽ, ലീസ് ടോം മാത്യു, പ്രജിൽ അലക്സാണ്ടർ, സൂസൻ ചാക്കോ, ലിനു ജോസഫ്, ജോൺസൺ കാരിക്കൽ, രവി കുട്ടപ്പൻ, വിജി നായർ, സുജ ജോൺ, മാത്യു ചാണ്ടി, സേവ്യർ ഒറവനാകളത്തിൽ, ലീലാ ജോസഫ്, മനോജ് വഞ്ചിയിൽ, ബ്രിജിറ്റ് ജോർജ്, സായി പുല്ലാപ്പള്ളിൽ, ജിബിറ്റ് കിഴക്കേക്കുറ്റ്, മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, സുനീന ചാക്കോ, അനിൽ കൃഷ്ണൻ, വരുൺ നായർ, ലെജി പട്ടരുമഠം തുടങ്ങിയവരുടെ നേതൃത്വത്തിലാണ് വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നത്.

# താമ്പായിൽ ഹോളി ചൈൽഡ്ഹുഡ് പ്രവർത്തനോദ്ഘാടനം



സിജോയി പറപ്പള്ളിൽ

താമ്പാ: സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി (തിരുബാലസഖ്യം) യുടെ 2025-2026 വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ തിരി തെളിച്ചുകൊണ്ട് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നതിനായി കുട്ടികൾ വിവിധ വിശുദ്ധരുടെ വേഷവിധാനങ്ങൾ ധരിച്ചുകൊണ്ട് അണിനിരന്നു. സകല മരിച്ചവരുടെയും ദിനത്തോടനുബന്ധിച്ച് സൺഡേസ്കൂൾ കുട്ടികൾ സെമിത്തേരി സന്ദർശിക്കുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി കോ-ഓർഡിനേറ്റർമാരായ സിസ്റ്റർ അമൃതാ എസ്‌വിഎം, എബി വെള്ളരിമറ്റം, ജ്യോതിസ് ആക്കൽകൊട്ടാരം, അഞ്ജുഷ പഴയമ്പള്ളിൽ, സൺഡേസ്കൂൾ പ്രിൻസിപ്പാൾ സാലി കുളങ്ങര, സൺഡേസ്കൂൾ അദ്ധ്യാപകർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

# അമ്പഴക്കാട്ട് ശങ്കരന്റെ 'ഹൃദയപക്ഷ ചിന്തകൾ' പുസ്തകപ്രകാശനം ജെ. മാത്യൂസ് നിർവഹിച്ചു

ചിക്കാഗോ: ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക(ലാന)യുടെ പ്രസിഡണ്ടും എഴുത്തുകാരനുമായ അമ്പഴക്കാട്ട് ശങ്കരന്റെ 'ഹൃദയപക്ഷ ചിന്തകൾ' (ലേഖനസമാഹാരം) എന്ന ഏറ്റവും പുതിയ പുസ്തകത്തിന്റെ പ്രകാശനം ഡാളസ്, ടെക്സസിൽവെച്ച് നടന്ന ലാന പതിനാലാം ദ്വൈവാർഷിക സമ്മേളന ഉദ്ഘാടനവേദിയിൽ വെച്ച് ജനനി എഡിറ്റർ ജെ. മാത്യൂസ് ലാന മുൻ പ്രസിഡണ്ട് ജോൺ മാത്യുവിന് നല്കിക്കൊണ്ട് നിർവഹിച്ചു. 12 രാഷ്ട്രീയ-സാമൂഹിക ലേഖനങ്ങൾ അടങ്ങിയ ലേഖന സമാഹാരത്തിന് അവതാരിക എഴുതിയിട്ടുള്ളത് പ്രശസ്ത നോവലിസ്റ്റും കഥാകൃത്തും വയലാർ അവാർഡ് ജേതാവുമായ ഇ. സന്തോഷ് കുമാറാണ്.






പുലിറ്റ്സർ ബുക്സ് പ്രസിദ്ധീകരിച്ച വഴിയമ്പലം (നോവൽ), കൊടുക്കാക്കടം (കഥാസമാഹാരം) എന്നീ രണ്ടു പുസ്തകങ്ങൾക്കുശേഷം നിധിബുക്സ് പ്രസിദ്ധീകരിക്കുന്ന മൂന്നാമത്തെ പുസ്തകമാണ് ഹൃദയപക്ഷ ചിന്തകൾ. ഈ മൂന്നു പുസ്തകങ്ങളുടെ കോപ്പികൾ വാങ്ങാനാഗ്രഹിക്കുന്ന അമേരിക്കയിലുള്ളവർ ambazhakkattu@gmail.com എന്ന ഇ-മെയിലിലൂടെ ബന്ധപ്പെടുക.

ഇന്ത്യയിൽ താമസിക്കുന്നവർക്ക് നിധി ബുക്സിനേയും (കണ്ണൂർ, nidhibooks4u@gmail.com) പുലിറ്റ്സർ ബുക്സിനേയും (കൊടുങ്ങല്ലൂർ, തൃശൂർ ജില്ല +91 98958 19562) സമീപിക്കാവുന്നതാണ്.



# ജെമിമ റോഡ്രിഗസ്സിന്റെ വിജയരഹസ്യം

എൽസി ബേബി

ഇന്ന് സോഷ്യൽമീഡിയായിലും അല്ലാതേയും ചർച്ചാവിഷയമായിരിക്കുന്നത് ലോക വനിതാ ക്രിക്കറ്റു മത്സരത്തിൽ വിജയിയായി തീർന്ന ജെമിമ റോഡ്രിഗസ് എന്ന ക്രിക്കറ്റുതാരമാകുന്നുവല്ലോ. “യഹോ നിങ്ങൾക്കുവേണ്ടി യുദ്ധംചെയ്യും. നിങ്ങൾ മിണ്ടാതിരിപ്പിൻ” എന്ന തിരുവെഴുത്താണ് വൈറൽ ആയിരിക്കുന്നത്. ആരാണീ ജെമിമ? എങ്ങനെയാണ് അവൾ ലോകപ്രസിദ്ധയായ വനിതാ ക്രിക്കറ്റുതാരമായത്? എന്നൊക്കെ വിവരിക്കേണ്ട ആവശ്യമില്ലല്ലോ?

ഒരു സാധാരണ ക്രിസ്തീയഭവനത്തിൽ ജനിച്ചു വളർത്തപ്പെട്ട ജെമിമ എന്ന പെൺകുട്ടി ചെറുപ്രായത്തിൽ തന്നെ ക്രിക്കറ്റുകളിയിലും ഗിറ്റാർ ഉപയോഗിച്ചു പാട്ടുകൾ പാടുന്നതിലും അതീവ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ക്രിസ്തീയ മാതാപിതാക്കളാൽ വളർത്തപ്പെട്ട കുടുംബത്തോടൊപ്പം വളരെയധികം മതഃപീഡകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. മതപരിവർത്തനകുറ്റം ചുമത്തപ്പെട്ട് ശിക്ഷിക്കപ്പെട്ട കുടുംബം, തങ്ങൾ ചെയ്യാത്ത കുറ്റങ്ങൾ പോലും വ്യാജമാക്കി ചുമത്തി പീഡനങ്ങൾ അനുഭവിക്കേണ്ടിവന്ന കുടുംബം! പീഡിപ്പിക്കപ്പെടുംതോറും ദൈവവിശ്വാസത്തിലും ദൈവിക വാഗ്ദത്തങ്ങളിലും ആഴമായി വിശ്വസിച്ചും പ്രാർത്ഥനയിൽ തങ്ങളുടെ ഏതാവശ്യങ്ങളും സ്തോത്രത്തോടെ കർത്തൃപാദങ്ങളിൽ സമർപ്പിച്ച് സകലബുദ്ധിയേയും കവിയുന്ന ദിവ്യസമാധാനം അനുഭവിച്ചു ജീവിച്ച ഒരു മാതൃകാ വിശ്വാസകുടുംബം. ജെമിമായുടെ പിതാവ് തങ്ങൾ കൂടി വന്നിരുന്ന ക്രിസ്തീയസഭയുടെ വിശ്വസ്ത ശുശ്രൂഷകനായ പാസ്റ്റർ ആയിരുന്നു. ഏതു നിസ്സാരകാര്യംപോലും പ്രാർത്ഥിക്കാതെ തുടങ്ങരുതെന്ന കർശന നിയമം ആ പിതാവു പാലിക്കയും മക്കളെ അഭ്യസിപ്പിക്കയും ചെയ്തിരുന്നു. പിതാവ് ക്രിക്കറ്റുകളിയിലെ കോച്ചും സഹോദരങ്ങൾ ക്രിക്കറ്റുകളിക്കാരുമായപ്പോൾ ജെമിമക്കും ക്രിക്കറ്റിനോടുള്ള താല്പര്യം വർദ്ധിക്കുകയും പിതാവ് തന്നാലാവോളം മകളെ സഹായിച്ചതുമൂലം ജെമിമ ഒരു ക്രിക്കറ്റുതാരമായി വളർന്നു. എങ്കിലും അവൾക്കു ചുറ്റും അസൂയക്കാരും ഉണ്ടായിരുന്നു.



ലേഖിക

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ അവളെ കളത്തിൽ ഇറക്കി കളിപ്പിക്കാതിരിക്കാൻ ശ്രമിച്ചവരും അക്കൂട്ടത്തിലുണ്ടായിരുന്നു. വളരെയധികം നിരാശയിലും കണ്ണുനീരിലും പ്രാർത്ഥനയിലും അവൾ ചില നാളുകൾ കഴിക്കേണ്ടിവന്നു. പക്ഷേ, അവൾ വിശ്വസിച്ചാശ്രയിച്ച സർവ്വശക്തനായ ദൈവം അവളെ വീണ്ടും കളത്തിൽ ഇറക്കി എന്നു മാത്രമല്ല, “അവൾ തോല്ക്കും. തല താഴ്ത്തേണ്ടിവരും” എന്നു പ്രവചിച്ച കള്ള പ്രവാചകന്മാരെ ലജ്ജിപ്പിച്ച ദൈവം അവളെ ഉയർത്തി മാനിച്ചു. ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിലേക്കിറങ്ങിപ്പോയ മകളെ വിശ്വാസിയായ പിതാവ് പ്രാർത്ഥിച്ചയച്ചു. ആസ്ത്രേലിയൻ ക്രിക്കറ്റുതാരങ്ങളുടെ മുമ്പാകെ അവൾ ഒരു മഞ്ഞുമലപോലെ ഉറച്ചുനിന്നു പൊരുതി. ശരീരവും മനസ്സും ഒരുപോലെ ക്ഷീണിച്ചു തോറ്റുപോയേക്കുമോ എന്ന ഭയം അവളെ തളർത്തിയപ്പോൾ ഒരു മിന്നായം പോലെ “ഭയപ്പെടേണ്ടാ ഉറച്ചുനില്പിൻ! യഹോവ നിനക്കുവേണ്ടി യുദ്ധം ചെയ്യും” എന്ന (പുറപ്പാട് 14:14) വാഗ്ദത്തം അവളുടെ കാതുകളിൽ മുഴങ്ങി ഹൃദയഭിത്തികളിൽ മാറ്റൊലിക്കൊണ്ടു. ആ വാക്കുകൾ ഉരുവിട്ടുകൊണ്ടായിരുന്നു പിന്നീട് അവൾ കളിച്ചത്. പടുകൂറ്റൻ കളിക്കാരായ ആസ്ത്രേലിയൻ ക്രിക്കറ്റ് താരങ്ങളുടെ മുമ്പാകെ ജെമിമ, ഗോല്ല്യാത്ത് എന്ന രാക്ഷസന്റെ മുമ്പാകെ ധൈര്യത്തോടെനിന്ന ബാലനായ ദാവീദിനെപ്പോലെ തോന്നി. പക്ഷേ, അവൾക്കു പൊരുതുവാൻ ശക്തി പകർന്നു സർവ്വശക്തനായ യഹോവയിൽമാത്രം അവൾ ശരണപ്പെട്ടു. അത്ഭുതകരമാം വിധം വിജയത്തിന്റെ കൊടുമുടിയിലെത്തിയ ജെമിമ 140 കോടി ജനസമുദ്രത്തിന്റെ മുമ്പാകെ കൈ ഉയർത്തി “യേശുവേ നന്ദി!” എന്ന് കണ്ണുനീരോടെ ഏറ്റുപറഞ്ഞപ്പോൾ അത് ലോകമാകമാനം വൈറൽ ആയി മാറ്റൊലിക്കൊണ്ടു എന്നതാകുന്നു യാഥാർത്ഥ്യം. പരമാധികാരിയായ സ്വർഗ്ഗത്തിലെ ദൈവത്താൽ അസാദ്ധ്യമായി യാതൊന്നുമില്ല എന്ന ഉറച്ച വിശ്വാസത്തിന്റെ ഉടമയായ ജമിമ റോഡ്രിഗസ് “ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിനെ ലോകക്രിക്കറ്റ് ടീമിലേക്കുയർത്തിയ ദൈവത്തെ വാഴ്ത്തി വണങ്ങുന്ന കാഴ്ച അത്ഭുതകരമായിരുന്നു. ഇന്ത്യയുടെ ചരിത്രവിജയത്തിന് പ്രധാന കാരണക്കാരിയായ ജെമിമ റോഡ്രിഗസ്സിന്റെ വാക്കുകളിലൂടെ ചരിത്രവിജയം, ചരിത്രത്താളുകളിൽ ഒരിക്കലും മായ്ക്കാനാവാത്ത സ്വർണ്ണലിപികളിൽ എന്നുമെന്നും ശോഭിച്ചുകൊണ്ടിരിക്കും.

കഴിഞ്ഞ ലോകകപ്പിൽ ഇടംനേടാൻ കഴിയാതെപോയ ദുഃഖം ഇന്ന് പതിന്മടങ്ങ് സന്തോഷമാക്കി മാറ്റിയ ദൈവത്തിന് അവൾ നന്ദി പറഞ്ഞുകൊണ്ടാണിരിക്കുന്നത്. തോറ്റുപിന്മാറാൻ അവൾ തയ്യാറായില്ല എന്നതാണ് അത്ഭുതം. അവളുടെ ദൈവത്തിലുള്ള ഉറച്ച വിശ്വാസം “ഫൈനലിലും തുടരും” എന്നാണ് അവളുടെ ഉറച്ച തീരുമാനം!

പ്രിയമുള്ളവരെ, “അവളെ ഈ മൈതാനത്തിലേക്കടുപ്പിക്കരുത് അവൾ ഈ നാടിന്റെ ശത്രുവാകുന്നു” എന്നൊക്കെ കൊട്ടിഘോഷിച്ച കപട പ്രവാചകന്മാരുടെ മുമ്പാകെ കൈ ഉയർത്തി ജയഘോഷം അർപ്പിക്കുന്നതുകണ്ട് അവർ ലജ്ജിച്ചു തലതാഴ്ത്തി ഒളിച്ചുകാണും. മുംബൈയിലെ പതിനായിരക്കണക്കിനു ജനങ്ങളെ സാക്ഷിനിർത്തി ജെമിമ എന്ന പെൺകുട്ടി തന്റെ കരങ്ങളുയർത്തി തനിക്കു വിജയം നല്കിയ ദൈവത്തെ വാഴ്ത്തിപ്പുകഴ്ത്തിയപ്പോൾ അവൾ ഒരു ചരിത്രമായി മാറുകയായിരുന്നു. ദൈവത്തിലുള്ള വിശ്വാസചെങ്കോൽ കയ്യിലുണ്ടെങ്കിൽ ഏതുവൻ ശത്രുക്കളുടെയും മുമ്പാകെ മഹാത്ഭുതം പ്രവർത്തിച്ച് വിജയസോപാനത്തിന്റെ കൊടുമുടിയിലെത്താൻപറ്റും എന്ന സത്യമാണ് ഇന്ന് ജെമിമക്കു ലോകത്തോടു ഘോഷിക്കുവാനുള്ള സന്ദേശം. അസാദ്ധ്യകാര്യങ്ങളെ സാദ്ധ്യമാക്കാൻ കഴിവുള്ള ദൈവം! പച്ചവെള്ളത്തെ വീഞ്ഞാക്കിമാറ്റാൻ കഴിവുള്ള സർവ്വശക്തൻ! മല്ലനായ ഗോല്ല്യാത്ത് എന്ന രാക്ഷസനെ കേവലം ഒരിടയന്റെ കയ്യിലെ കവണയിലെ കല്ലുകൊണ്ട് അടിച്ചു താഴെയിട്ടു കൊന്ന് തന്റെ ജനത്തിനു വിജയം നല്കിയ ദൈവത്തിൽ പൂർണ്ണവിശ്വാസവും ആശ്രയവും സമർപ്പിച്ചു ജീവിച്ച് ജയജീവിതം നയിക്കാനുള്ള ആഹ്വാനമാണ് ഇന്ന് ജെമിമക്കു ലോകത്തോടു പറയാനുള്ളത്.

പ്രിയമുള്ളവരെ വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു! “കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ” എന്നി ഈശോമിശിഹ അരുളിചെയ്ത വാക്കുകൾ വിശ്വസിക്കുക. പുരാതനവിശുദ്ധന്മാരെല്ലാം കാഴ്ചയാലെയല്ല, വിശ്വാസത്താലേമാത്രം ജീവിച്ചു രക്തസാക്ഷികളായി തിരശ്ശീലക്കപ്പുറത്തേക്കു കയറിപ്പോയ ചരിത്രം ഓർക്കുക. പരിശുദ്ധ പൗലൂസ് ശ്ലീഹായുടെ അന്ത്യവാക്കുകൾ നമുക്കേറ്റെടുക്കാം. “ഞാൻ നല്ല പോർ പൊരുതി: ഓട്ടം തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും. എനിക്കു മാത്രമല്ല; അവന്റെ ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കും കൂടെ!”

ഈ പരിപാവനമായ വിശ്വാസത്തിന്റെ ഉടമകളാകുവാൻ പ്രിയ വായനക്കാരെ ദൈവം സഹായിക്കട്ടെ എന്ന് ആശംസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു.

# തടിയിൽ എ.ജെ. ജോസ് മെമ്മോറിയൽ ട്രസ്റ്റ് സന്തോഷ് ഏബ്രഹാമിനെ ആദരിച്ചു

അലൻ ചെന്നിത്തല






ഫിലാഡൽഫിയ: തടിയിൽ എ.ജെ. ജോസ് മെമ്മോറിയൽ ട്രസ്റ്റ് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നോർത്ത് അമേരിക്ക ചാപ്റ്റർ വൈസ് പ്രസിഡണ്ടും മാർത്തോമ്മാ സഭാ കൗൺസിൽ അംഗവുമായ സന്തോഷ് ഏബ്രഹാമിനെ ആദരിച്ചു. ഒപ്പം അദ്ധ്യാപനരംഗത്ത് മുപ്പതുവർഷം പൂർത്തിയാക്കിയ കുമ്പളന്താനം കെവിഎം എൽപി സ്കൂൾ ഹെഡ്മാസ്റ്റർ ഷാജി വി. മാത്യുവും ആദരവ് ഏറ്റുവാങ്ങി.

തടിയിൽ എ.ജെ. ജോസ് നാലാം അനുസ്മരണ സമ്മേളനത്തിൽ മികച്ച സാമൂഹിക പ്രവർത്തകർക്കുള്ള ഈ ആദരവ് കെ.സി. വേണുഗോപാൽ എംപി നല്കി.

ശ്രേഷ്ഠ ബസേലിയോസ് മാർ ജോസഫ് കാതോലിക്കാ ബാവ, ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, മാർ സാമുവേൽ തിയോഫിലോസ് മെത്രാപ്പോലീത്ത, സാമുവേൽ മാർ ഐറേനിയസ് മെത്രാപ്പോലീത്ത, കുര്യാക്കോസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത, കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, ബിഷപ് തോമസ് ശാമുവേൽ, രമേശ് ചെന്നിത്തല എംഎൽഎ, ആന്റോ ആന്റണി എംപി, പ്രമോദ് നാരായണൻ എംഎൽഎ, രാജു ഏബ്രഹാം, പഴകുളം മധു, വി.എ. സൂരജ് എന്നിവർ ആശംസകളറിയിച്ചു. തടിയിൽ എ.ജെ. ജോസ് മെമ്മോറിയൽ ട്രസ്റ്റിന്റെയും ബാംഗ്ലൂർ ക്രിസ്ത്യൻ കോളജിന്റെയും ചെയർമാൻ സുനീഷ് ജോസിന് സന്തോഷ് ഏബ്രഹാം, ഷാജി വി. മാത്യു എന്നിവർ ആദരവ് നല്കിയതിനുള്ള നന്ദി അറിയിച്ചു.

## നിദ്രയിൽ

കവിളുകൾ രണ്ടും തുടിച്ചൊരു പെണ്ണിന്റെ
പുഞ്ചിരി കാണുവാൻ എന്തു ഭംഗി
നിൻ കൺമണിക്കുള്ളിലെ എന്നുടെ ചിത്രം
ഒരിക്കലും മായാതെ കാക്കുന്നു നീ
കടക്കണ്ണുകൊണ്ടുള്ള നിന്റെ അമ്പ്
എൻ ചങ്കിന്റകത്ത് ആഴത്തിൽ ഉണ്ട്
ഇളംകാറ്റിലെ മിന്നാമിനുങ്ങുപോൽ
നീ എന്റെ മുൻപിൽ ആടി ഉലയുന്നു
അക്കരെ തോണിയിൽ കൂടെ പോരുന്നോ?
മൈലാടും കുന്നിലെ മാങ്ങാ പെറുക്കാൻ
കൂടെ ഇരുന്നു കെട്ടിപ്പിടിച്ചു
കേൾപ്പിക്കാം എന്നുടെ പ്രേമഗാനം
മഞ്ഞവളയും മഞ്ഞ ഉടുപ്പും
നിന്നുടെ മേനിയിൽ മാലാഖാപോലെ
നേരം ഇരുളുന്നു പക്ഷികൾ തൻകൂട്ടിൽ
എൻ കണ്ണുകൾ രണ്ടും നിദ്രയിലേക്ക് ആഴുന്നു.



ജെയിംസ് ചെട്ടിയാത്ത്

# സിൽവർ ജൂബിലി നിറവിൽ ചിക്കാഗോ സീറോമലബാർ രൂപത; വളർച്ചയുടെ പടവുകളിൽ നന്ദിപൂർവം വിശ്വാസി സമൂഹം

ഷോളി കുമ്പിളുവേലി


ചിക്കാഗോ: അനന്തമായ ദൈവപരിപാലനയിൽ വിശ്വാസ വളർച്ചയുടെ ഇരുപത്തഞ്ച് വർഷങ്ങൾ പൂർത്തിയാക്കുന്ന ചിക്കാഗോ സീറോമലബാർ രൂപത സിൽവർ ജൂബിലി നിറവിൽ.

ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9, 10, 11, 12 തീയതികളിൽ ചിക്കാഗോയിൽ വെച്ച് നടക്കുന്ന കൺവൻഷന് വിശ്വാസികളിൽ നിന്നും ആവേശകരമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യക്ക് പുറത്ത് സ്ഥാപിതമായ ആദ്യ സീറോമലബാർ രൂപതയായ ചിക്കാഗോ രൂപത, പ്രഥമ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന്റെയും തുടർന്ന് മാർ ജോയി ആലപ്പാട്ടിന്റെയും ആത്മീയ നേതൃത്വത്തിൽ കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾ കൊണ്ട് അമേരിക്കയിലുടനീളം മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തിൽ നിലനിന്നുകൊണ്ട് ആത്മീയവും ഭൗതികവുമായ വലിയ വളർച്ചയാണ് നേടിയിട്ടുള്ളത്. നിലവിൽ അൻപത്തിനാല് ഇടവകകളും മുപ്പത്തഞ്ചോളം മിഷനുകളുമുള്ള ചിക്കാഗോ രൂപതയിൽ എഴുപതിൽപ്പരം വൈദികർ ഏതാണ്ട് ഒരു ലക്ഷത്തോളം വരുന്ന വിശ്വാസികൾക്കായി സേവനം ചെയ്തുവരുന്നു. കൂടാതെ ഇരുപതോളം വൈദികർ പാർട്ട് ടൈമായും സേവനം ചെയ്യുന്നു.

രൂപതയുടെ ആരംഭം മുതൽ എല്ലാ പള്ളികളിലും മികച്ച രീതിയിൽ മതബോധന ക്ലാസുകൾ നടത്തിവരുന്നു. ഇപ്പോൾ പതിനായിരത്തിലധികം കുട്ടികൾ വിവിധ ഇടവകകളിലായി മതബോധന ക്ലാസുകളിൽ പഠിക്കുന്നു. ഇവർക്കായി രണ്ടായിരത്തിയഞ്ഞൂറോളം അദ്ധ്യാപകർ രൂപതയുടെ കീഴിലുള്ള വിശ്വാസ രൂപീകരണ മിനിസ്ട്രിയുടെ ഭാഗമായി പ്രവർത്തിക്കുന്നു.

ആത്മീയതയിൽ അടിയുറച്ച ഈ വിശ്വാസ പരിശീലനം തന്നെയാണ്, രൂപതയിലുടനീളം ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവവിളികൾ എന്നത് സിൽവർ ജൂബിലി ആഘോഷവേളയിൽ എടുത്തുപറയേണ്ടതാണ്. എട്ടിൽപ്പരം തദ്ദേശീയരായ വൈദികർ ഇതിനോടകം രൂപതയിൽ സേവനം ചെയ്തുവരുന്നു. അതോടൊപ്പം പത്തിലധികം വൈദികവിദ്യാർത്ഥികൾ വിവിധ സെമിനാരികളിലായി നിലവിൽ പഠിക്കുന്നു എന്നതും ശ്രദ്ധേയമാണ്.


കൂടാതെ രൂപതയുടെ കീഴിൽ ചെറുപുഷ്പ മിഷൻലീഗ്, യൂത്ത് അപ്പസ്തോലേറ്റ്, ഫാമിലി അപ്പസ്തോലേറ്റ്, എസ്എംസിസി, സീറോമലബാർ വിമൻസ് ഫോറം, വിൻസെന്റ് ഡിപോൾ സൊസൈറ്റി, പ്രൊലൈഫ്, ഫെയ്ത്ത് ഫോർമേഷൻ, സീനിയേഴ്സ് ഫോറം തുടങ്ങി നിരവധി മിനിസ്ട്രികൾ ശക്തമായി പ്രവർത്തിച്ചുവരുന്നു.




എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി വളരെ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന ഒരു കൂരിയായും രൂപതയ്ക്കുണ്ട്. സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈയവസരത്തിൽ രൂപതയ്ക്കു സ്വന്തമായി ഒരു സെമിനാരി എന്നതുൾപ്പെടെ വളർച്ചയുടെ അടുത്ത പടവുകളിലേക്കും ചിക്കാഗോ രൂപത ശ്രദ്ധ വെക്കുന്നു.

സിൽവർ ജൂബിലിയുടെ ഭാഗമായി, അമേരിക്കയിൽ സേവനം ചെയ്യുന്ന സീറോമലബാർ വൈദികരുടെ സമ്മേളനം ഈ മാസം 18, 19 തീയതികളിൽ മയാമിയിൽ വെച്ചും സന്യസ്തരുടെ സമ്മേളനം 2026 ഏപ്രിൽ 17, 18 തീയതികളിൽ ചിക്കാഗോയിൽ വെച്ചും നടത്തപ്പെടുന്നു. അമേരിക്കയിലെ വിവിധ ദേവാലയങ്ങളിലും കോൺവന്റുകളിലും മറ്റു സ്ഥാപനങ്ങളിലുമായി ഏതാണ്ട് നൂറിലധികം സീറോമലബാർ വൈദികരും സന്യസ്തരും സേവനം ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു.

2026 ജൂലൈ 9, 10, 11, 12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണ് (McCormick Place) സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള സീറോമലബാർ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നു.




പരസ്പരം പരിചയപ്പെടുന്നതിനും പരിചയങ്ങൾ പുതുക്കുന്നതിനും സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമെല്ലാം ഉപരി അമേരിക്കയിൽ വളരുന്ന നമ്മുടെ മക്കളെയും മഹത്തായ സീറോമലബാർ വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമായി നിലനിർത്തുന്നതിനും ചിക്കാഗോ കൺവൻഷൻ സഹായകമാകും. അതിലുപരി അനന്തമായ ദൈവപരിപാലനയിൽ വിശ്വാസ വളർച്ചയുടെ ഇരുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാക്കുന്ന ഈയവസരത്തിൽ സീറോമലബാർ സഭാതലവൻ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനോടും രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവിനോടും രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനോടും സഭയിലെ വിവിധ വൈദികരോടും സന്യസ്തരോടും അല്മായരോടൊപ്പം ഒരേ കൂടാരത്തിൻ കീഴിൽ ഒരുമിച്ചിരുന്ന് ദൈവത്തിനു നന്ദി പറയുന്നതിനും പ്രാർത്ഥിക്കുന്നതിനും വചനം ശ്രവിക്കുന്നതിനും അപ്പം മുറിക്കുന്നതിനും ആശയ വിനിമയം നടത്തുന്നതിനുമുള്ള നാല് ദിനങ്ങൾ, അതെത്ര സന്തോഷപ്രദമായിരിക്കും! മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ ആസ്വാദ്യകരമാകുന്ന രീതിയിലാണ് കൺവൻഷനിലെ കാര്യപരിപാടികൾ ക്രമീകരിച്ചിരിക്കുന്നത് എന്നതും പ്രത്യേകം ഇവിടെ പ്രതിപാദിക്കട്ടെ.

മഹത്തായ ഈ ആത്മീയ, സാംസ്കാരിക, പൈതൃക സംഗമത്തിൽ സകുടുംബം പങ്കെടുക്കുവാൻ എല്ലാ വിശ്വാസികളേയും രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടും ജൂബിലി കമ്മിറ്റി കൺവീനർ ഫാ. ജോൺ മേലേപ്പുറവും ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാലയും ക്ഷണിക്കുന്നു.

കൺവൻഷന്റെ മുന്നോടിയായി രൂപതയിലെ വിവിധ പള്ളികളിൽ കൺവൻഷൻ കിക്കോഫുകൾ പുരോഗമിക്കുന്നു. മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ബുക്കിങ് നിരക്കിൽ പ്രത്യേക ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ. ഈയവസരം എല്ലാവരും ഉപയോഗിക്കണമെന്ന് കൺവൻഷൻ കമ്മിറ്റി ജനറൽ കൺവീനർ ഫാ. തോമസ് കടുകപ്പിള്ളി, ചെയർമാൻ ബിജി സി. മാണി എന്നിവർ അഭ്യർത്ഥിച്ചു. കൺവൻഷനെക്കുറിച്ച് കൂടുതൽ അറിയുവാനും രജിസ്റ്റർ ചെയ്യുവാനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## ഇന്ത്യയിലെ ആദ്യ സിൽക്ക് മ്യൂസിയം മൈസൂരിൽ

മൈസൂരു: പട്ടുസാരികൾക്ക് പേരുകേട്ട മൈസൂരിൽ ഇന്ത്യയിലെ ആദ്യ സിൽക്ക് മ്യൂസിയം വരുന്നു. ഇന്ത്യയിലെ പട്ടിന്റെ ചരിത്രവും കൊക്കൂൺ മുതൽ പട്ടുവസ്ത്രം തയ്യാറാക്കുന്നതുവരെയുള്ള മുഴുവൻ പ്രക്രിയയും മ്യൂസിയത്തിൽ പ്രദർശിപ്പിക്കും. പ്യൂപ്പ ഘട്ടം മുതൽ തുണിയിൽ എങ്ങനെ നെയ്യുന്നു എന്നതുവരെ പ്രദർശിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ അതുല്യമ്യൂസിയമാകും മൈസൂരുവിൽ യാഥാർത്ഥ്യമാകുകയെന്ന് സെൻട്രൽ സിൽക്ക് ബോർഡിന്റെ (സിഎസ്ബി) നാഷണൽ സിൽക്ക്‌വോം സീഡ് ഓർഗനൈസേഷൻ (എൻഎസ്എസ്ഒ) ഡയറക്ടർ ഡോ. മന്തിര മൂർത്തി അറിയിച്ചു. ടെൻഡറുകൾ അന്തിമമാക്കിയശേഷം പദ്ധതിയുടെ ആകെ ചെലവ് അറിയാൻ കഴിയും. 120 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന മൈസൂരിലെ സിഎസ്ബിയുടെ കേന്ദ്രത്തിലാണ് മ്യൂസിയം സ്ഥാപിക്കുക. മ്യൂസിയം സൃഷ്ടിക്കുന്നതിനായി സിഎസ്ബി ഉദ്യോഗസ്ഥർ ചൈനയിലെയും ഇറ്റലിയിലെയും സമാനമായകേന്ദ്രങ്ങളിൽ സന്ദർശിച്ച് ഇതിനകം വിശദവിവരം ശേഖരിച്ചുവെന്ന് മന്തിര മൂർത്തി പറഞ്ഞു. ഇറ്റലിയിലെ ഏറ്റവും മികച്ച ശേഖരങ്ങളും ചൈനയിലെ 2000 വർഷം പഴക്കമുള്ള ശേഖരങ്ങളും അവർ പഠിച്ചു. ഇന്ത്യയിലെ എല്ലാ പട്ടുത്പാദന സംസ്ഥാനങ്ങളിൽ നിന്നും കർഷരിൽ നിന്നും പരമ്പരാഗതവും പൈതൃകവുമായ പട്ടുത്പാദനം ശേഖരിച്ച് മ്യൂസിയത്തിൽ പ്രദർശിപ്പിക്കും. ജനുവരി മുതൽ അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ ആരംഭിച്ച് രണ്ടു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു.

യഥാർഥ സിൽക്ക്, വ്യാജ സിൽക്ക് എന്നിവയെ എങ്ങനെ തിരിച്ചറിയാമെന്നതിനെക്കുറിച്ച് വിശദാംശങ്ങൾ മ്യൂസിയത്തിലെ പ്രദർശനത്തിലൊരുക്കും. ഇതിനായി വിദഗ്ധരെയും കർഷകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. മ്യൂസിയത്തിൽ പട്ട് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു പ്രത്യേക വിഭാഗം ഉണ്ടാകും. സിൽക്ക് പ്രോട്ടീനും സൗന്ദര്യ വർധക വസ്തുക്കളിലും ഫാർമസിയിലും ഉപയോഗിക്കുന്ന മറ്റ് ഉത്പന്നങ്ങളുടെയും പ്രദർശനമാണുണ്ടാകുക. 2024-ലെ കണക്കനുസരിച്ച്, രാജ്യത്തെ പട്ട് ഉത്പാദനത്തിന്റെ ഏകദേശം 32 ശതമാനം കർണാടകയിൽ നിന്നാണ്. ഇവിടെ 11,526 പട്ടു നൂൽകൃഷി ഗ്രാമങ്ങളുണ്ട്. 1,48,704 പട്ടുനൂൽകൃഷി കർഷകരും 6,749 പട്ടുനൂൽ കൃഷി ചെയ്യുന്നവരുമുണ്ട്. ടിപ്പു സുൽത്താന്റെ കാലഘട്ടത്തിലാണ് ഈ പ്രദേശത്ത് പട്ടുനൂൽ കൃഷി ആരംഭിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത്. ചിക്കബെല്ലാപുര, കോലാർ, രാമനഗര, മാണ്ഡ്യ, മൈസൂരു, ചാമരാജനഗർ, ബെംഗളൂരു റൂറൽ എന്നിവയാണ് പ്രധാന കൊക്കൂൺ ഉത്പാദന മേഖലകൾ. പിന്നീടിത് ഒന്നിലധികം സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു.

## ആത്മഹത്യക്കിറങ്ങിയ ദമ്പതികൾക്ക് പോലീസിന്റെ കരുതലിൽ പുനർജന്മം

കോട്ടയം: കടം കയറി ആത്മഹത്യക്ക് റെയിൽവേ ട്രാക്കിലെത്തിയ ദമ്പതികളെ ഗാന്ധിനഗർ പോലീസ് ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നു. ട്രെയിനിനു മുന്നിൽ ചാടി ആത്മഹത്യ ചെയ്യാൻ വീട്ടിൽ നിന്നിറങ്ങിയ ദമ്പതികളെ അതിവേഗം കണ്ടെത്തി പോലീസ് പിന്തിരിപ്പിക്കുകയായിരുന്നു. രാത്രിയോടുകൂടി പ്രായമായ ഒരു സ്ത്രീയുടെ ഫോൺകോൾ സ്റ്റേഷനിലേക്കു വന്നു. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിനെത്തുടർന്ന് വിദേശത്തുനിന്ന് നാട്ടിൽ തിരിച്ചെത്തിയ മകനും ഭാര്യയും കുറച്ചു സമയം മുമ്പ് ആത്മഹത്യ ചെയ്യാൻ പോവുകയാണെന്നു പറഞ്ഞ് വീടിനു പുറത്തേക്ക് പോയെന്നാണ് അവർ പോലീസിനോട് പറഞ്ഞത്. സ്റ്റേഷനിലെ ജിഡി ചാർജ് എഎസ്ഐ പ്രതീഷ് രാജ് ഫോൺ നമ്പറും മറ്റു വിവരങ്ങളും എഴുതിയെടുത്തശേഷം ഉടൻതന്നെ നൈറ്റ് ഓഫീസർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എസ്ഐ സിബിമോനെയും സിപിഒ ഡെന്നിയേയും വിവരമറിയിച്ചു. ഈ സമയം ഭക്ഷണം കഴിക്കുകയായിരുന്ന സിബിമോനും ഡെന്നിയും സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കി പരിസരപ്രദേശങ്ങളിൽ അന്വേഷണം നടത്തുകയും നീലിമംഗലം റെയിൽവേ ട്രാക്കിനടുത്ത് ദമ്പതികൾ നിൽക്കുന്നതായി കണ്ടെത്തുകയുമായിരുന്നു. ഇവരുടെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചറിഞ്ഞ പോലീസ് ഇവർക്ക് ആത്മവിശ്വാസവും ധൈര്യവും പകർന്ന് ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ച് തിരികെ വീട്ടിലെത്തിക്കുകയായിരുന്നു. സമയോചിതമായ ഇടപെടലിൽ ദമ്പതികളുടെ ജീവൻരക്ഷിച്ച പോലീസിന് വിവിധ മേഖലകളിൽ നിന്ന് അഭിനന്ദന പ്രവാഹമുണ്ടായി.

# ഫിലാഡൽഫിയ സെന്റ് തോമസ് പള്ളിയിൽ കൺവൻഷൻ കിക്കോഫിന് ആവേശകരമായ പ്രതികരണം

ചിക്കാഗോ: രജതജൂബിലി ആഘോഷിക്കുന്ന മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവൻഷന്റെ കിക്കോഫ് ജൂബിലി കൺവീനർ ഫാ. ജോൺ മേലേപ്പുറത്തിന്റെ നേതൃത്വത്തിൽ ഫിലാഡൽഫിയ സെന്റ് തോ

ബീനാ വള്ളിക്കളം

മസ് സീറോമലബാർ ഫൊറോനാ പള്ളിയിൽ വളരെ ഉത്സാഹപൂർവം നവംബർ ഒൻപതാം തീയതി നടന്നു. കൺവൻഷന്റെ ഭാഗമായി ഇടവക സന്ദർശിക്കുന്നതിനും വിവരങ്ങൾ പങ്കുവെക്കുന്നതിനുമായി എത്തിച്ചേർന്ന ഫാ. ജോ







ൺ മേലേപ്പുറത്തിനെയും കൺവൻഷൻ ചെയർമാൻ ബിജി സി. മാണി, ഫിനാൻസ് ചെയർമാൻ ആൻഡ്രൂസ് തോമസ് എന്നിവരെയും ഇടവക വികാരി ഫാ. ജോർജ് ദാനവേലിൽ, കൺവൻഷൻ പ്രതിനിധികളായ അലക്സ് പടയാറ്റിൽ, ജെയ്സി ജോസഫ്, ജോസ് കുന്നേൽ, ജോസ് തോമസ്, സിബിച്ചൻ ചെമ്പ്ളാണിയിൽ എന്നിവരും മറ്റ് ഇടവകാംഗങ്ങളും സന്തോഷപൂർവം സ്വീകരിച്ചു.



ഫാ. ജോൺ മേലേപ്പുറം രൂപതയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന പരിപാടികളുടെ വിവരങ്ങൾ നല്കി. നാലു ദിവസങ്ങളിലായി നടത്തപ്പെടുന്ന കൺവൻഷൻ പരിപാടികളുടെ രൂപരേഖ ബിജി സി. മാണി അവതരിപ്പിച്ചു. രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ് അവസരങ്ങളുടെ വിവരങ്ങൾ ആൻഡ്രൂസ് തോമസ് നല്കി. ഫാ. ജോർജ് ദാനവേലിൽ ഇടവകയുടെ പിന്തുണ പ്രഖ്യാപിച്ചതോടൊപ്പം ഏവരെയും ഇതിൽ പങ്കുചേരാൻ ക്ഷണിക്കുകയും ചെയ്തു.

2026 ജൂലൈ മാസം 9 മുതൽ 12 വരെ ചിക്കാഗോയിലെ അതിപ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണ് (McCormick Place) സീറോമലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു. കഴിഞ്ഞ 25 വർഷങ്ങളിലായി രൂപത കൈവരിച്ച വളർച്ചയിൽ പങ്കാളികളായ ഏവരെയും ഈയവസരത്തിൽ ഓർമ്മിക്കുകയാണ്.

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ ഈ സമ്മേളനം ഏവർക്കും ഒന്നിച്ചു ചേരാനും ആശയങ്ങളും അറിവുകളും അനുഭവങ്ങളും പങ്കുവെക്കുവാനും പ്രവാസി ലോകത്തെ സഭയുടെ ഭാവിയെക്കുറിച്ച് വിചിന്തനം ചെയ്യുവാനും ഉള്ള ഒരു അവസരമായിരിക്കും. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും ബിസിനസ് മീറ്റുകളും സംഘടനകളുടെ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഒരുക്കിയിരിക്കുന്നു. യുവജനങ്ങളെയും മുതിർന്നവരെയും ഒരുപോലെ പങ്കാളികളാക്കി നടത്തുന്ന ഈ വിശ്വാസ കൂട്ടായ്മയിൽ അമേരിക്കയിൽ അങ്ങോളമിങ്ങോളമുള്ള എല്ലാ സീറോമലബാർ വിശ്വാസികളും വന്നുചേരണമെന്നാണ് താൻ കാംക്ഷിക്കുന്നതെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് രൂപതയിലെ ഏവർക്കുമുള്ള സന്ദേശത്തിൽ അറിയിക്കുകയുണ്ടായി.

ഓരോ പള്ളിയും അവരുടെ പ്രതിനിധികളോടു ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൺവൻഷൻ ടീം ഈ അംഗങ്ങളുമായി ബന്ധപ്പെടുകയും വിവരങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നതുവഴി രജിസ്ട്രേഷൻ പ്രക്രിയ എളുപ്പമാക്കുകയും ചെയ്യുന്നു. ഈ സംയോജിത ശ്രമം കൂടുതൽ വിശ്വാസികളെ കൺവൻഷന്റെ ഭാഗമാക്കുമെന്ന് ടീം പ്രതീക്ഷിക്കുന്നു.

ഫിലാഡൽഫിയ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. 30-ലേറെ രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവൻഷൻ ടീമിനു കൈമാറി. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# ചിക്കാഗോ മാർത്തോമാ ഇടവക 52–ാമത് ഇടവകദിനാഘോഷവും വീഡിയോ പ്രകാശനവും നടത്തി

ചിക്കാഗോ: ചിക്കാഗോ മാർത്തോമാ ഇടവക ദിനാഘോഷം സമുചിതമായി നടത്തപ്പെട്ടു. 52-ാമത് ഇടവക ദിനാഘോഷത്തോടനുബന്ധിച്ച് 'ഉടമ്പടിയും വിശ്വസ്തതയും' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ധ്യാനയോഗം നവംബർ 6 മുതൽ 8 വരെ ദേവാലയത്തിൽ വെച്ച് ക്രമീകരിച്ചു. റവ. ജോൺസൻ എം. ജോൺ അച്ചൻ ധ്യാനയോഗങ്ങൾക്ക് നേതൃത്വം നല്കി. 52-ാമത് ഇടവകദിനമായ നവംബർ 9-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് റവ. ജോൺസൻ എം. ജോൺ അച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി റവ. ആശിഷ് തോമസ്, സഹ വികാരി റവ. ബിജു യോഹന്നാൻ, റവ. വി.ടി. ജോൺ, റവ. ജോൺസൻ വർഗീസ് എന്നിവർ നേതൃത്വം നല്കി. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ ഇടവകയിലെ മുതിർന്ന പൗരന്മാരെയും വിവാഹജീവിതത്തിൽ 50 വർഷം പൂർത്തീകരിച്ച ദമ്പതികളേയും ആദരിച്ചു. ഇടവകയുടെ ഗോൾഡൻ ജൂബിലിയുടെ ഭാഗമായി ആരംഭിച്ച സ്പേസ് ഫോർ ദി ഫ്യൂച്ചർ പദ്ധതിയുടെ വീഡിയോ ലോഞ്ചിങ്ങും പ്രസ്തുത പ്രൊജക്ടിന്റെ ധനസമാഹരണ പരിപാടികൾക്കും തുടക്കം കുറിച്ചു. ഇടവക വൈസ് പ്രസിഡണ്ട് ഏബ്രഹാം ഫിലിപ്പ്, സെക്രട്ടറി ഡോ. ജോ എം. ജോർജ്, ട്രസ്റ്റിമാരായ മാത്യു വർഗീസ്, ഡോ. ഷിജി അലക്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.



# തെന്നിന്ത്യയുടെ വാനമ്പാടിക്ക് നവതിയുടെ നിറവ്...

ചാണ്ടി കറുകപ്പറമ്പിൽ

മലയാളത്തിന്റെ പ്രിയപ്പെട്ട പിന്നണി ഗായിക പി. സുശീലയ്ക്ക് 90-ാം പിറന്നാൾ. പി. ലീലയും ശാന്താ പി. നായരും ജാനമ്മ ഡേവിഡും കെപിഎസി സുലോചനയും എല്ലാം മലയാള ചലച്ചിത്ര പിന്നണിഗാന രംഗത്ത് വിരാജിക്കുന്ന കാലത്ത് തമിഴ്/തെലുങ്ക് ചലച്ചിത്ര ലോകത്തുനിന്നും ഇവിടെയെത്തി വെന്നിക്കൊടി പാറിച്ച ഗായികയാണ് പി. സുശീല. 1960-ൽ ഉദയായുടെ ബാനറിൽ കുഞ്ചാക്കോ സംവിധാനം ചെയ്ത 'സീത'യിലെ കന്നിഗാനം ഇന്നും കാല ദേശ വ്യത്യാസമില്ലാതെ മലയാളികൾ ഏറ്റുപാടുന്നു. 'പാട്ടുപാടി ഉറക്കാം ഞാൻ താമരപ്പൂം പൈതലേ...' എന്ന എക്കാലത്തെയും മികച്ച താരാട്ട് പാട്ട് പാടിയാണ് പി. സുശീല മലയാളക്കരയിലേക്ക് ആദ്യമായി കുടിയേറിയത്.

പിന്നീട് ഉദയായുടെ തന്നെ ബാനറിൽ നിർമ്മിക്കപ്പെട്ട ഭാര്യ എന്ന സിനിമയിലൂടെ വയലാർ-ദേവരാജൻ ടീം ഒരുക്കിയ സൂപ്പർ ഹിറ്റ് ഗാനങ്ങളിലും പി. സുശീലയുടെ നിറസാന്നിദ്ധ്യമുണ്ടായിരുന്നു.'പെരിയാറേ പെരിയാറേ..' 'ഓമനക്കയ്യിൽ ഒലിവിലക്കൊമ്പുമായി...' 'ഈ മുൾക്കിരീടമെന്തിനു തന്നു...' എന്നിവ ഉദാഹരണം. വയലാർ-ദേവരാജൻ കോമ്പിനേഷൻ ഒരു യുഗപ്രഭാവത്തോടെ മുന്നേറിയപ്പോൾ, ഒപ്പം തേൻ മധുരമുള്ള ശബ്ദത്തിനുടമയായ പി. സുശീല എന്ന തെന്നിന്ത്യയിലെ ഏറ്റവും മികച്ച ഗായികയും കൂടെയുണ്ടായിരുന്നു. തമിഴ്, തെലുങ്ക്, കന്നട തുടങ്ങിയ ഭാഷാചലച്ചിത്രങ്ങളിലും അക്കാലത്തെ ഏറ്റവും തിരക്കുള്ള ഗായിക സുശീലാമ്മ ആയിരുന്നു. അതുകൊണ്ടുതന്നെ മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം നേടിയ ആദ്യത്തെ ഗായിക എന്ന ബഹുമതിയും അവർക്കു സ്വന്തം. പിന്നാലെ അഞ്ച് ദേശീയ പുരസ്കാരങ്ങൾ നേടിയ ആദ്യത്തെ ഗായിക എന്ന ഖ്യാതിയും പി. സുശീലയെ തേടിവന്നു എന്നതും ചരിത്രം.

അറുപതുകളിലും എഴുപതുകളിലും വയലാർ-ദേവരാജൻ ജോഡിയുടെ മാസ്മരിക പ്രഭാവത്തിൽ പിറവികൊണ്ട് നിത്യഹരിത ചലച്ചിത്ര ഗാനങ്ങളുടെ പട്ടിക എടുക്കുമ്പോൾ യേശുദാസ് എന്ന ഗാനഗന്ധർവ്വനൊപ്പം കൂട്ടിവായിക്കപ്പെടുന്ന പേരാണ് പി. സുശീലയുടേതും. എത്രയെത്ര ഹൃദയഹാരിയായ പാട്ടുകൾ... എത്രയെത്ര കാലാതിവർത്തിയായ കാവ്യകല്പനകൾ...

പി. സുശീലയോടൊപ്പം അതേ കാലഘട്ടത്തിൽ മലയാള സിനിമയിലേക്ക് കടന്നുവന്ന അവരുടെ തന്നെ നാട്ടുകാരിയായ എസ്. ജാനകി എഴുപതുകളുടെ അവസാനത്തോടെ മലയാള സിനിമയിൽ മേൽക്കൈ നേടിയപ്പോൾ, മെല്ലെ മെല്ലെ പിൻവലിയുന്ന പി. സുശീലയേയും നമ്മൾ കണ്ടു. എങ്കിലും 1988-ൽ ഇന്ത്യൻ സിനിമയിലെ സംഗീത കുലപതി നൗഷാദ് അലി ആദ്യമായി ഒരു മലയാള സിനിമയ്ക്ക് സംഗീതം ചെയ്യാനെത്തിയപ്പോൾ ഗായികയായി പി. സുശീല വേണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. നൗഷാദ് സംഗീതം നല്കിയ ധ്വനിയിലെ എല്ലാ



പാട്ടുകളും സൂപ്പർ ഹിറ്റുകളായപ്പോൾ പി. സുശീല എന്ന ഗായികയുടെ ശക്തമായ തിരിച്ചുവരവ് കൂടിയായിരുന്നു.

പി. സുശീലയുടെ ഏറ്റവും മികച്ച ഗാനങ്ങൾ ഏതെന്ന് കണ്ടെത്തുക പ്രയാസമാണ്. അറുപതുകളിൽ പുറത്തിറങ്ങിയ അതിമനോഹരങ്ങളായ മലയാള ചലച്ചിത്രഗാനങ്ങളിൽ അധികവും പി. സുശീലയുടെ ശബ്ദത്തിൽ പാടി കേട്ടവയാണ്. ശകുന്തളയിലെ 'പ്രിയതമാ പ്രിയതമാ...' ഓടയിൽനിന്നും എന്ന സിനിമയിലെ 'കാറ്റിൽ ഇളം കാറ്റിൽ...' അഗ്നിപുത്രിയിലെ 'കണ്ണ് തുറക്കാത്ത ദൈവങ്ങളെ'...ഒരു പെണ്ണിന്റെ കഥയിലെ 'ഹിമവാഹിനി ഹൃദയഹാരിണീ...' അശ്വമേധത്തിലെ 'ഏഴ് സുന്ദര രാത്രികൾ..' 'കറുത്ത ചക്രവാള മതിലുകൾ ചൂഴും...' കാർത്തികയിലെ 'ഇക്കരെയാണെന്റെ താമസം...', നദിയിലെ 'പഞ്ചതന്ത്രം കഥയിലെ...' തുടങ്ങി അറുപതുകളിൽ ജന്മമെടുത്ത നിത്യഹരിത ഗാനങ്ങൾ അനവധിയാണ്.

എഴുപതുകളുടെ തുടക്കത്തിൽ റേഡിയോയുടെ മുന്നിൽ ചലച്ചിത്ര ഗാനങ്ങൾക്കായി അക്ഷമയോടെ കാതോർത്തിരുന്ന ഒരു ബാല്യം എനിക്കുണ്ടായിരുന്നു. അക്കാലത്ത് ആകാശവാണി സംപ്രേക്ഷണം ചെയ്ത കുറേ പാട്ടുകൾ മനസ്സിന് കുളിരായി ഇന്നും ഓർമ്മയിലുണ്ട്. ആ പാട്ടുകൾ തന്നെയാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ട സുശീലാമ്മയുടെ ഗാനങ്ങൾ. ചുക്ക് എന്ന സിനിമയിലെ 'കാദംബരി പുഷ്പ സദസ്സിൽ...' ഒരു പെണ്ണിന്റെ കഥയിലെ പൂന്തേനരുവി..., കരകാണാക്കടലിലെ കാറ്റുവന്നു കള്ളനെപ്പോലെ..., ആരോമലുണ്ണിയിലെ കണ്ണാ, ആരോമലുണ്ണി കണ്ണാ..., ഒരു സുന്ദരിയുടെ കഥയിലെ സീതപ്പക്ഷി സീതപ്പക്ഷി..., പൊന്നാപുരം കോട്ടയിലെ നളചരിതത്തിലെ നായകനോ..., ഭൂമിദേവി പുഷ്പിണിയായി ലെ പാതിരാ തണുപ്പ് വീണു..., ചുവന്ന സന്ധ്യകളിലെ പൂവുകൾക്ക് പുണ്യകാലം..., രാഗത്തിലെ ഓമന തി



ലേഖകൻ

ങ്കൾ പക്ഷി..., വിഷുക്കണിയിലെ രാപ്പാടി പാടുന്ന രാഗങ്ങളിൽ... അങ്ങനെ നീളുന്നു ആ അനശ്വര ഗാനങ്ങളുടെ പട്ടിക.

മലയാള സിനിമയിലെ ആഭിജാത്യ ശബ്ദസൗകുമാര്യത്തിന്റെ ഉടമയായ സുശീലാമ്മയ്ക്ക് ജന്മദിനാശംസകൾ!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.62 |
| യൂറോ | 102.82 |
| സ്റ്റെർലിംഗ്പൗണ്ട് | 116.82 |
| സ്വിസ് ഫ്രാങ്ക് | 111.43 |
| സിംഗപ്പൂർ ഡോളർ | 68.06 |
| കനേഡിയൻ ഡോളർ | 63.17 |
| ഒമാൻ റിയാൽ | 230.43 |
| ബഹ്റൈൻ ദിനാർ | 235.04 |
| സൗദി റിയാൽ | 23.63 |
| യു.എ.ഇ. ദിർഹം | 24.13 |
| കുവൈത്ത് ദിനാർ | 288.88 |

# യഥാർത്ഥ മഞ്ഞുമ്മൽ ബോയ്സിലെ 'സുഭാഷ്' യുഡിഎഫ് സ്ഥാനാർത്ഥി



കൊച്ചി: യഥാർത്ഥ മഞ്ഞുമ്മൽ ബോയ്സിലെ സുഭാഷ് ചന്ദ്രൻ യുഡിഎഫ് സ്ഥാനാർത്ഥി. ഏലൂർ നഗരസഭയിലെ 27-ാം വാർഡിലാണ് (മാടപ്പാട്ട്) കോൺഗ്രസിനെ പ്രതിനിധീകരിച്ച് യുഡിഎഫ് സ്ഥാനാർത്ഥിയായി സുഭാഷിനെ പരിഗണിച്ചത്.

2006 സെപ്റ്റംബറിൽ മഞ്ഞുമ്മലിൽനിന്നു കൊടൈക്കനാലിലേക്കു വിനോദയാത്രപോയ പത്തംഗസംഘത്തിലെ അംഗമായിരുന്നു സുഭാഷ്. ഗുണ പോയിന്റിൽ 600 അടിയോളം താഴ്ചയുള്ള കൊക്കയിൽ വീണ സുഭാഷ് 87 അടിയോളം താഴ്ചയിൽ തങ്ങിനിൽക്കുകയായിരുന്നു. അതിസാഹസികമായി കൊക്കയിൽ ഇറങ്ങി സുഭാഷിനെ സുഹൃത്തുക്കളുടെ സഹായത്തോടെ രക്ഷപ്പെടുത്തിയതു കൂട്ടുകാരനായ വേലശേരി സിജു ഡേവിഡ് ആണ്.

ഇവരുടെ അതിജീവന അനുഭവമാണ് 2024-ൽ സംവിധായകൻ ചിദംബരം സിനിമയാക്കിയ മഞ്ഞുമ്മൽ ബോയ്സ്. സിനിമയിൽ സുഭാഷിന്റെ കഥാപാത്രത്തെ ശ്രീനാഥ് ഭാസിയും സിജുവിന്റേതു സൗബിനുമാണ് അവതരിപ്പിച്ചത്.

ജീവിതത്തിലേക്ക് അവിശ്വസനീയമായ വിധത്തിൽ തിരികെയെത്തിയ സുഭാഷ് ത്രികോണ മത്സരത്തിൽ, കന്നിയങ്കത്തിൽ അവിശ്വസനീയമായ വിജയം യുഡിഎഫ് മുന്നണിക്കും കോൺഗ്രസിനും സമ്മാനിക്കുമെന്ന വിശ്വാസത്തിലാണ്.



# മലയാളിയായ രതീഷ് മോഹൻ ലോക ബോഡി ബിൽഡിംഗ് വേദിയിലേക്ക്

ജോസഫ് ജോൺ കാൽഗറി

നോർത്ത് ഓണ്ടാരിയോ: മലയാളിയായ ബോഡി ബിൽഡർ രതീഷ് മോഹൻ, ആരോഗ്യമേഖലയിലും ഫിറ്റ്നസിലുമെല്ലാം തിളങ്ങി, ഇപ്പോൾ ലോക ബോഡി ബിൽഡിംഗ് വേദിയിലേക്ക് കാനഡയെ നയിക്കാൻ ഒരുങ്ങുകയാണ്. ഓണ്ടാരിയോ ഹെൽത്ത് അറ്റ്




ഹോമിന്റെ ഹെൽത്ത് കൺസൾട്ടന്റായി ഉത്തര-കിഴക്കൻ ഓണ്ടാരിയോയിൽ സേവനം ചെയ്യുന്ന രതീഷ് 44-ാം വയസ്സിൽ ബോഡി ബിൽഡിംഗിൽ സ്വർണനേട്ടങ്ങൾ കൊയ്തിരിക്കുകയാണ്.

പതിനാറാം വയസ്സിൽ തുടങ്ങിയ ബോഡി ബിൽഡിംങ്ങിനോടുള്ള പ്രണയം, മകൾ എമിയുടെ വെല്ലുവിളിയോടെ വീണ്ടും പുനരുജ്ജീവിതമായി. അച്ഛാ, അച്ഛനും മാമ്മനെപ്പോലെ സ്റ്റേജിൽ ഇറങ്ങാമല്ലോ എന്ന ആകസ്മിക ചോദ്യമാണ് രതീഷിന്റെ ജീവിതം മാറ്റിയത്.

സഹോദരൻ മിസ്റ്റർ ഇന്ത്യ 2023 ആയി വിജയം നേടിയതോടെ പ്രചോദനമേറ്റ രതീഷ്, ഓണ്ടാരിയോയിൽ നടന്ന വേൾഡ് നാചറൽ ബോഡിബിൽഡിംഗ് ഫെഡറേഷൻ (ഡബ്ല്യുഎൻബിഎഫ്) മാസ്റ്റേഴ്സ് മെൻസ് ഫിസീക്ക് വിഭാഗത്തിൽ കിരീടം നേടി പ്രോ കാർഡും സ്വന്തമാക്കി.

തുടർന്ന് ഒക്ടോബർ 12-ന് കാൽഗറിയിൽ നടന്ന ഡബ്ല്യുഎൻബിഎഫ് ഇന്റർനാഷണൽ ഷോയിലും അദ്ദേഹം തിളങ്ങി. ഇന്റർനാഷണൽ പ്രോ മാസ്റ്റേഴ്സ് മെൻസ് ഫിസീക്ക് പട്ടം നേടി. 2025 നവംബർ 1-ന് സിപിഎ ആൽബർട്ട ഫാൾ നാചറൽ ചാമ്പ്യൻഷിപ്പിൽ അഞ്ച് വ്യത്യസ്ത വിഭാഗങ്ങളിൽ പങ്കെടുത്ത രതീഷ് അഞ്ചിലും സ്വർണം നേടി നോർത്ത് ഓണ്ടാരിയോയ്ക്കും മലയാളികൾക്കും അഭിമാനമായി. ഇതോടെ രതീഷ് 2026-ൽ നടക്കുന്ന ഐഎഫ്ബിബി പ്രോ ചാമ്പ്യൻഷിപ്പിനുള്ള യോഗ്യത നേടി. അദ്ദേഹത്തിന്റെ അടുത്ത ലക്ഷ്യം ഐഎഫ്ബിബി പ്രോ കാർഡ് നേടി ഒളിമ്പിയാ സ്റ്റേജിൽ കാനഡയെ പ്രതിനിധീകരിക്കുകയാണ്.

ഇത് എനിക്കൊരു സ്വപ്നസാഫല്യമാണ്. എന്റെ മകളാണ് ഈ യാത്രയുടെ പ്രചോദനം: രതീഷ് അഭിമാനത്തോടെ പറയുന്നു. ഈ നവംബർ 23-ന് ലോസ് ആഞ്ചലസിൽ നടക്കുന്ന ഡബ്ല്യുഎൻബിഎഫ് വേൾഡ് ചാമ്പ്യൻഷിപ്പിൽ കാനഡയെ പ്രതിനിധീകരിക്കാനായി രതീഷ് ഇപ്പോൾ ശക്തമായ പരിശീലനത്തിലാണ്. കോട്ടയം ജില്ലയിലെ പാലാ, അന്തിനാട് ചെമ്പകക്കാട്ട്




വീട്ടിൽ സി.ജി. മോഹനന്റെയും സി.കെ. രാധയുടെയും മകനായ രതീഷിന് അദ്ദേഹത്തിന്റെ ഭാര്യ ലിബിയും മക്കൾ ആലിയയും എമിയും വിജയങ്ങളിൽ എത്തിപ്പിടിക്കാൻ പൂർണ പിന്തുണ നല്കിവരുന്നു.

# ആൻസി തോമസ് വെട്ടിക്കാട്ട് അന്തരിച്ചു



നീണ്ടൂർ: നീണ്ടൂർ വെട്ടിക്കാട്ട് തൊമ്മിക്കുഞ്ഞിന്റെ ഭാര്യ ആൻസി തോമസ് (71) അന്തരിച്ചു. പരേത കണ്ണങ്കര കൂപ്ലിക്കാട്ട് കുടുംബാംഗമാണ്.

മക്കൾ: സുരഭി ജോക്കുട്ടി നീലേട്ട് (ഫ്ളോറിഡ), സൂരജ് തോമസ് വെട്ടിക്കാട്ട് (നീണ്ടൂർ), സുനിത (അന്നു) കടുതോടിൽ (കോട്ടയം), സജിത (ഏലി) ജാക്സ് ആകശാല (ഡാളസ്). മരുമക്കൾ: ജോക്കുട്ടി ജോസ് നീലേട്ട്, ജ്യോതി സൂരജ് കണ്ടാരപ്പള്ളിൽ, മാത്യു ഫിലിപ്പ് (ദീപു) കടുതോടിൽ, ജാക്സ് ആകശാല.

വിമല തമ്പി വിലങ്ങാട്ടുശ്ശേരിൽ (കണ്ണങ്കര) ഏകസഹോദരിയാണ്. സംസ്കാരം നീണ്ടൂർ സെന്റ് മൈക്കിൾസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ നടത്തപ്പെടും.

# സേവ് ശബരിമല – ടി.പി. സെൻകുമാർ നയിക്കുന്ന ഓൺലൈൻ സെമിനാർ

ചിക്കാഗോ: ലോകത്തെമ്പാടുമുള്ള അയ്യപ്പ വിശ്വാസികളിൽ ആശങ്കയുയർത്തിയ ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളെ അട്ടിമറിച്ച സർക്കാർ നടപടികളെത്തുടർന്ന് അമേരിക്കൻ ഐക്യനാടുകളിലെ അയ്യപ്പ ഭക്തർ രൂപംകൊടുത്ത കൂട്ടായ്മയാണ് സേവ് ശബരിമല-യുഎസ്എ.


ഐതിഹാസികമായ അന്നത്തെ പ്രതിഷേധ യജ്ഞങ്ങളിലും വ്യവഹാര നടപടികളിലും ഭക്തജനങ്ങളോടൊപ്പം ശക്തമായി നിലകൊള്ളാൻ ഈ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്.

ആചാരാനുഷ്ഠാനങ്ങൾക്കപ്പുറം ശബരിമല ദേവസ്ഥാനത്തെത്തന്നെ സർക്കാർ സഹായത്തോടെ ദേവസ്വം ഭരണാധികാരികൾ കൊള്ളയടിച്ച ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

ജാതിമത വിവേചനങ്ങൾക്ക് അതീതമായ ശബരിമല സന്നിധാനത്തെ നശിപ്പിക്കുന്നതിലൂടെ സ്വർണ്ണ കൊള്ള മാത്രമല്ല ഹൈന്ദവ ധർമ്മത്തെ ഉന്മൂലനം ചെയ്യാനും അവിടങ്ങളിലെ വിലമതിക്കാനാവാത്ത സ്വത്തുക്കൾ ഒന്നാകെ സർക്കാർ സംവിധാനങ്ങളുടെ ഒത്താശയോടെ ഒളിച്ചുകടത്താനുള്ള ഒരു തിരക്കഥയുടെ ചുരുളുകളാണ് നിവരുന്നത്.

ദേശാതിർത്തികൾ കടന്ന് ഹൈന്ദവ വിശ്വാസികളെയാകെ അലോസരപ്പെടുത്തുന്ന ഈ വിഷയത്തെക്കുറിച്ചും ദേവസ്വം ഭരണരംഗത്തു വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും കേരളത്തിലെ മുൻ പോലീസ് മേധാവി ടി.പി. സെൻകുമാർ നവംബർ 22-ന് രാത്രി 9ന് (ഇഎസ്ടി) വിദൂര ദൃശ്യ മാധ്യമത്തിലൂടെ അമേരിക്കൻ സമൂഹവുമായി സംസാരിക്കുന്നു. തദവസരത്തിൽ കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ അമേരിക്കൻ ഹൈന്ദവ സമൂഹത്തെ പ്രതിനിധീകരിക്കുന്നു.

വടക്കെ അമേരിക്കയിലെ മുഴുവൻ ഹൈന്ദവ കൂട്ടായ്മകളും അയ്യപ്പഭക്തരും പങ്കെടുക്കുന്ന ഈ ഓൺലൈൻ യോഗത്തിലേക്ക് എല്ലാ സജ്ജനങ്ങളെയും സ്വാഗതം ചെയ്യുന്നതായി സംഘാടകരായ സുരേന്ദ്രൻ നായർ, പ്രസന്നൻ പിള്ള, സിനു നായർ, ശ്രീജിത്ത് ശ്രീനിവാസൻ എന്നിവർ സംയുക്തമായി അറിയിക്കുന്നു.




# യെംങ് കപ്പിൾസ് മീറ്റ് ഉത്സവമാക്കി ഡാളസ് ഇടവക

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ഹാപ്പി മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന യെംങ് കപ്പിൾസ് മീറ്റ് 'മിന്നൽ വള' ഉത്സവ രീതിയിൽ നടത്തപ്പെട്ടു. ഇടവകയിലെ 50 വയസ്സിനു താഴെ പ്രായമുള്ള കപ്പിൾസ് അണിയിച്ചൊരുക്കിയ സംഗമമായിരുന്നു ഇത്. ശനിയാഴ്ച വൈകുന്നേരം 6-ന് സോഷ്യൽ അവറോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന് വികാരി ഫാ. ബിൻസ് ചേത്തലിൽ സംഗമം ഉദ്ഘാടനം ചെയ്ത് യെംങ് കപ്പിൾസിന് ക്ലാസ് നടത്തി.

വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ പുതുമയാർന്നതും വ്യത്യസ്തങ്ങളുമായ മത്സരങ്ങളും സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു. കപ്പിൾസ് സംഗമത്തോടൊപ്പം കുട്ടികളെയും ഉൾപ്പെടുത്തി യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ഹലോ ഹായ്' പ്രോഗ്രാമും നടത്തപ്പെട്ടു. ആദ്യമായി നടത്തപ്പെട്ട യെംങ് കപ്പിൾസ് സംഗമവും അവരുടെ കുട്ടികളോടൊപ്പമുള്ള പ്രോഗ്രാമും ഏവർക്കും നവ്യാനുഭവമായി മാറി.



# SEEKING BRIDEGROOM

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# നിര്യാതരായി

## പി.പി. മാത്യു

**നേര്യമംഗലം:** റിട്ട. എളള പൂക്കുന്നേൽ പി.പി. മാത്യു (90) അന്തരിച്ചു. ഭാര്യ കോലഞ്ചേരി കുന്നത്ത് മോളി (റിട്ട. അധ്യാപിക). മക്കൾ: ഡോ. അനു, സാറ (യുഎസ്), പോൾ (യുഎസ്). മരുമക്കൾ: ബാബു പോൾ പാവുടത്ത് പുത്തൻകുരിശ്, ഷിബി തോമസ് കുറ്റപ്പാലയിൽ കോതമംഗലം (യുഎസ്), മമിത ജോസ് കുന്നത്ത് (യുഎസ്).

## ദാമോദരക്കുറുപ്പ്

**പൊൻകുന്നം:** മധ്യപ്രദേശ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് റിട്ട. ഉദ്യോഗസ്ഥൻ കോതിപടിക്കു സമീപം പാരഡൈസ്കോർട്ട് വില്ലയിൽ (കുറ്റിയിൽ) കെ.ജി. ദാമോദരക്കുറുപ്പ് (83) അന്തരിച്ചു. ഭാര്യ തമ്പലക്കാട് കൈപ്പള്ളിൽ ഹൈമവതി. മക്കൾ: ദിനേശ് കുറുപ്പ് (ചൈന), ദീപ കുറുപ്പ്, ദീപ്തി കുറുപ്പ് (ഇരുവരും കാലിഫോർണിയ). മരുമക്കൾ: ലക്ഷ്മി കുറുപ്പ്, സതീഷ് പിള്ള, സജിത് നായർ (ഇരുവരും കാലിഫോർണിയ).

## കുഞ്ഞുകുഞ്ഞമ്മ

**കല്ലറ:** മഠത്തിപ്പറമ്പിൽ എം.എൽ. ചാക്കോയുടെ ഭാര്യ റിട്ട. അധ്യാപിക കെ.ടി. കുഞ്ഞുകുഞ്ഞമ്മ (80) അന്തരിച്ചു. കുറുമുള്ളൂർ കാട്ടാത്ത് കുടുംബാംഗമാണ്. മക്കൾ: ആശാ ജോജോ (വൈസ് പ്രിൻസിപ്പൽ പയസ് ടെൻസ് കോളജ്, രാമപുരം), രേഖ തോമസ് (യുഎസ്). മരുമക്കൾ: ജോജോ ഏബ്രഹാം ചെറുകാട്ടുപറമ്പിൽ കല്ലറ, തോമസ് എ. മാക്കിയിൽ കരിപ്പാടം ബ്രഹ്മമംഗലം (യുഎസ്).

## അന്നമ്മ ജോർജ്

**കുമ്പഴ:** കല്ലിൽ അന്നമ്മ ജോർജ് (83) അന്തരിച്ചു. കോട്ടയം പേരൂർ മുതിരക്കാലായിൽ കുടുംബാംഗമാണ്. ഭർത്താവ്: മണ്ണാറക്കുളഞ്ഞി കല്ലിൽ തോമസ് ജോർജ്. മക്കൾ: സന്തോഷ് ജോർജ് (യുഎസ്), സാജൻ ജോർജ് (ഷാർജ). മരുമക്കൾ: ആറാട്ടുപുഴ നല്ലുമലയിൽ പ്രീതാ ജോർജ് (യുഎസ്), പുറമറ്റം കോട്ടയ്ക്കൽവില്ല ജെനി മാത്യു (ഷാർജ).

**മരങ്ങാട്ടുപിള്ളി:** മേച്ചേരിൽ റോസമ്മ (93) അന്തരിച്ചു.

**ചങ്ങനാശേരി:** തൃക്കൊടിത്താനം പ്ലാമ്പറമ്പിൽ ഗവ. ഹൈസ്കൂൾ റിട്ട. ടീച്ചർ മേരി വർഗീസ് (89) അന്തരിച്ചു.

**തിരുവമ്പാടി:** സിഎംസി സന്യാസിനി സമൂഹം താമരശ്ശേരി സെ. മേരീസ് പ്രോവിൻസ് അംഗവും റിട്ട. അധ്യാപികയുമായ സിസ്റ്റർ സെറാഫിയ (94) അന്തരിച്ചു.

**മുണ്ടക്കയം:** കല്ല് തൊട്ടിപുരയിടം കുഞ്ഞുകുട്ടിയുടെ മകൻ പാസ്റ്റർ കെ. ജയിംസ് (47) അന്തരിച്ചു.

**പാമ്പാടി ഈസ്റ്റ്:** തിടുതിടുപ്പിൽ കരോട്ട് പരേതനായ ടി.വി. ചാക്കോയുടെ ഭാര്യ അന്നമ്മ ചാക്കോ (82) അന്തരിച്ചു.

## അന്നമ്മ ചാണ്ടി കറത്തേടത്ത്



**ഏറ്റുമാനൂർ:** കറത്തേടത്ത് പരേതനായ ചാണ്ടിയുടെ (കുട്ടപ്പൻ) ഭാര്യ അന്നമ്മ ചാണ്ടി (79) അന്തരിച്ചു. പരേത താമരക്കാട് മുളയിങ്കൽ കുടുംബാംഗമാണ്. മക്കൾ: അലക്സ് കറത്തേടത്ത്, ബെന്നി കറത്തേടത്ത്, ബിജു കറത്തേടത്ത് (ചിക്കാഗോ), ബിനി കുഞ്ഞമ്മാട്ടിൽ. മരുമക്കൾ: പ്രഭ ഓണശ്ശേരിൽ, ഷിൻസി തൊട്ടിയിൽ, സിമി തോട്ടപ്പുറം, ബെന്നി കുഞ്ഞമ്മാട്ടിൽ.

**നാട്ടകം:** പാറക്കടവിലായ കൊണ്ടകശ്ശേരിൽ പരേതനായ തോമസ് കുര്യന്റെ ഭാര്യ എം ഡി. സെമിനാരി സ്കൂൾ റിട്ട. അധ്യാപിക മറിയാമ്മ തോമസ് (അമ്മിണി-87) അന്തരിച്ചു.

## മറിയാമ്മ ചാക്കോ

**തിരുവനന്തപുരം:** കുന്നുകുഴി (ടിസി 12/1676 ഇലഞ്ഞിക്കൽ വീട്ടിൽ മറിയാമ്മ ചാക്കോ (95) അന്തരിച്ചു. തൃശൂർ കൊമ്പൻ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഇ.എ. ചാക്കോ. മക്കൾ: ഇ.സി. തോമസ് (യുഎസ്), മറിയാമ്മ ജോൺ, സൂസി സെബാസ്റ്റ്യൻ, ഇ.സി. മാത്യു, ലാലി രാജു. മരുമക്കൾ: റോസമ്മ തോമസ് (യുഎസ്), സി.പി. സെബാസ്റ്റ്യൻ, ജാനറ്റ് മാത്യു, ടി. രാജു, പരേതനായ എം.എ. ജോൺ.

**പാലാ:** ചെത്തിമറ്റം ഊട്ടുകുളത്തിൽ പരേതനായ തോമസ് ജോസഫിന്റെ ഭാര്യ ഏലിയാമ്മ തോമസ് (79) അന്തരിച്ചു.

**അതിരമ്പുഴ:** ഞൊങ്ങിണിയിൽ റോസമ്മ ലൂക്കാ (89) അന്തരിച്ചു.

## കെ.പി. ജോൺ

**കുമളി:** കൊട്ടാരത്തിൽ കെ.പി. ജോൺ (85) അന്തരിച്ചു. ഭാര്യ: സ്പ്രിങ്വാലി കുരുവൻപ്ലാക്കൽ റോസമ്മ. മക്കൾ: ഹാപ്പി ജോൺ, ദീപ ബിജോ (ഇരുവരും ഓസ്ട്രേലിയ), ബിനോയി ജോൺ, ജൂലി സോണി (യുഎസ്). മരുമക്കൾ: കട്ടപ്പന പുമറ്റം ബിന്ദു ഹാപ്പി, ചെറുവള്ളിക്കുളം ഇരുപ്പക്കാട്ട് ബിജോ ഫിലിപ്പ് (ഇരുവരും ഓസ്ട്രേലിയ), കുമളി വടക്കേൽ അനിത തോമസ് (ഇൻഫോസിസ്, തിരുവനന്തപുരം), പാലൂർക്കാവ് ഒട്ടലാങ്കൽ സോണി ജോർജ് (യുഎസ്).

**കോതമംഗലം:** പല്ലാരിമംഗലം പൊത്തനാക്കുടിയിൽ ദേവകിയമ്മ (99) അന്തരിച്ചു.

## മാത്യു ഏബ്രഹാം

**അരീക്കര:** കോഴംപ്ലാക്കിൽ (വെട്ടിക്കൽ) മാത്യു ഏബ്രഹാം (84) അന്തരിച്ചു. ഭാര്യ മേരി പടിക്കമ്യാലിൽ (മാറിടം) കുടുംബാംഗമാണ്. മക്കൾ: റെജിമോൻ മാത്യു (റിട്ട. അധ്യാപകൻ), സ്റ്റനിമോൻ മാത്യു, ഷീജ ജോബ്, ഷീന റോയി (മൂവരും ചിക്കാഗോ). മരുമക്കൾ: എലിസബത്ത് പൈമ്പാലിൽ ചുങ്കം, ആശ മാമ്പുഴക്കൽ പയ്യാവൂർ, ജോബ് മാക്കിൽ മാഞ്ഞൂർ സൗത്ത്, റോയി ചേലമലയിൽ പുന്നത്തുറ (മൂവരും ചിക്കാഗോ).

**കല്ലൂപ്പാറ:** കൽക്കട്ട ഭദ്രാസനത്തിലെ മുതിർന്ന വൈദികൻ മേനമുറിയിൽ ഫാ. ഡോ. ജോർജ് സി. വർഗീസ് (52) അന്തരിച്ചു.

## മേരി തോമസ്



**ന്യൂയോർക്ക്:** കോട്ടയം കുഴിമറ്റം തെക്കേമട്ടം വീട്ടിൽ മേരി തോമസ് (മേരിക്കുട്ടി-79) ന്യൂയോർക്കിൽ സ്റ്റാറ്റൻ ഐലൻഡിൽ അന്തരിച്ചു. ഭർത്താവ് ഉമ്മൻ പി. തോമസ്. മകൻ: ജെയ്സൺ ഉമ്മൻ. മരുമകൾ: ടീന ഉമ്മൻ.

**വലിയതോവാള:** എസ്എബിഎസ് സെ. ജോൺസ് പ്രോവിൻസ് കപ്പാട് ആരാധനാമഠാംഗം സിസ്റ്റർ എൽസ അറയ്ക്കൽ (പെണ്ണമ്മ-70) അന്തരിച്ചു.

## ഡോ. ടി.എ. ജോർജ്

**പത്തനംതിട്ട:** കാതോലിക്കേറ്റ് കോളജ് റിട്ട. പ്രിൻസിപ്പലും മലങ്കര ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റി അംഗവുമായ തെള്ളിരേത്ത് ഡോ. ടി. എ. ജോർജ് (കുട്ടപ്പൻ-89) അന്തരിച്ചു. ഭാര്യ ആറാട്ടുപുഴ ചെറുതാല താഴത്തേത്ത് സാറാമ്മ ജോർജ്. മക്കൾ: ഏബ്രഹാം ജോർജ് (യുഎസ്), ആഷ എലിസബത്ത് ജോർജ്, അജിത് മാത്യു ജോർജ് (ബംഗളൂരു). മരുമക്കൾ: മേരി ഏബ്രഹാം (യുഎസ്), ജോർജ് തോമസ് (കൊച്ചി), അഞ്ജലി മേരി (ബംഗ്ളൂരു).

**കോഴിക്കോട്:** ഇമ്മട്ടി പേപ്പർ ഹൗസ് ഉടമയായിരുന്ന ഈസ്റ്റ്ഹിൽ റോഡ് ഇമ്മട്ടി ഹൗസിൽ തോമസ് ജോൺ ഇമ്മട്ടി (77) അന്തരിച്ചു.

**കൂടല്ലൂർ:** വയലാ കുറുവന്താനത്ത് (വെള്ളാക്കൽ) കെ.യു. പൈലി (70) അന്തരിച്ചു.

**രാമങ്കരി:** ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ റിട്ട. അസി.മാനേജർ കറുകക്കളത്തിൽ സി. ജോയി (84) അന്തരിച്ചു.

## മാത്യു അബ്രഹാം കോഴംപ്ലാക്കിൽ



**അരീക്കര:** മാത്യു അബ്രഹാം കോഴംപ്ലാക്കിൽ (84) അരീക്കരയിൽ അന്തരിച്ചു. ദീർഘകാലത്തെ ചിക്കാഗോയിലെ താമസത്തിനുശേഷം നാട്ടിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു പരേതൻ. ഭാര്യ: മേരി മാറിടം പടിക്കമ്യാലിൽ കുടുംബാംഗമാണ്. മക്കൾ: റെജിമോൻ - എലിസബത്ത് പൈമ്പാലിൽ, ചുങ്കം. ഷീജ - ജോബ് മാക്കീൽ, മാഞ്ഞൂർ സൗത്ത്, ഷീന - റോയി ചേലമലയിൽ, പുന്നത്തുറ, സ്റ്റാനി - ആശ മാമ്പുഴക്കൽ, പയ്യാവൂർ (എല്ലാവരും ചിക്കാഗോയിൽ). കൊച്ചുമക്കൾ: മരിയ, മാത്യു, മെറിൻ, റെജീന, പീറ്റർ, ക്രിസ്റ്റീന, മാർട്ടിൻ, മാർട്ടീന, ജെറമി, സാറ.

**കുമ്മണ്ണൂർ:** എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ ഇടക്കര (കലേക്കാട്ടിൽ) ലൂക്കാ വർക്കി (മണി-76) അന്തരിച്ചു.

## തങ്കമ്മ ജോൺ

**മാവേലിക്കര:** കല്ലുംപുറത്ത് ചാലിൽ തങ്കമ്മ ജോൺ (75) ബെംഗ്ളൂരുവിൽ ഐപിസി എലീം ഭവനത്തിൽ അന്തരിച്ചു. ഭർത്താവ് ആലപ്പുഴ ചേപ്പാട് മഞ്ഞാടയിൽ പാസ്റ്റർ ജോൺ മത്തായി. മക്കൾ: ലൗലിൻ മനോജ് (ബെംഗ്ളൂർ), പരേതയായ ഷൈലിൻ ഷിബു, മാത്യു ജെൻസാം ജോൺ (യുഎസ്). മരുമക്കൾ: പാസ്റ്റർ മനോജ് വർഗീസ്, പാസ്റ്റർ ഷിബു തോമസ്, ഷെയിൻ മാത്യു (ഇരുവരും യുഎസ്).

## ജി. ശിവശങ്കരപിള്ള

**വൈക്കം:** ആറാട്ടുകുളങ്ങര ഇടത്തിൽമഠം പഞ്ചായത്ത് വകുപ്പ് റിട്ട. യു.ഡി. ക്ലാർക്ക് ജി. ശിവശങ്കരപ്പിള്ള (78) അന്തരിച്ചു. ഭാര്യ പാണ്ടിക്കുടത്ത് മഠത്തിൽ മീന. മക്കൾ: ശ്രീമോൾ (യുഎസ്), സിന്ധു. മരുമകൻ: മനോജ്.

**വെണ്ണിക്കുളം:** ഇറ്റലി സെയ്പം മുൻ ഉദ്യോഗസ്ഥൻ പേരാലുംമൂട്ടിൽ പന്നിക്കോട്ട് ആലുങ്കൽ ഏലിയാസ് ഇടിക്കുള (പ്രസാദ്-63) അന്തരിച്ചു.

**തിരുവനന്തപുരം:** മുൻ ആയുർവേദ ഡയറക്ടറും സ്പെഷൽ ഓഫീസറും സോമതീരം ആയുർവേദ ഹോസ്പിറ്റൽ ആൻഡ് യോഗ സെന്റർ ചീഫ് ഫിസിഷ്യനുമായ പട്ടം സബീസും ഭവനിൽ ഡോ. സി.എ. രാമൻ (94) അന്തരിച്ചു.

**തിരുവല്ല:** ഇടശ്ശേരിൽ ഓമന രാജു (70) അന്തരിച്ചു.

## റാഹേലമ്മ സാമുവൽ

**തിരുവനന്തപുരം:** പേരൂർക്കട എകെജി നഗർ 115-ൽ മുളമൂട്ടിൽ ഈരാളിയിൽ കുടുംബാംഗം റാഹേലമ്മ സാമുവൽ (83) അന്തരിച്ചു. ഭർത്താവ് മാവേലിക്കര താച്ചയിൽ പരേതനായ എൻ.വി. സാമുവൽ (റിട്ട. എയർഫോഴ്സ്). മക്കൾ: ബിനു (യുഎസ്), ബിന്ദു (സരസ്വതി വിദ്യാലയം), ബിജു (മുത്തൂറ്റ് ഫിനാൻസ്). മരുമക്കൾ: റീഷ (യുഎസ്), റോയ്, ലിറ്റി.

**കുമാരനല്ലൂർ:** പോസ്റ്റൽ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ ഏകോണിൽ കൊച്ചുപറമ്പിൽ വർഗീസ് മാണി (മോൻ-73) അന്തരിച്ചു.

**മുണ്ടത്താനം:** ചെളിക്കുഴിയിൽ പുത്തൻവീട്ടിൽ (കുരീക്കാട്ടിൽ) ഐപിസി വിമൻസ് ഫെലോഷിപ് പ്രസിഡണ്ട് എൽസി രാജൻ (61) അന്തരിച്ചു.

## അക്കാമ്മ ചെറിയാൻ

**മണർകാട്:** അട്ടാർവയലിൽ പരേതനായ എ.ഒ. ചെറിയാന്റെ ഭാര്യ അക്കാമ്മ ചെറിയാൻ അന്തരിച്ചു. കുമരകം ലക്ഷ്മിച്ചിറ കുടുംബാംഗമാണ്. മക്കൾ: എൽസിക്കുട്ടി, സൂസമ്മ, ലിസി, കൊച്ചുമോൻ, പരേതരായ രാജു, ബേബിച്ചൻ. മരുമക്കൾ: ആനി കല്ലറയ്ക്കൽ (യുഎസ്), റോണി പുള്ളിയിൽ, മിനി ആദംപള്ളിൽ (യുഎസ്), പരേതരായ ജോർജുകുട്ടി ചിരവത്തറ, ഷാജി ചെറിയമടം, കുര്യച്ചൻ ആലംഞ്ചേരി.

## മോളി മാത്യൂസ്

**ചെങ്ങന്നൂർ:** തെങ്ങുംതറയിൽ ജോർജ് മാത്യുവിന്റെ ഭാര്യ ബിഎസ്എൻഎൽ മുൻ ഉദ്യോഗസ്ഥ മോളി മാത്യൂസ് (83) ബംഗ്ളൂരുവിൽ അന്തരിച്ചു. തിരുവഞ്ചൂർ തുരുത്തേൽ കുടുംബാംഗമാണ്. മക്കൾ: ജിബു, ഡോ. ജിബി. മരുമക്കൾ: ഡോ. സിന്ധു, ഡോ. ഫിലിപ് കുറിയാക്കോസ് (നാലുപേരും യുഎസ്).

**വാകത്താനം:** തട്ടിൻ പുറത്ത് കുന്നേൽ കെ.ജി. രാജുവിന്റെയും സുമയുടെയും മകൾ ടി.ആർ. അക്ഷയ (26) അന്തരിച്ചു.

## രവീന്ദ്രൻ ഉണ്ണിത്താൻ

**കാലടി:** പിരാരൂർ അഭിലാഷ് വീട്ടിൽ രവീന്ദ്രൻ ഉണ്ണിത്താൻ (76) അന്തരിച്ചു. ഭാര്യ വിജയകുമാരി (കാലടി ബ്രഹ്മാനന്ദോദയം സ്കൂൾ റിട്ട. ടീച്ചർ). മക്കൾ: സ്വപ്ന, സൗമ്യ (യുഎസ്). മരുമക്കൾ: സജികുമാർ, ശ്രീരാജ് (യുഎസ്).

**കുമരകം:** ചിറത്തറ വീട്ടിൽ പരേതനായ ഉണ്ണിയുടെ ഭാര്യ ലീലാമ്മ (ഉണ്ണിയമ്മ-70) അന്തരിച്ചു.

**തിരുവല്ല:** മാർത്തോമ്മാ സഭാ വൈദികൻ ചേന്നങ്കരി പള്ളിവാതുക്കൽ റവ. സണ്ണി തോമസ് (71) അന്തരിച്ചു.

**രാജാക്കണ്ടം:** മെത്രാൻപറമ്പിൽ ലൈസാമ്മ സ്റ്റാൻലി (62) അന്തരിച്ചു.

## ഡോ. ആലീസ് ഹെലൻ ഫ്രാങ്ക്ളിൻ

**കഴക്കൂട്ടം:** മേനംകുളം പേളി ഗേറ്റ്സിൽ ഡോ. ആലീസ് ഹെലൻ ഫ്രാങ്ക്ളിൻ (69) അന്തരിച്ചു. ഇടപ്പള്ളി കളത്തിപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ഡോ. ഫ്രാങ്ക്ളിൻ ഡിക്രൂസ് ജോക്കിം. മക്കൾ: ഡോ. ഡാനി ഫ്രാങ്ക്ളിൻ (അസി. പ്രഫ. യൂണിവേഴ്സിറ്റി ഓഫ് തണ്ടർബേ, കാനഡ), ടോണി ഫ്രാങ്ക്ളിൻ (നൊസ്റ്റോ ഫാർമ യുഎസ്). മരുമകൾ: ഹന ബ്രൗൺ (യുഎസ്).

## മേരിക്കുട്ടി ജോസഫ്

**ചങ്ങനാശേരി:** വാഴപ്പള്ളി കുന്നത്ത് പരേതനായ വിമല അപ്പച്ചൻ ഭാര്യ മേരിക്കുട്ടി ജോസഫ് (89) ന്യൂജേഴ്സിയിൽ അന്തരിച്ചു. വാഴപ്പള്ളി പുന്നശ്ശേരി കുടുംബാംഗമാണ്. മക്കൾ: സിറിയക് കുന്നത്ത് (യുഎസ്), ടോമി (യുകെ), പരേതനായ ജോസി ജോസഫ് (വിമല സ്റ്റുഡിയോ), ആന്റോ ജോസഫ് (ചാർട്ടേഡ് അക്കൗണ്ടന്റ് ബംഗ്ളൂരു), സജി ജോസഫ് (യുഎസ്), ബോബി ജെ. കുന്നത്ത് (യുഎസ്). മരുമക്കൾ: ആലീസ് സിറിയക് കുന്നുംപുറത്ത്, എത്സി തോമസ് കരുവേലിൽ, തൃശൂർ, മോളി ജോസഫ് പുതിയിടം പാലാ, ലീനാ ആന്റോ കോട്ടപ്പുഴയ്ക്കൽ ചാഞ്ഞോടി, സ്മിത സജി കൊച്ചുപറമ്പിൽ തൃക്കൊടിത്താനം, ചുട്ടി ബോബി നേര്യംപറമ്പിൽ വാഴപ്പള്ളി.

**ഭരണങ്ങാനം:** ചിറ്റാനപ്പാറ വറവുങ്കൽ പരേതനായ ശ്രീധരന്റെ മകൻ വി.എസ്. ബിജുമോൻ (കുട്ടാച്ചൻ-53) അയർലൻഡിൽ അന്തരിച്ചു.

**കുര്യനാട്:** മറ്റം (പഴയപുരയിൽ- പാതിരിക്കൽ) സിറിയക് സി. മറ്റം (ബാബു-75) അന്തരിച്ചു.

## പി. തങ്കപ്പൻ നായർ

**കോട്ടയം:** ബിഎസ്എൻഎൽ റിട്ട. ചീഫ് അക്കൗണ്ട്സ് ഓഫീസർ പാക്കിൽ ഇന്ദീവരത്തിൽ പി. തങ്കപ്പൻ നായർ (81) അന്തരിച്ചു. തൃശൂർ മാള അന്നമനട പെരുങ്ങാട്ട് കുടുംബാംഗമാണ്. ഭാര്യ സുമതിക്കുട്ടിയമ്മ (റിട്ട. ഉദ്യോഗസ്ഥ എസ്ബിടി). മക്കൾ: ഇന്ദു (അധ്യാപിക എംജിഎം എച്ച്എസ്എസ് ഞാലിയാകുഴി), ഡോ. ഗൗരീശങ്കർ (റേഡിയോളജിസ്റ്റ് കോട്ടയം), രവിശങ്കർ (എൻജിനീയർ യുഎസ്), മരുമക്കൾ: എൻ. ജയകുമാർ, ഡോ. ഗംഗ ജി. കൈമൾ (പ്രഫ. സൈക്യാട്രി വിഭാഗം മെഡിക്കൽ കോളജ് ആലപ്പുഴ), കാർത്തിക (യുഎസ്).

**ആറന്മുള:** സ്പോർട്സ് ഡെവലപ്മെന്റ് റിട്ട. ഓഫീസറും കായിക താരവുമായിരുന്ന പടിഞ്ഞാറേനട കീച്ചാപറമ്പിൽ സംഗീതയിൽ പി. ഉണ്ണിക്കൃഷ്ണപണിക്കർ (75) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** പാറത്തോടു കുറ്റുവേലിൽ സോമിൽ ഉടമ ബിജോ ബി. കുറ്റുവേലിൽ (48) അന്തരിച്ചു.

## CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

Visit Our Website: www.keralaexpress.com for Classified Advt.

## DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

## DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Boston*




# 'ആഘോഷം' ഫസ്റ്റ്ലുക്ക് പോസ്റ്റർ പുറത്തിറങ്ങി

കാമ്പസുകളെ ആവേശഭരിതമാക്കി ആഘോഷത്തിലേക്ക് കൊണ്ടുപോകുന്ന ചിത്രം ആഘോഷത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. നടൻ ആന്റണി പെപ്പെയാണ് സോഷ്യൽ മീഡിയ ഹാൻഡിൽസിലൂടെ പോസ്റ്റർ റിലീസ് ചെയ്തത്. ചിത്രത്തിലെ പ്രധാന താരങ്ങളെയെല്ലാം അണിനിരത്തിയാണ് പോസ്റ്റർ പുറത്തുവിട്ടത്. പ്രേക്ഷക ശ്രദ്ധ നേടിയ ഗുമസ്തൻ എന്ന ചിത്രത്തിന്റെ സംവിധായകനായ അമൽ കെ. ജോബി സംവിധാനം ചെയ്യുന്ന ചിത്രം കൂടിയാണ് ആഘോഷം.

ചിത്രത്തിന്റെ കഥ ഡോ. ലിസി കെ. ഫെർണാണ്ടസിന്റേതാണ്. തിരക്കഥയും സംഭാഷണവും ഒരുക്കിയത് സംവിധായകൻ തന്നെ. പേരുപോലെ തന്നെ ഒരു ആഘോഷത്തിന്റെ മൂഡിലാണ് ചിത്രം ഒരുങ്ങുന്നത്. Life is all about celebration എന്ന ടാഗ്ലൈനോടു കൂടിയാണ് ചിത്രമെത്തുന്നത്. സിഎൻ ഗ്ലോബൽ മൂവീസിന്റെ ബാനറിൽ ഡോ. ലിസി കെ. ഫെർണാണ്ടസ്, ഡോ. പ്രിൻസ് പ്രോസി ഓസ്ട്രിയയും ടീമും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. പ്രേക്ഷക പ്രശംസ നേടിയ സ്വർഗം എന്ന ചിത്രത്തിനു ശേഷം സിഎൻ ഗ്ലോബൽ മൂവീസ് നിർമിക്കുന്ന ചിത്രമാണ് ആഘോഷം. കാമ്പസിന്റെ ആഘോഷവും മത്സരവും പ്രണയവും എല്ലാം ചേർന്ന ഒരു പക്കാ കാമ്പസ് ചിത്രമായിരിക്കും ആഘോഷം.

ക്ലാസ്മേറ്റ്സ് എന്ന ഹിറ്റ് കാമ്പസ് ചിത്രത്തിനു ശേഷം നരേൻ വീണ്ടും ആഘോഷത്തിലൂടെ കാമ്പസിലെത്തുന്നു. പവി കെയർ ടേക്കറിലൂടെ മലയാള സിനിമയിലേക്ക് എത്തിയ റോസ്മിനാണ് ആഘോഷത്തിലെ നായിക.

വിജയരാഘവൻ, ധ്യാൻ ശ്രീനിവാസൻ, ജയ്സ് ജോസ്, ജോണി ആന്റണി, രൺജി പണിക്കർ, അജു വർഗീസ് എന്നിവരും നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിൽ അണിനിരക്കുന്നു.

ചിത്രത്തിന്റെ സംഗീതം ഒരുക്കുന്നത് സ്റ്റീഫൻ ദേവസിയും ഗൗതം വിൻസെന്റും ചേർന്നാണ്. പശ്ചാത്തല സംഗീതം 4 മ്യൂസിക്. നാലു പാട്ടുകളാണ് ചിത്രത്തിലുള്ളത്. വരികൾ എഴുതിയത് ബി.കെ. ഹരിനാരായണൻ, സന്തോഷ് വർമ, ഡോ. ലിസി കെ. ഫെർണാണ്ടസ്, സോണി മോഹൻ, ഛായാഗ്രഹണം-റോജോ തോമസ്, എഡിറ്റിംഗ് -ഡോൺ മാക്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അമൽദേവ് കെ.ആർ, പ്രൊജക്റ്റ് ഡിസൈനർ-ടൈറ്റസ് ജോൺ, പ്രൊഡക്ഷൻ കൺട്രോളർ-നന്ദു പൊതുവാൾ, കലാസംവിധാനം-രജീഷ് കെ. സൂര്യ, മേക്കപ്പ്-മാളൂസ് കെ. പി. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ് -പ്രണവ് മോഹൻ, ആന്റണി കുട്ടമ്പുഴ.




## ഗോകുൽ സുരേഷ് നായകനാകുന്ന 'അമ്പലമുക്കിലെ വിശേഷങ്ങൾ'

ഗോകുൽ സുരേഷ്, ലാൽ, ഗണപതി എന്നിവർ കേന്ദ്രകഥാപാത്രങ്ങളാകുന്ന 'അമ്പലമുക്കിലെ വിശേഷങ്ങൾ' ഡിസംബർ അഞ്ചിന് തിയറ്ററുകളിലെത്തും. ജയറാം കൈലാസാണ് ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത്.

ഗോകുൽ സുരേഷ്, ലാൽ, ഗണപതി, മേജർ രവി, സജിത മഠത്തിൽ, ഉല്ലാസ് പന്തളം തുടങ്ങി വൻ താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്.

ചന്ദ് ക്രിയേഷൻസിന്റെ ബാനറിൽ ജെ. ശരത്ചന്ദ്രൻ നായർ നിർമ്മിക്കുന്ന ചിത്രത്തിന് രഞ്ജിൻ രാജ്, അരുൾ ദേവ് എന്നിവർ സംഗീതസംവിധാനം നിർവഹിക്കുന്നു. അബ്ദുൾ റഹീം ഛായാഗ്രഹണവും രഞ്ജൻ എബ്രഹാം എഡിറ്റിംഗും നിർവഹിക്കുന്നു. ചിത്രത്തിന്റെ കഥ, തിരക്കഥ-ഉമേഷ് കൃഷ്ണൻ, കോ പ്രൊഡ്യൂസർ- മുരളി ചന്ദ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ഭരത് ചന്ദ്, മുഖ്യ സഹസംവിധാനം-മനീഷ് ഭാർഗവൻ, ഗാനരചന-പി.ടി. ബിനു, വസ്ത്രാലങ്കാരം-സ്റ്റെഫി സേവ്യർ, കലാസംവിധാനം-നാഥൻ, പ്രൊഡക്ഷൻ കൺട്രോളർ-നിസാർ മുഹമ്മദ്, മേക്കപ്പ്-പ്രദീപ് രംഗൻ, സ്റ്റിൽസ്-ക്ലിന്റ് ബേബി, ഡിസൈൻ -സാൻസൺ ആഡ്സ്. രാജ് സാഗർ ഫിലിംസാണ് ചിത്രം കേരളത്തിലെ തിയറ്ററുകളിലേക്കെത്തിക്കുന്നത്.

## 'പേജ്' തിയറ്ററുകളിൽ

ഡോ. അനീഷ് ഉറുമ്പിൽ രചനയും സംവിധാനവും നിർവഹിച്ച സിനിമ 'പേജ്' എന്ന സിനിമ പ്രദർശനത്തിനെത്തി. അനുശ്രീ, അരുൺ അശോക്, ബിബിൻ ജോർജ്ജ്, പാഷാണം ഷാജി, സീമ ജി. നായർ, ഈപ്പൻ ഷാ, റിയ സിറിൾ, വൃന്ദ മനു, സിറിൾ കാളിയാർ, വിദ്യ പദ്മിനി, ബോസ് ജോസ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.



ബിനോജ് വില്ല്യ, മനു വാരിയാനി, ശ്രീദേവി റ്റി. എന്നിവർ ചേർന്ന് നിർമിക്കുന്ന സിനിമയുടെ ഗാനരചന വയലാർ ശരത്ചന്ദ്രവർമ്മ, ടിനോ ഗ്രേസ് തോമസ്, സംഗീതം-ജിന്റോ ജോൺ ഗീതം. ഗായകർ-ബിജു നാരായണൻ, ബിജുരാജ് എ.ബി., കാമറ-മാർട്ടിൻ മാത്യു, എഡിറ്റിംഗ്-ലിൻറ്റോ തോമസ്, പശ്ചാത്തല സംഗീതം-അനുമോദ് ശിവറാം.

## 'ഗിഫ്റ്റ്' തിയറ്ററിലെത്തി

മലയാളം, തമിഴ്, തെലുങ്ക്, കന്നഡ എന്നീ ഭാഷകളിൽ ഏറെ ശ്രദ്ധ നേടിയ കാതൽ കൊണ്ടെൻ, 7ജി റെയിൻബോ കോളനി, മധുരൈ, പുതുപെട്ടൈ തുടങ്ങിയ ചിത്രങ്ങളിലെ നായികയും തെന്നിന്ത്യൻ താരവുമായ സോണിയ അഗർവാൾ ശക്തമായ തിരിച്ചുവരവിന് ഒരുങ്ങുന്ന പുതിയ ചിത്രം ഗിഫ്റ്റ് തീയറ്ററിലെത്തി.

നീണ്ട ഇടവേളയ്ക്കുശേഷമാണ് ശക്തവും വ്യത്യസ്തവുമായ ഒരു കഥാപാത്രമായി സോണിയ തിരിച്ചു വരുന്നത്. പാ പാണ്ഡ്യൻ രചനയും സംവിധാനവും നിർവഹിക്കുന്ന ഈ ചിത്രത്തിൽ ഒരു ലൈംഗികാതിക്രമ ക്കേസിനു ശേഷം ജീവിക്കുന്ന ദൃഢനിശ്ചയമുള്ള ഒരു പോലീസുകാരിയുടെ വേഷമാണ് സോണിയ അഗർവാളിന്റേത്.

നിരവധി കേസുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടും, ഒരു കേസിൽ അവർ ഒരു പ്രതിസന്ധി നേരിടുന്നു. അവർക്ക് ഇപ്പോഴും അത് എങ്ങനെ പിന്തുടരാൻ കഴിയുന്നു എന്നതാണ് ചിത്രത്തിന്റെ ഇതിവൃത്തം. സമൂഹമാധ്യമങ്ങളിലും പ്രേക്ഷകർക്കിടയിലും മികച്ച പ്രതികരണമാണ് ചിത്രത്തിന്റെ ട്രെയ്‌ലറിനു ലഭിക്കുന്നത്.

പി.പി. സിനിമാസിന്റെ ബാനറിൽ സംവിധായകൻ പാ പാണ്ഡ്യൻ തന്നെയാണ് ഈ ക്രൈം ഇൻവെസ്റ്റിഗേഷൻ ചിത്രം നിർമിക്കുന്നത്. വടിവേലു, കമലകണ്ണൻ എന്നിവരാണ് സഹനിർമാതാക്കൾ. ചിത്രം കേരളത്തിൽ വിതരണത്തിന് എത്തിക്കുന്നത് സഹായരാജൻ ഫിലിംസും സാൻഹ സ്റ്റുഡിയോയും ചേർന്നാണ്. സോണിയയെ കൂടാതെ ബിർള ബോസ്, സൂപ്പർ ഗുഡ് സുബ്രമണി, ക്രെയിൻ മനോഹർ, ശശി ലയ, രേഖ എന്നിവരും ഗിഫ്റ്റിൽ അഭിനയിക്കുന്നു. സംഗീതം ഹമര സി.വി, ഛായാഗ്രഹണം രാജദുരൈ. ചിത്രത്തിന് രണ്ട് എഡിറ്റർമാരുണ്ട് - ഡേവിഡ് അജയ്, ഗണേഷ്. ഡിസ്ട്രിബ്യൂഷൻ ഹെഡ് ഷാനു പരപ്പനങ്ങാടി.






# സിനിമാ ജീവിതത്തിലെ 53 വർഷങ്ങൾ പിന്നിട്ട് ജനാർദനൻ



'ഞാനീ പത്രക്കാരെക്കൊണ്ടു തോറ്റു...'

ഗർവാസീസ് ആശാന്റെ വിശ്വപ്രസിദ്ധമായ ഡയലോഗാണ് ജനാർദനനെ കാണുമ്പോൾ ആദ്യം മനസ്സിൽ വരുന്നത്. സിബിഐ സിനിമകളിലെ ഔസേപ്പച്ചനും ധ്രുവത്തിലെ ഡിഐജി മാരാരും ഫ്രണ്ട്സിലെ തമ്പുരാനുമെല്ലാം അടുത്ത നിമിഷം ഓർമയുടെ റീലുകളായി മാറിമറയും.

1972-ൽ 'ആദ്യത്തെ കഥയിലൂടെ' സിനിമയിലഭിനയിച്ച കാലം മുതൽ 53 വർഷമായി മലയാള സിനിമയുടെ ചരിത്രം തന്നെയാണ് ജനാർദനന്റെ ജീവിതവും. 700-ലധികം സിനിമകളിലൂടെ മലയാളിക്കു ചിരപരിചിതമായ ശബ്ദവും ഭാവവും ഒരിക്കലും മറക്കാത്ത ഒരുപിടി കഥാപാത്രങ്ങളുമായി വൈക്കം ജനാർദനൻ നായർ എന്ന ജനാർദനൻ കഥ പറയുകയാണ്. ആരും ഭയക്കുന്ന വില്ലനിൽനിന്ന് എല്ലാവരെയും ചിരിപ്പിച്ച കോമഡി റോളുകളിലേക്കും ക്യാരക്ടർ വേഷങ്ങളിലേക്കുമുള്ള മാറ്റം ഏറ്റവും ഒടുവിൽ സത്യൻ അന്തിക്കാട് ചിത്രമായ ഹൃദയപൂർവത്തിലെ അഭിനയമുഹൂർത്തങ്ങളും. ജനാർദനൻ മനസ്സ് തുറക്കുന്നു.

വൈക്കം-കുമരകം പാതയിലെ ഉല്ലല എന്ന 'ശുദ്ധ ഗ്രാമത്തിലാണു' ഞാൻ ജനിച്ചത്. സാഹിത്യകാരൻ പറവൂർ കെ. ഗോപാലപിള്ളയുടെയും ഗൗരിയമ്മയുടെയും എട്ട് മക്കളിൽ ഏറ്റവും ഇളയയാൾ. വളരെ ചിട്ടയോടെയുള്ള കുട്ടിക്കാലത്തുനിന്നു മോചനം ലഭിച്ചതു ചങ്ങനാശേരി എൻഎസ്എസ് കോളജിൽ പ്രീ യൂണിവേഴ്സിറ്റിക്ക് ചേർന്നപ്പോഴാണ്.

സ്വാതന്ത്ര്യം അധികമായപ്പോൾ പഠനത്തിൽ പിന്നോട്ടായി. എല്ലാ വിഷയങ്ങളിലും തോറ്റാണ് വീട്ടിലേക്ക് എത്തിയത്. അവിടത്തെ ശകാരത്തിൽനിന്ന് രക്ഷപ്പെടാൻ കോട്ടയത്തുള്ള സഹോദരിയുടെ വീട്ടിൽ പോയി ഇടയ്ക്കു നിൽക്കും. മലയാള മനോരമ ഓഫീസിന് എതിർവശത്തായി അവർക്ക് അന്നൊരു മെഡിക്കൽ ഷോപ്പ് ഉണ്ടായിരുന്നു. അക്കാലത്ത് മാമ്മൻ മാപ്പിള ഹാളിൽ മിക്കദിവസവും കലാപരിപാടികൾ ഉണ്ടാകും. എല്ലാം കാണാൻ പോകും. നാടകവുമായി ബന്ധം തുടങ്ങുന്നത് അങ്ങനെയാണ്. സഹോദരൻ വൈക്കം സുകുമാരൻ നായർ ഒട്ടേറെ നാടകങ്ങളിൽ നായകനായിട്ടുണ്ടെങ്കിലും ഞാൻ അന്ന് അഭിനയത്തെപ്പറ്റി ചിന്തിച്ചിട്ടുപോലുമില്ല.

എയർഫോഴ്സിൽ ജോലി കിട്ടുന്നത് അക്കാലത്താണ്. മദ്രാസിലായിരുന്നു പരിശീലനം. ജനറൽ ഡ്യൂട്ടി പൈലറ്റ് എന്നൊരു തസ്തികയിലേക്ക് സെലക്ഷൻ നടന്നപ്പോൾ കളർ ബ്ലൈൻഡ്നെസ് ഉണ്ടെന്നു പറഞ്ഞ് എന്നെ അതിൽനിന്ന് തള്ളി.

അതൊരു മന്ത്രിയുടെ മകനെ ഉൾപ്പെടുത്താനായിരുന്നു എന്നു പിന്നീട് അറിഞ്ഞപ്പോൾ എനിക്ക് എയർഫോഴ്സിനോട് മടുപ്പായി. അവിടെ അന്നു ഞാൻ ചില പ്രശ്നങ്ങളൊക്കെ ഉണ്ടാക്കിയതിന്റെ പേരിൽ പിന്നെ പറഞ്ഞു വിടുകയായിരുന്നു. ഒരു വർഷം വീട്ടിൽനിന്നു പുറത്തിറങ്ങാതെ വൈക്കത്ത് ഇരുന്നു.

തിരുവനന്തപുരം ധനുവച്ചപുരം എൻഎസ്എസ് കോളജിൽ ബി.കോമിനു പഠിക്കുമ്പോഴാണ് അഭിനയം ആരംഭിക്കുന്നത്. അക്കാലത്താണ് അടൂർ ഗോപാലകൃഷ്ണൻ ചിത്രലേഖ ഫിലിം സൊസൈറ്റി തുടങ്ങുന്നത്. കോളജിലെ ഇംഗ്ലീഷ് പ്രഫസറായിരുന്ന ശ്രീവരാഹം ബാലകൃഷ്ണനാണ് അടൂരിന്റെ അടുക്കൽ കൊണ്ടുചെല്ലുന്നത്. 'പ്രതിസന്ധി' എന്നൊരു ഡോക്യുമെന്ററിയിൽ ഏതാനും സീനുകൾ അഭിനയിച്ചു.

തിരുവനന്തപുരത്തെ മാഗ്നറ്റ് ഹോട്ടലിൽ പോകുന്ന പതിവുണ്ടായിരുന്നു. എസ്.കെ. നായർ എന്നൊരു സിനിമക്കാരൻ ഹോട്ടലിൽ താമസിക്കുന്നുണ്ടെന്നു പരിചയക്കാരനായ റൂം ബോയി ഒരുദിവസം പറഞ്ഞു. പ്രഭാകരൻ എന്ന ആ റൂം ബോയിയുടെ നിർബന്ധത്തിനു വഴങ്ങി ഞാൻ അദ്ദേഹത്തെ കാണാൻ പോയി. അദ്ദേഹത്തിന്റെ പേര് എസ്.കെ. നായർ എന്നായതുകൊണ്ട്, 'വൈക്കത്തു നിന്നൊരു നായർ പുറത്തു കാത്തു നിൽക്കുന്നു' എന്നൊരു കടലാസിൽ എഴുതിക്കൊടുത്തു. അദ്ദേഹമാണ് സിനിമയിലേക്ക് കൈപിടിച്ചത്.

എസ്.കെ. നായർ നിർമിച്ച് പി.എൻ. മോനോൻ സംവിധാനം ചെയ്ത 'ചെമ്പരത്തി' എന്ന ചിത്രത്തിൽ ജോലിചെയ്തു. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്- വൈക്കം ജനാർദനൻ എന്ന പേര് ആ സിനിമയുടെ ടൈറ്റിൽ കാർഡിൽ ഉണ്ട്.

എട്ട് മാസത്തോളം എസ്.കെ. നായരുടെതന്നെ മലയാള നാട് മാസികയിൽ ജോലി ചെയ്തു. മദ്രാസിൽ ഓഫീസ് തുടങ്ങിയപ്പോൾ എന്നെ അവിടെ മാനേജരാക്കി. സംവിധായകൻ കെ.എസ്. സേതുമാധവനാണ് ആദ്യ ചിത്രത്തിലേക്ക് അവസരം തരുന്നത്. അതാണ് 'ആദ്യത്തെ കഥ'. നസീർ സാർ, അടൂർ ഭാസി, ബഹദൂർ, ശാരദ, ജയഭാരതി... അതിൽ ഇല്ലാത്ത ആരും ഇല്ല. ഒരു വിവാഹത്തിനിടയിലുള്ള സംഘർഷ സീനിലാണ് അഭിനയിച്ചത്. നസീർ സാറിന്റെ റൂം മേറ്റാണു ഞാൻ. വില്ലനായ എൻ. ഗോവിന്ദൻകുട്ടിയോടു 'ധൈര്യമുണ്ടെങ്കിൽ വാടാ' എന്നു പറയണം. ഇതു പറയേണ്ട ഞാൻ ഭയന്നു വിറച്ച് ഇരിക്കുകയാണ്. നമ്മുടെ ഈ കഷ്ടപ്പാട് അറിയാമായിരുന്ന സേതുമാധവൻ റിഹേഴ്സലിനു കയറിടേക്ക് എടുത്താണ് സീൻ പൂർത്തിയാക്കിയത്.

സിബിഐ ഡയറിക്കുറിപ്പ് ചെയ്യുമ്പോൾ അതിലും വില്ലൻ കഥാപാത്രമാണ്. എന്നാൽ അന്നു ഞാൻ എസ്.എൻ. സ്വാമിയോടു ചോദിച്ചു. സ്വാമി ഇതു ഞാൻ എന്റേതായ രീതിയിൽ ഒന്നു ചെയ്യട്ടെ. ഒരു കോട്ടയം അച്ചായനായി കുറച്ചു തമാശയൊക്കെ പറഞ്ഞ്. അതിനെന്താടാ നീ ചെയ്തോ എന്നായിരുന്നു സ്വാമിയുടെ മറുപടി.



അങ്ങനെയാണ് കോമഡി കലർന്ന വില്ലനായി അതിൽ എത്തുന്നത്. മേലേപ്പറമ്പിൽ ആൺവീടിലൂടെ എന്റെ ചിരിവര പൂർണമായി. പിന്നെ എത്രയോ ചിത്രങ്ങൾ. ഇതിനിടയ്ക്ക് ചില നല്ല ക്യാരക്ടർ റോളുകൾ കൂടി ചെയ്തു. ധ്രുവത്തിലെ ഡിഐജി മാരാർ, വാഴുന്നോരിലെ തേവക്കാട്ട് അവറാച്ചൻ ഇതൊക്കെ ഓർത്തിരിക്കുന്ന വേഷങ്ങളാണ്. രണ്ടും ജോഷി ചിത്രങ്ങൾ.

എന്നിലെ തമാശ നടനെ ഏറ്റവും നന്നായി ഉപയോഗിച്ചത് സിദ്ദിഖ്-ലാൽ ആണ്. അവർ എന്റെ ശബ്ദത്തിലാണ് ഡയലോഗുകൾ പോലും എഴുതിയിരുന്നത്. ഇംപ്രൊവൈസേഷൻ എന്നതും അവരുടെ വലിയ പ്രത്യേകതയായിരുന്നു. കാബൂളിവാല, മാന്നാർ മത്തായിയിലെ ഗർവാസീസ് ആശാൻ അങ്ങനെ എത്രയോ ചിത്രങ്ങൾ.

ഇ.കെ. നായനാരായി അഭിനയിക്കുമ്പോഴാണ് ഏറ്റവും പവർഫുളായി തോന്നിയിട്ടുള്ളത്. ഏകലവ്യൻ സിനിമ കാണുമ്പോൾ സുഹൃത്തുക്കൾ പറയും, അദ്ദേഹം മരിച്ചിട്ടില്ലെന്ന് ഇതു കണ്ടാൽ തോന്നുമെന്ന്. വിഎസ്സായി ഒരു സിനിമയിൽ ഞാൻ വന്നത് അദ്ദേഹത്തിനു ചെറിയ നീരസമുണ്ടാക്കിയിരുന്നു. എന്നാൽ കരുണാകരൻ തലസ്ഥാനം കണ്ടശേഷം എന്നെ കെട്ടിപ്പിടിച്ചു. കിട്ടിയ വേഷങ്ങൾ എല്ലാം അലമ്പാതെ ഞാൻ ചെയ്തിട്ടുണ്ട്.

വായനയിലാണ് ഇപ്പോൾ കൂടുതൽ സമയവും ചെലവഴിക്കുന്നത്. ലാപ്ടോപ്പിലും ഒടിടിയിലുമാണ് സിനിമ കാണുന്നത്. മക്കൾ ഒപ്പമില്ലാത്തതിനാൽ വലിയ വീട് മാനേജ് ചെയ്യാനുള്ള ബുദ്ധിമുട്ടുകൊണ്ട് പഴയ വീടിനോടു ചേർന്നു കുറച്ചു മാറിയുള്ള വീട്ടിലേക്ക് ഇപ്പോൾ മാറി.

സഹായി ഷമീർ ഖാൻ ഡ്രൈവിങ് മുതൽ എല്ലാ കാര്യങ്ങളും നോക്കാൻ ഒപ്പമുണ്ട്. ഏകാന്തതയുണ്ടെങ്കിലും വായനയൊക്കെയായി അതു മറികടക്കുന്നു.

# എസ്ഐആർ ഡേറ്റാബേസിൽ ഗുരുതരപിഴവുകൾ

തിരുവനന്തപുരം: കേരളത്തിൽ വോട്ടർപട്ടിക തീവ്രപരിഷ്കരണത്തിനുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഡേറ്റാബേസിൽ ഗുരുതരപിഴവുകൾ. വീട്ടുനമ്പർ 'പൂജ്യ'മായ വിലാസങ്ങൾ ഒറ്റപ്പെട്ട സംഭവമല്ല. ചില ബൂത്തുകളിൽ 10 മുതൽ 30 വരെ വോട്ടർമാരുടെ വീട്ടുനമ്പർ പൂജ്യമാണ്. ചിലരുടെ വിലാസത്തിൽ വീട്ടുപേരുമില്ല. പൂജ്യം എന്നുമാത്രമേയുള്ളൂ. ബിഎൽഒമാർക്കു നൽകിയ എന്യൂമറേഷൻ ഫോമുകളിൽ 80 ശതമാനത്തിലും വിലാസം അപൂർണമാണ്.

ഒരേവീട്ടിലുള്ള രണ്ടുപേരുടെ വീട്ടുനമ്പർ പൂജ്യമായി രേഖപ്പെടുത്തിയിരിക്കുമ്പോൾ മൂന്നാമന്റേത് കൃത്യമാണെന്ന വൈരുധ്യവുമുണ്ട്. വോട്ടർ ഐഡി കാർഡുകളിൽ ഓരോ വോട്ടറുടെയും വിലാസം കൃത്യമായി രേഖപ്പെടുത്തിയിരിക്കേ, 2025-ലെ പട്ടികയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന ഫോമുകളിൽ 'പൂജ്യം' വിലാസം ആയതെങ്ങനെയെന്ന് ചോദ്യമുയരുന്നു. ബിഎൽഒമാർക്ക് കണ്ടെത്താനാകാത്ത വോട്ടർമാർ സ്വാഭാവികമായും എസ്ഐആറിനുശേഷം പട്ടികയിൽനിന്ന് പുറത്തുപോകും. പൂജ്യം വിലാസങ്ങൾ, വീടില്ലാത്തവരും തദ്ദേശസ്ഥാപനങ്ങൾ വീട്ടുനമ്പർ നൽകാത്തവരുമാണെന്നായിരുന്നു ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി മുൻപ് ആരോപണമുന്നയിച്ചപ്പോൾ നൽകിയ വിശദീകരണം. എന്നാൽ, അങ്ങനെയല്ലാത്തവരുമുണ്ടെന്ന് ഇപ്പോൾ വ്യക്തം.

# ബാലറ്റ് പെട്ടികൾ നാടുവിട്ടു

കോട്ടയം: ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ബൂത്ത് കീഴടക്കിയതോടെ പഴയ ബാലറ്റ് പെട്ടികൾ നാടുവിട്ടു. ബാലറ്റ് കടലാസിൽ വോട്ട് രേഖപ്പെടുത്തി മടക്കി കടും പച്ചനിറമുള്ള പെട്ടിയിലിട്ട് അവ ഓരോന്നും എണ്ണി തിട്ടപ്പെടുത്തുന്ന കാലം ഇനി വരില്ല. ലോക്സഭാ തെരഞ്ഞെടുപ്പിലെ വോട്ട് എണ്ണിത്തീർക്കാൻ മൂന്നും നാലും ദിവസം വേണ്ടിവന്ന കാലമുണ്ട്. യന്ത്രം വന്ന ശേഷവും ബാലറ്റ് കടലാസിൽ കുത്തി തദ്ദേശ വോട്ടെടുപ്പുകൾ നടത്തുന്ന ചില സംസ്ഥാനങ്ങൾ ഇപ്പോഴുമുണ്ട്. കേരളത്തിൽ പൊടിപിടിച്ചു കിടന്ന പെട്ടികളിലേറെയും അങ്ങനെ മറുനാടുകളിലേക്കു പോയി. രാജ്യത്തിനു സ്വാതന്ത്ര്യം ലഭിച്ചതിനു പിന്നാലെ 1951 ഒക്ടോബർ 25-നും 1952 ഫെബ്രുവരി 21-നും ഇടയിലാണ് ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് നടന്നത്. അതിലേക്ക് 12 ലക്ഷം ഉരുക്കു നിർമ്മിത പെട്ടികളാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ നിർമ്മിച്ചത്.

പിന്നീട് ഓരോ സംസ്ഥാനങ്ങൾക്കായി തെരഞ്ഞെടുപ്പു കമ്മീഷൻ ലക്ഷക്കണക്കിന് പെട്ടികൾ നിർമ്മിച്ചു നല്കി. ആൽവിൻ, ഓറിയന്റൽ കമ്പനികളായിരുന്നു പ്രധാന നിർമ്മാതാക്കൾ. ബാങ്കുകളിലെ പണപ്പെട്ടികൾ പോലെ ഭദ്രമായിരുന്നു പഴയ ബാലറ്റ് പെട്ടി. ബാലറ്റ് കടലാസ് പെട്ടിയിൽ വീണാൽ പിന്നെ തുറക്കണമെങ്കിൽ താക്കോൽ സൂക്ഷിക്കുന്ന വരണാധികാരിക്കേ പറ്റൂ. 2005-ലെ തദ്ദേശ തെരഞ്ഞെടുപ്പിൽ വരെ കേരളം പെട്ടിയിലാണ് വോട്ടിട്ടത്.

പഞ്ചായത്ത് തെരഞ്ഞെടുപ്പിനും വോട്ടിംഗ് യന്ത്രം ഉപയോഗിച്ചതോടെ ബാലറ്റ് പെട്ടികൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ബാധ്യതയായി. ന്യൂജെൻ വോട്ടർമാർ പഴയ ബാലറ്റ് പെട്ടി കണ്ടിട്ടേയുണ്ടാകില്ല. സർക്കാരിന്റെ മറ്റു സാമഗ്രികൾ പോലെ ഉപയോഗശൂന്യമായ തെരഞ്ഞെടുപ്പ് സാമഗ്രികൾ ലേലം ചെയ്യാൻ വകുപ്പില്ലാത്തതിനാൽ ബാലറ്റ് പെട്ടികൾ വിൽക്കാൻ തരമില്ല. സ്വകാര്യ തെരഞ്ഞെടുപ്പുകൾക്ക് ബാലറ്റ് പെട്ടികൾ വാടകയ്ക്കു നല്കാറുണ്ട്. രാഹുൽഗാന്ധി യൂത്ത് കോൺഗ്രസിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ ഭാരവാഹികളെ തെരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പിൽ ഉപയോഗിച്ചത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ബാലറ്റ് പെട്ടികളാണ്.

# ചന്ദ്രയാൻ 4 ദൗത്യം 2028-ൽ

ന്യൂഡൽഹി: 2028-ൽ ചന്ദ്രയാൻ 4 ദൗത്യം യാഥാർത്ഥ്യമാകുമെന്ന് ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു. ചന്ദ്രനിൽനിന്ന് സാംപിളുകൾ ശേഖരിച്ച് ഭൂമിയിൽ തിരിച്ചെത്തിക്കുന്നതാണ് ഈ ദൗത്യം.

പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയെന്നും വി. നാരായണൻ അറിയിച്ചു. ഇന്ത്യ ഇന്നുവരെ കൈക്കൊണ്ടിട്ടുള്ളതിൽ ഏറ്റവും സങ്കീർണമായ ചന്ദ്രദൗത്യമായിരിക്കും ഇത്. പൂർത്തീകരിക്കുന്നതോടെ ചന്ദ്രനിൽനിന്ന് സാംപിൾ തിരികെ കൊണ്ടുവരുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറും.

ജപ്പാൻ ബഹിരാകാശ ഏജൻസി ജാക്സയുമായി ചേർന്നുള്ള ചാന്ദ്രധ്രുവ പര്യവേക്ഷണ ദൗത്യമായ 'ലുപെക്സും' സമീപഭാവിയിലെ മറ്റൊരു നിർണായക പദ്ധതിയാണ്. ഈ സാമ്പത്തിക വർഷം ഏഴ് വിക്ഷേപണങ്ങൾ കൂടി ലക്ഷ്യമിട്ടിരിക്കുകയാണ് ഐഎസ്ആർഒ.

# വിവരാവകാശ മറുപടിയിൽ ഇനി വ്യക്തിവിവരമില്ല

ന്യൂഡൽഹി: വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷയ്ക്കു പൊതുതാൽപര്യമുണ്ടെങ്കിൽ പോലും ഇനി ആരുടെയും വ്യക്തിഗത വിവരങ്ങൾ മറുപടിയായി ലഭിക്കില്ല. പുതിയ ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാ നിയമത്തിന്റെ ഭാഗമായി 2005-ലെ വിവരാവകാശ നിയമത്തിൽ വരുത്തിയ വിവാദ ഭേദഗതി നവംബർ 13-ന് വ്യാഴാഴ്ച പ്രാബല്യത്തിലായി. ഇതു വിവരാവകാശ നിയമത്തെ കൂടുതൽ ദുർബലമാക്കുമെന്നാണ് ആശങ്ക. വ്യക്തിഗത വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന കാരണത്താൽ മറുപടി നിഷേധിക്കാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് അധികാരം നൽകുന്നതാണ് വ്യവസ്ഥ. ഇതിനെതിരെ കോൺഗ്രസ് അടക്കമുള്ള പാർട്ടികളും മാധ്യമ സംഘടനകളും ശബ്ദമുയർത്തിയിരുന്നു.

ഇതുവരെയുള്ള നിയമമനുസരിച്ച് പൊതുതാൽപര്യമില്ലാത്തതും വ്യക്തികളുടെ സ്വകാര്യതയിന്മേലുള്ള കടന്നുകയറ്റത്തിന് സാധ്യതയുള്ളതുമായ വ്യക്തിവിവരങ്ങൾ മറുപടിയായി നൽകേണ്ടതില്ല. എന്നാൽ, പുതിയ ഭേദഗതി പ്രകാരം പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ പോലും വ്യക്തിഗത വിവരങ്ങൾ നൽകേണ്ടതില്ല.

# സീറ്റ് നിഷേധിച്ചതിന് ആർഎസ്എസ് നേതാവ് ജീവനൊടുക്കി

തിരുവനന്തപുരം: ബിജെപി ആർഎസ്എസ് തലപ്പത്ത് മണ്ണു മാഫിയ പിടി മുറുക്കിയതിനാൽ തനിക്ക് സ്ഥാനാർത്ഥിത്വം ലഭിച്ചില്ലെന്ന കുറിപ്പെഴുതി ആർഎസ്എസ് പ്രാദേശിക നേതാവ് ജീവനൊടുക്കി.

തിരുവനന്തപുരം കോർപ്പറേഷനിൽ ബിജെപിയുടെ സിറ്റിങ് വാർഡായ തൃക്കണ്ണാപുരത്ത് സീറ്റ് കിട്ടാതെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കാനൊരുങ്ങിയ ആനന്ദ് കെ. തമ്പി (40) ആണ് മരിച്ചത്.

തൃക്കണ്ണാപുരം പ്ലാവിള ജയ്നഗറിലെ വീടിനു പിന്നിലെ ഷെഡ്ഡിൽ തൂങ്ങിയ നിലയിൽ കണ്ടെത്തി. ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

ആർഎസ്എസ് തിരുമല ഉപനഗരത്തിന്റെ ശാരീരിക് പ്രമുഖ്, സഹകാര്യവാഹക് തുടങ്ങിയ ചുമതലകൾ വഹിച്ചിരുന്നു.

ബിജെപി ഏരിയാ പ്രസിഡണ്ട് നിയോജകമണ്ഡലം കമ്മിറ്റി അംഗം, ആർഎസ്എസ് നഗർ ഭാരവാഹി എന്നിവർ മണ്ണുമാഫിയയുടെ ഭാഗമാണെന്നും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് അധികാരസ്ഥാനത്ത് ആളെക്കിട്ടാനായി സ്ഥാനാർത്ഥിനിർണ്ണയം ഉപയോഗപ്പെടുത്തിയ ഇവരാണ് സീറ്റ് നിഷേധിച്ചതെന്നും സുഹൃത്തുക്കൾക്ക് വാട്സ്ആപ്പിൽ അയച്ച ആത്മഹത്യാകുറിപ്പൽ ആരോപിക്കുന്നു.

സഹകരണസംഘം ക്രമക്കേടിൽ നേതാക്കളെ പ്രതിക്കൂട്ടിലാക്കി ബിജെപി കൗൺസിലർ തിരുമല അനിൽ ആത്മഹത്യ ചെയ്ത് രണ്ട് മാസം പിന്നിടുമ്പോഴാണ് കോർപ്പറേഷന്റെ പരിധിയിൽ മറ്റൊരു ആത്മഹത്യ കൂടി നടന്നത്.

# A LEGACY UNDER SIEGE

(from page 22)

These institutions were created to preserve and promote India's diverse linguistic and artistic heritage.

Nehru established institutions such as the Planning Commission, IITs, IIMs, UGC, CSIR, AIIMS, and cultural academies. Today, the BJP has abolished or restructured some of these educational and cultural bodies and filled them with ideologically aligned members. Yet, core institutions like the IITs, AIIMS, and CSIR remain strong and continue to embody Nehru's scientific and academic spirit. This resilience of Nehru's educational and scientific legacy, despite the political challenges, should reassure us that his vision for India's progress is deeply rooted and will continue to guide us.

Undoubtedly, Nehru helped to build institutions that stood the test of time. The emerging nations of his era — such as Yugoslavia, Egypt, and Ghana — failed in this regard, and the results are evident for all to see. Nehru's vision and leadership were critical in shaping India as we know it today. According to Journey of a Nation, edited by Anand Sharma, Nehru laid the foundation of a self-reliant, productive, and confident India, creating many of its institutions and leaving an indelible stamp on every aspect of the country.

It has been said, "History is not merely a record of the past; it is the moral compass of a nation. Those who attempt to erase it often underestimate the resilience of ideas rooted in truth and justice. Nehru's idea of India, democratic, secular, inclusive, and forward-looking, has withstood wars, political upheavals, and ideological assaults because it rests on universal human values. His legacy is not confined to statues or institutions bearing his name; it lives in the Constitution, in the scientific temper of the Indian mind, and in the freedom that allows dissent and diversity to flourish".

As India stands at another crossroads, the choice is not between Nehru and any individual leader, but between two competing visions of the Republic, one narrow and exclusionary, the other broad and humane. To remember Nehru is not an act of reminiscence; it is an affirmation of the moral and intellectual foundations on which modern India was built. His light, though dimmed by political hostility, continues to guide the nation, hopefully, toward reason, unity, and progress.

# ഭീകരാക്രമണമെന്ന് എൻഐഎ

(3-ാം പേജിൽനിന്നും)

എന്നാൽ സംഭവസ്ഥലത്തുനിന്ന് തോക്കോ അതിന്റെ ബാക്കി ഭാഗങ്ങളോ കണ്ടെത്തിയിട്ടില്ല. പൊട്ടിത്തെറിച്ച കാർ ഓടിച്ച ഡോ. ഉമർ നബിയുടെതാണോ ലഭിച്ച ബുള്ളറ്റ് എന്നതടക്കമുള്ള കാര്യത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

അതേസമയം സ്ഫോടനത്തിൽ ക്രിമിനൽ ഗൂഢാലോചന പ്രകാരം പുതിയ എഫ്ഐആർ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഫോടനത്തെത്തുടർന്ന് അടച്ച റെഡ് ഫോർട്ട് വീണ്ടും തുറന്നെങ്കിലും ഈ പ്രദേശത്തെ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. സ്ഫോടനത്തെത്തുടർന്ന് അടച്ച ലാൽ കില മെട്രോ സ്റ്റേഷനിലെ ഗേറ്റുകൾ തുറന്നതായും അധികൃതർ അറിയിച്ചു.

ചെങ്കോട്ട സ്ഫോടനത്തിനായി ഭീകരവാദികൾ 30 മുതൽ 40 വരെ അമോണിയം നൈട്രേറ്റ് ഉപയോഗിച്ചതായാണ് അന്വേഷണസംഘത്തിന്റെ കണ്ടെത്തൽ.

# സത്യപ്രതിജ്ഞ 20-ന്

(3-ാം പേജിൽനിന്നും)

എൻഡിഎയിലെ പ്രധാന പാർട്ടികളായ ബിജെപിയും ജെഡിയുവും മികച്ച പ്രകടനമാണ് തെരഞ്ഞെടുപ്പിൽ കാഴ്ചവെച്ചത്. ഇരുപാർട്ടികളും 101 സീറ്റുകളിൽ വീതമാണ് മത്സരിച്ചത്. ബിജെപി 89 സീറ്റുകൾ നേടിയപ്പോൾ ജെഡിയു 85 സീറ്റുകൾ നേടി. മുഖ്യ പ്രതിപക്ഷമായ ആർജെഡിക്ക് 25 സീറ്റുകൾ മാത്രമാണ് ലഭിച്ചത്. അതേസമയം 61 സീറ്റുകളിൽ മത്സരിച്ച കോൺഗ്രസ് ആറ് സീറ്റുകളിൽ മാത്രമാണ് വിജയിച്ചത്.

നിതീഷ് കുമാറിന്റെ സർക്കാരിൽ ബിജെപിയിൽനിന്ന് 16 മന്ത്രിമാരും ജെഡിയുവിൽനിന്ന് 14 മന്ത്രിമാരും 20-ന് വ്യാഴാഴ്ച സത്യപ്രതിജ്ഞ ചെയ്യുമെന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ചെറു സഖ്യകക്ഷികളായ എൽജെപി (ആർവി), എച്ച്എഎം-എസ്, ആർഎൽഎം എന്നിവയ്ക്കും മന്ത്രിസഭയിൽ സ്ഥാനമുണ്ടാകും.

ബിഹാറിൽ 243 സീറ്റുകളിൽ 202 നേടിയാണ് എൻഡിഎ വീണ്ടും ഭരണത്തിലേറുന്നത്. സ്ത്രീവോട്ടർമാരുടെ പരിപൂർണ പിന്തുണയാണ് എൻഡിഎ സർക്കാരിന്റെ ഉജ്വലവിജയത്തിന് ആധാരം. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു തൊട്ടുമുമ്പാണ് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് 1.27 കോടി സ്ത്രീകളുടെ അക്കൗണ്ടിലേക്ക് 10,000 രൂപ വീതം സർക്കാർ കൈമാറിയത്. വിജയിക്കുന്ന സംരംഭകർക്ക് രണ്ടു ലക്ഷം രൂപയുംകൂടി നൽകുമെന്ന വാഗ്ദാനവും നിതീഷിന് അനുകൂലമായ വോട്ടായി മാറി. എക്സിറ്റ് പോൾ പ്രവചനങ്ങൾക്കപ്പുറമുള്ള വിജയമാണ് എൻഡിഎ നേടിയത്. എൻഡിഎയുടെ വിജയക്കുതിപ്പിൽ മഹാഗഡ്ബന്ധൻ തകർന്നടിഞ്ഞു.

എൻഡിഎ പക്ഷത്തെ പ്രമുഖരെല്ലാം വിജയിച്ചു. ആർജെഡി നേതാവ് തേജസ്വി യാദവ് വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽ പിന്നിലായിരുന്നു. ഒടുവിൽ തേജസ്വി വിജയിച്ചു കയറി. എന്നാൽ, സഹോദരൻ തേജ് പ്രതാപ് മൂന്നാം സ്ഥാനത്തായി. വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിലും മുന്നേറ്റം കാഴ്ചവെക്കാൻ മഹാഗഡ്ബന്ധനായില്ല. പത്തു ശതമാനം അംഗങ്ങളെ ജയിപ്പിക്കാൻ കഴിഞ്ഞ ആർജെഡിക്ക് പ്രതിപക്ഷനേതൃസ്ഥാനം ലഭിക്കുമെന്നതു മാത്രം ആശ്വാസമായി.

ബിജെപി, ജെഡി-യു കക്ഷികളിൽ ആര് കൂടുതൽ സീറ്റ് നേടുമെന്നതു മാത്രമായി ഒരു ഘട്ടം കഴിഞ്ഞപ്പോൾ വോട്ടെണ്ണലിന്റെ കൗതുകം. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും ഒരേപോലെ എൻഡിഎയുടെ മുന്നേറ്റമാണുണ്ടായത്. സീമാഞ്ചൽ മേഖലയിൽപോലും മഹാഗഡ്ബന്ധനു പിടിച്ചുനിൽക്കാനായില്ല.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


PARADISE AUDIO MINISTRIES
FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം
ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH | ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
··· COMING SOON ···

MALAYALEE RADIOGRAPHERS ASSOCIATION OF CHICAGO
MRA

# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ (MRA) സിൽവർ ജൂബിലി സമ്മേളനം നവംബർ 23-ന് ചിക്കാഗോയിൽ

## മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് മുഖ്യാതിഥി

**ജിതേഷ് ചുങ്കത്ത്**

ചിക്കാഗോ: ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന അമേരിക്കൻ മലയാളി റേഡിയോളജി പ്രൊഫഷണലുകളുടെ അഭിമാന സംഘടനയായ മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷന്റെ (MRA) സിൽവർ ജൂബിലി സമ്മേളനം (25th Anniversary) 2025 നവംബർ 23-ന് ഞായറാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് നോർത്ത് ബ്രൂക്കിലെ സെഞ്ചുറിയൻ ബാങ്ക്വറ്റ് ഹാളിൽ (3315 Milwaukee Ave, Northbrook, IL 60062) വെച്ച് നടത്തപ്പെടുന്നു.

25 വർഷങ്ങൾക്കു മുമ്പ് ജോർജ് നെല്ലാമറ്റത്തിന്റെ നേതൃത്വത്തിൽ ചിക്കാഗോയിൽ രൂപംകൊണ്ട ഈ സംഘടന ഇന്ന് അമേരിക്കൻ മലയാളി റേഡിയോളജി രംഗത്ത് ശക്തമായ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് വളർന്നു കഴിഞ്ഞു. നൂറുകണക്കിന് അംഗങ്ങളെ പ്രതിനിധീകരിക്കുന്ന ഈ സംഘടന എക്സ്റേ, എംആർഐ, സിടി, അൾട്രാസൗണ്ട്, ന്യൂക്ലിയർ മെഡിസിൻ, റേഡിയേഷൻ തെറാപ്പി, റേഡിയേഷൻ ഫിസിക്സ്, ഡയഗണോസ്റ്റിക് റേഡിയോളജി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന അനവധി മലയാളി പ്രൊഫഷണലുകളെ പ്രതിനിധീകരിക്കുന്നു.

വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയമായ എംആർഎയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ ഗംഭീരമാക്കുവാൻ പ്രസിഡണ്ട് സോണി പോൾ, സെക്രട്ടറി ജ്യോതിഷ് തെങ്ങനാട്ട്, ട്രഷറർ റിച്ചിൻ പി. തോമസ്, വൈസ് പ്രസിഡണ്ട് ജോണി ജേക്കബ് തോട്ടപ്ലാക്കൽ, ജോയിന്റ് സെക്രട്ടറി റോമി നെടുംചിറ, പിആർഒ ജിതേഷ് ചുങ്കത്ത് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

അമേരിക്കൻ മലയാളികളുടെ അഭിമാനവും മുൻ റേഡിയോളജി പ്രൊഫഷണലുമായ മിസോറി സിറ്റി (ടെക്സസ്) മേയർ റോബിൻ ഇലക്കാട്ട് സമ്മേളനത്തിൽ മുഖ്യാതിഥിയായിരിക്കും. ചിക്കാഗോയിലെ ആതുരസേവന രംഗത്തെ പ്രതിനിധീകരിച്ച് വിവിധ അസോസിയേഷനുകളുടെ പ്രതിനിധികളും പ്രസ്തുത ആഘോഷങ്ങളിൽ പങ്കുചേരും.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നാളിതുവരെ ഈ സംഘടനയ്ക്ക് നേതൃത്വം നല്കിയ മുൻ പ്രസിഡണ്ടുമാരായ ജോർജ് നെല്ലാമറ്റം, ബിജി സി. മാണി, ചാക്കോ തോമസ് മറ്റത്തിപറമ്പിൽ, ജോർജ് തോട്ടപ്പുറം, ജോസഫ് (തമ്പി) വിരുത്തക്കുളങ്ങര, ജിതേഷ് ചുങ്കത്ത്, റ്റിനു പറഞ്ഞാട്ട്, പോൾസൺ കുളങ്ങര, രാജു ഏബ്രഹാം, മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, സോണി പോൾ എന്നിവരെയും റേഡിയോളജി രംഗത്ത് നിസ്തുലമായ സേവനം അനുഷ്ഠിച്ച് വിരമിച്ചവരെയും പ്രത്യേകം ആദരിക്കുന്നതാണ്.

വൈവിധ്യമാർന്ന കലാപരിപാടികൾ, ഗാനമേള, ബാങ്ക്വറ്റ് ഡിന്നർ എന്നിവ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് നിറം പകരും. റേഡിയോളജി രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരേയും കുടുംബസമേതം എംആർഎയുടെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരുവാൻ സ്വാഗതം ചെയ്യുന്നു.


മേയർ റോബിൻ ഇലക്കാട്ട് (മുഖ്യാതിഥി)


സോണി പോൾ (പ്രസിഡണ്ട്)


ജ്യോതിഷ് തെങ്ങനാട്ട് (സെക്രട്ടറി)


റിച്ചിൻ പി. തോമസ് (ട്രഷറർ)


ജോണി ജേക്കബ് തോട്ടപ്ലാക്കൽ (വൈസ് പ്രസിഡണ്ട്)


റോമി നെടുംചിറ (ജോയിന്റ് സെക്രട്ടറി)


ജോർജ് നെല്ലാമറ്റം (സ്ഥാപക പ്രസിഡണ്ട്)


ജിതേഷ് ചുങ്കത്ത് (പിആർഒ/മുൻ പ്രസിഡണ്ട്)


ബിജി സി. മാണി (മുൻ പ്രസിഡണ്ട്)


ചാക്കോ തോമസ് മറ്റത്തിപറമ്പിൽ (മുൻ പ്രസിഡണ്ട്)


ജോസഫ് (തമ്പി) വിരുത്തക്കുളങ്ങര (മുൻ പ്രസിഡണ്ട്)


ജോർജ് തോട്ടപ്പുറം (മുൻ പ്രസിഡണ്ട്)


പോൾസൺ കുളങ്ങര (മുൻ പ്രസിഡണ്ട്)


രാജു ഏബ്രഹാം (മുൻ പ്രസിഡണ്ട്)


റ്റിനു പറഞ്ഞാട്ട് (മുൻ പ്രസിഡണ്ട്)


മാറ്റ് വിലങ്ങാട്ടുശ്ശേരിൽ (മുൻ പ്രസിഡണ്ട്)

**വിശദ വിവരങ്ങൾക്ക്:**
**സോണി പോൾ (പ്രസിഡണ്ട്)– 224–766–6050, ജ്യോതിഷ് തെങ്ങനാട്ട് (സെക്രട്ടറി)– 847–922–6306, റിച്ചിൻ പി. തോമസ് (ട്രഷറർ)– 312–206–7103, ജോണി ജേക്കബ് തോട്ടപ്ലാക്കൽ (വൈസ് പ്രസിഡണ്ട്)– 630–656–8454, റോമി നെടുംചിറ (ജോയിന്റ് സെക്രട്ടറി)– 773–344–2021**

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**